

വെസ്റ്റ് ഏളേരി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന റിപ്പോർട്ട്




152-6

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന റിപ്പോർട്ട്



വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

1996 നവംബർ 30



''എന്റെ ജീവിതമാണ്
എന്റെ സന്ദേശം''

ഗാന്ധിജി.

എഡിറ്റർ.

കെ. പി. കുഞ്ഞമ്പു മാസ്റ്റർ.

○○

എഡിറ്റോറിയൽ ബോർഡ്.

എം. വി. മേരി
യു. കരുണാകരൻ മാസ്റ്റർ
കെ. പി. നാരായണൻ
എ. ജി. അബ്ദുൽനാസ്സർ
എം. കെ. ദിവാകരൻ മാസ്റ്റർ
എ. സി. ജോസ്
മാത്യു വർക്കി
വി. തമ്പായി
ഡോ: കെ. എം. സതീശൻ
അബ്ദുൽസലാം
തോമസ് ടി. സി.
ദേവരാജൻ

○○

പ്രിൻറിംഗ്;

ഗാലക്സി പ്രിൻറിംഗ് പ്രസ്സ്,
കുന്നുംകൈ.

ഫോൺ: 613157.

○○



''എല്ലാവരുടേയും
അത്യാവശ്യങ്ങൾ നിറവേറാൻ
വേണ്ട വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്,
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും.

—മഹാത്മഗാന്ധി.




വിഷയ വിവരം

1 ആമുഖം
2 പഞ്ചായത്ത് പൊതുവിവരണം
3 സാമൂഹ്യ സാംസ്ക്കാരിക ചരിത്രം
4 ഭൂപ്രകൃതി
5 സാമൂഹ്യ സാമ്പത്തിക മേഖലകൾ
- 5.1 കൃഷിയും ജലസേചനവും
- 5.2 മൃഗസംരക്ഷണം
- 5.3 വ്യവസായം
- 5.4 വിദ്യാഭ്യാസം
- 5.5 കുടിവെള്ളം
- 5.6 ഗതാഗതം ഊർജ്ജം
- 5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും
- 5.8 സംസ്ക്കാരം
- 5.9 വനിത
- 5.10 സഹകരണം
- 5.11 പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം
- 5.12 വിഭവ സമാഹരണം

6 ഉപസംഹാരം

മുൻ പ്രസിഡണ്ടുമാർ




പയിനി ചാത്തുനായർ
(1953-63)



എൻ. എം. മണി
(1969-79)



കെ. കുഞ്ഞമ്പു
(1979-84)




എൻ ജെ. ജോർജ്ജ്
(1988-95)

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ



എ. സി. അബു
പെരുമ്പട്ട ഡിവിഷൻ




സാബു അബ്രഹാം
നർക്കിലക്കാട് ഡിവിഷൻ

ഞങ്ങളോട് ആത്മാർത്ഥമായി സഹകരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത കീ - റിസോഴ്സ് പേഴ്സൺ **കെ. കെ. രാഘവൻ മാസ്റ്റർക്ക്** നന്ദി രേഖപ്പെടുത്തുന്നു.

എഡിറ്റോറിയൽ ബോർഡ്.


നിലവിലുള്ള ഭരണ സമിതി

പ്രസിഡണ്ട്



എൽ. കെ. അസിനാർ

വൈസ് പ്രസിഡണ്ട്



ടി. പി. അബ്ദുൽകരീം

പഞ്ചായത്ത് മെമ്പർമാർ




എ. ജി. അബ്ദുൽനാസർ
2-ാം വാർഡ്



മാത്യുവർക്കി
സ്റ്റാൻറിങ്ങ് കമ്മിറ്റി
ചെയർമാൻ



മേരിക്കുട്ടി ജോർജ്
4-ാം വാർഡ്



പി. ആർ. ചാക്കോ [
5-ാം വാർഡ്



അന്നമ്മ ടീച്ചർ
6-ാം വാർഡ്




തമ്പായി മാധവൻ
8-ാം വാർഡ്




ചെമ്പൻ നെല്ലിക്കാട്ട്
9-ാം വാർഡ്



രാജമ്മ തങ്കച്ചൻ
10-ാം വാർഡ്



എൻ. ജെ. ജോർജ്
11-ാം വാർഡ്



1

ആമുഖം

1947 ആഗസ്ത് 15 കൊളോണിയൽ നുകത്തിൽ നിന്ന് ഭാരതം സ്വതന്ത്രമായ സുദിനം! ഭാരതം സ്വാതന്ത്ര്യം നേടിയെടുത്തത് ഐതിഹാസികമായ സമരപോരാട്ടങ്ങളിലൂടെയാണ്. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്. അതുകൊണ്ടാണ് ഗ്രാമസ്വരാജിലൂടെ മാത്രമേ ഇന്ത്യയിലെ ദരിദ്ര ജനകോടികളുടെ മോചനം സാദ്ധ്യമാകൂ എന്ന് രാഷ്ട്രപിതാവായ മഹാത്മഗാന്ധിജി പ്രഖ്യാപിച്ചത്. സ്വാശ്രയത്തിലൂടെ ജനങ്ങളുടെ കൂട്ടായ്മയാണ് മഹാത്മജി വിഭാവനം ചെയ്തത്.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ്. അത് നീതിപൂർവ്വകമായ വിതരണത്തിലൂടെ സ്ഥായിയും ദ്രുതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ചയാണ്. കഴിഞ്ഞ നാല്പത്തി ഒമ്പത് വർഷങ്ങളായി അധികാരവും ആസൂത്രണവും മുകളിൽ നിന്ന് കീഴോട്ടൊഴുകി. ജനകീയാവശ്യങ്ങളിൽ തീരുമാനമെടുക്കാനും നടപ്പിലാക്കാനുമുള്ള പങ്കു വഹിക്കാൻ സാധാരണക്കാരന് കഴിയാത്ത അവസ്ഥ. എട്ടു പദ്ധതികളിലൂടെ നമ്മുടെ രാജ്യം വികസനരംഗത്ത് വൻനേട്ടങ്ങൾ നേടിയിട്ടുണ്ട്. എന്നാൽ ഗ്രാമീണ ജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാന ഉപാധികളുടെ വികാസം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നിന്നും വളരെ താഴെയാണ്.

നമ്മുടെ സംസ്ഥാനത്ത് വികസന പ്രക്രിയയുടെ വളരെയേറെ പ്രകീർത്തിക്കപ്പെട്ട ഒരു വശമാണ് ആരോഗ്യ വിദ്യാഭ്യാസ പൊതുവിതരണ രംഗത്തെ നേട്ടങ്ങൾ. ഭൂപരിഷ്ക്കരണം പോലുള്ള പുരോഗമന നടപടികളും കാലാകാലങ്ങളിൽ മാറി വരുന്ന സർക്കാരുകളുടെ ബാധപൂർവ്വമായ സാമൂഹ്യ ഇടപെടലിലൂടെ ജനസാമാന്യത്തിന്റെ ജീവിത നിലവാരം ഉയർത്താമെന്നും സാമ്പത്തിക പിന്നോക്കാവസ്ഥ ഒരു പ്രശ്നമല്ലെന്നും കേരളം തെളിയിച്ചു.

എന്നാൽ സാമ്പത്തിക വിതരണത്തിന്റെ മേഖലയിൽനിന്ന് സാമ്പത്തിക ഉല്പാദനത്തിന്റെ മേഖലയിലേക്ക് നീങ്ങുമ്പോഴാണ് കേരളത്തിന്റെ വികസനത്തിന്റെ ദൗർബല്യം വെളിവാകുന്നത്. സേവന മേഖലകളിലെ ഗുണ നിലവാരം താണുകൊണ്ടിരിക്കുന്നു. ഉല്പാദന മേഖലയിലെ മുരടിപ്പും തൊഴിലില്ലായ്മയും ഭയാനകമായി ഉയർന്നു കൊണ്ടിരിക്കുന്നു. കേരളം സാമൂഹ്യ രാഷ്ട്രീയ ക്ഷേമ രംഗങ്ങളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ നിലനിർത്തുകയും മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ട് സാമ്പത്തിക വളർച്ചയ്ക്ക് വേഗത കൂട്ടണം. അതിന് സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള സാധാരണക്കാരുടെ അഭിപ്രായങ്ങൾ അറിഞ്ഞും കേട്ടും ഇന്നിന്റെ ശാസ്ത്ര സാങ്കേതിക മേന്മകളുടെ നേട്ടം ഉപയോഗപ്പെടുത്തിയും ഒരു പുതിയ ആസൂത്രണ പ്രക്രിയക്ക് നമ്മുടെ സംസ്ഥാനം തുടക്കം കുറിക്കുകയാണ്. അതാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി. ഗ്രാമസ്വരാജിലേക്കുള്ള കാൽവെപ്പ്. 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ ജനാധികാര സഭയായി ഗ്രാമപഞ്ചായത്തുകൾ മാറുകയാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനം മാറ്റത്തിന്റെ തുടികൊട്ടാണ്. കേരളം ഇന്ത്യയ്ക്ക് വീണ്ടും മാതൃകയാവുകയാണ്. സംസ്ഥാന പദ്ധതി ആസൂത്രണത്തിന്റെ 35 ശതമാനം മുതൽ 40 ശതമാനം വരെയുള്ള സംഖ്യ പഞ്ചായത്തിലെ ജനങ്ങളുടെ കൈയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ നൽകപ്പെടുകയാണ്. ആത്മവിശ്വാസവും ദൃഢതയുമുള്ള ഗ്രാമീണർ ഒത്തുചേർന്ന് വിശേഷാൽ ഗ്രാമസഭയിൽ നടത്തിയ ചർച്ചകൾ, അതിൽ നിന്ന് ഉരുത്തിരിഞ്ഞ വിമർശനങ്ങൾ, നിർദ്ദേശങ്ങൾ ഇവയെല്ലാമാണ് വികസന സെമിനാറിൽ അവതരിപ്പിക്കുന്ന ഈ വികസനറിപ്പോർട്ടിന്റെ അടിത്തറ. ഈ കൂട്ടായ്മയും ഉത്സാഹവും വരും നാളുകളിൽ ഊർജസ്വലതയോടെ ആവേശത്തോടെ പ്രവർത്തിക്കാൻ പ്രചോദനമാകട്ടെ!.

2

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

പൊതു വിവരണം

പഞ്ചായത്തിന്റെ പേര്: വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്
ഗ്രാമങ്ങൾ: വെസ്റ്റ് എളേരി, ഭീമനടി, മാലോം ഗ്രാമത്തിലെ ഒരു ഭാഗം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: നർക്കിലക്കാട്, പെരുമ്പട്ട.
താലൂക്ക്: ഹൊസ്ദുർഗ്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ: എളേരി
അസംബ്ലി മണ്ഡലം: തൃക്കരിപ്പൂർ
പാർലമെന്റ് മണ്ഡലം: കാസർകോട്
വിസ്തീർണ്ണം: 77.45 ച. കി. മി.

അതിരുകൾ:-

വടക്ക്: ബളാൽ പഞ്ചായത്ത്
തെക്ക്: പെരിങ്ങോം-വയക്കര പഞ്ചായത്തും, കയ്യൂർ-ചീമേനി പഞ്ചായത്തും
കിഴക്ക്: ബളാൽ പഞ്ചായത്തും ഈസ്റ്റ് എളേരി പഞ്ചായത്തും
പടിഞ്ഞാറ്: കയ്യൂർ-ചീമേനി പഞ്ചായത്തും കിനാനൂർ-കരിന്തളം പഞ്ചായത്തും
വാർഡുകൾ: 11
മൊത്തം ജനസംഖ്യ: 26882 (പു: 13610 സ്ത്രീ: 13272 1991-ലെ സെൻസസ് പ്രകാരം)
മൊത്തം വീടുകൾ: 5407
ജനസാന്ദ്രത: 347/ച: കി. മി.
സാക്ഷരതാ നിരക്ക്: പു: 92.08% സ്ത്രീ: 85.25%
പട്ടികജാതി: പു: 2003 സ്ത്രീ: 1959
പട്ടികവർഗം: പു: 12 സ്ത്രീ: 12
} (1991-ലെ സെൻസസ്)

ഭരണം-

1953-ൽ തെരഞ്ഞെടുക്കപ്പെട്ട പ്രഥമ ഭരണ സമിതി അംഗങ്ങൾ. ജനങ്ങൾ കൈ പൊക്കി വോട്ട് ചെയ്തു.

1. പയിനി ചാത്തുനായർ (പ്രസിഡണ്ട്)
2. പരിയാരത്ത് കൃഷ്ണൻ നായർ (വൈസ് പ്രസിഡണ്ട്)
3. പള്ളിക്കി കഞ്ഞമ്പുനായർ
4. കൊമ്പത്ത് കുഞ്ഞിരാമൻ
5. ചൂരിക്കാടൻ കേളു നായർ
6. കെ. പി. അബ്ദുൾഖാദർ
7. തൊട്ടിയിൽ വലിയ ചന്തൻ

1963-ൽ ഈസ്റ്റ് എളേരി വെസ്റ്റ് എളേരി സംയോജിച്ച് എളേരി പഞ്ചായത്തായി

1. തയ്യിൽ ജോസഫ് (പ്രസിഡണ്ട്)
2. കെ. കെ.ദാമോദരൻ നമ്പ്യാർ
3. എൻ. എം. മാണി
4. പറമ്പത്ത് അബ്ദുൾറഹിമാൻ ഹാജി (വൈസ് പ്രസിഡണ്ട്)
5. പൊടോര കുഞ്ഞിരാമൻ നായർ
6. കരിമ്പിൽ കുഞ്ഞിക്കോമൻ
7. എം. പി. സെബാസ്റ്റ്യൻ
8. നാട്ടക്കൽ കണ്ണൻ
9. പാപ്പി അമ്മ

1969-ൽ പഞ്ചായത്ത് വീണ്ടും വിഭജിച്ചു. എൻ. എം. മാണി വെസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡണ്ടും കെ. കെ. ദാമോദരൻ നമ്പ്യാർ ഈസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡണ്ടുമായി 1979 സെപ്തംബർ മാസംവരെ ഈ ഭരണസമിതി തുടർന്നു.

1979 സെപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ പുതിയ ഭരണസമിതി നിലവിൽ വന്നു.

1. കെ. കുഞ്ഞമ്പു (പ്രസിഡണ്ട്)
2. കെ. പി. നാരായണൻ
3. സി. കെ. നാരായണൻ
4. എ. മുഹമ്മദ്കുഞ്ഞി
5. കെ. ജാനകി
6. എൻ. ജെ. ജോർജ്ജ്
7. സി. എം. നൈനാൻ (വൈസ് പ്രസിഡണ്ട്)
8. പ്രൊത്താസീസ് വെള്ളാമറ്റം
9. കുഞ്ഞിക്കണ്ണൻ എ. (നിയമ തടസം മൂലം രാജി വെച്ച് പകരം ബേളൂർക്കാരൻ പാല)

1988-ൽ പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തു

1. എൻ. ജെ. ജോർജ്. (പ്രസിഡണ്ട്)
2. മനിയേരി കുഞ്ഞമ്പുനായർ
3. റഷീദടീച്ചർ ബി. (വൈസ് പ്രസിഡണ്ട്)
4. പ്രൊത്താസീസ് വെള്ളാമറ്റം
5. എൽ. കെ. അഹമ്മദ്കുഞ്ഞി
6. കെ. കുഞ്ഞമ്പു
7. കെ. ജെ. വർക്കി
8. പി. എം. ഭാസ്ക്കരൻ
9. മറിയാമ്മ വർഗീസ്
10. രാജൻനായർ പി. കെ.

ഇന്ന് നിലവിലുള്ള ഭരണസമിതി 1995 ലാണ് തിരഞ്ഞെടുക്കപ്പെട്ടത് (2-10-1995)

1. എൽ. കെ. അസിനാർ (പ്രസിഡണ്ട്)
2. ടി. പി. അബ്ദുൾകരീം (വൈസ് പ്രസിഡണ്ട്)
3. എ. ജി. അബ്ദുൾ നാസർ
4. എൻ. ജെ. ജോർജ്
5. തമ്പായി മാധവൻ
6. പി. ആർ. ചാക്കോ
7. മാത്യു വർക്കി
8. അന്നമ്മ മത്തായി
9. വെള്ളിക്കോട്ട് ചെമ്പൻ
10. രാജമ്മ രാഘവൻ
11. മേരിക്കുട്ടി ജോർജ്



3

സാമൂഹ്യ സാംസ്കാരിക ചരിത്രം

പഴയ മദ്രാസ് സംസ്ഥാനത്തിൽപ്പെട്ട തെക്കൻ കർണ്ണാടക ജില്ലയുടെ തെക്കു ഭാഗത്തെ താലൂക്കായ ഹോസ്ദുർഗിന്റെ കിഴക്കൻ ഗ്രാമമായ എളേരിയാണ് വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്.

പുരാതന കാലം തൊട്ടേ സംസ്ക്കാര സമ്പന്നമായ ഒരു സമൂഹം ഈ പഞ്ചായത്തിൽ അധിവസിച്ചിരുന്നുവെന്ന് വിശ്വസിക്കാൻ തക്ക തെളിവുകൾ ഇന്നും നിലവിലുണ്ട്. പാറയിൽ കൊത്തിയുണ്ടാക്കിയ ശിലാഗുഹകൾ, പറമ്പ ശ്രീരാമക്ഷേത്രാവശിഷ്ടം, കമ്മാടം ക്ഷേത്രം, ഭീമനടി പുക്കാട് കാവിന്റെ ക്ഷേത്രാവശിഷ്ടം, അട്ടക്കാട് കുളങ്ങര ഭഗവതി ക്ഷേത്രാവശിഷ്ടം, കുന്നുംകൈ കിഴക്കേകര മഖാം, പെരുമ്പട്ട മഖാം, മുസ്ലിം പള്ളി രേഖകൾ, ആക്കച്ചേരി വനത്തിലെ വീടുകളുടെ അവശിഷ്ടങ്ങൾ എന്നിവ പഞ്ചായത്തിൽ പുരാതന സംസ്ക്കാരം നിലനിന്നിരുന്നുവെന്നതിന്റെ ബലവത്തായ തെളിവുകളാണ്. ഇവ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തേണ്ടതായുണ്ട്. തെക്കെ കോവിലകം (എളേരി) കിണാവൂർ കോവിലകം (മൗവ്വേനി) ഉദിന്നൂർ ദേവസ്വം, ഏച്ചിക്കാനം, കോണത്ത് വീട്, മാക്കരംകോട്ട് കുണ്ടിലായർ, കോട്ടയിൽ വീട്, ഉടുമ്പുന്തല ഹാജിയാർ, വേലിക്കോത്ത് കുടുംബം, കാക്കടവത്ത് പള്ളിക്കാൽ കുടുംബം തുടങ്ങിയ ജന്മി കുടുംബങ്ങളാണ് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ അടക്കിവാണത്. പാവപ്പെട്ട കൃഷിക്കാർ ഇവരുടെ കുടിയാന്മാരായിരുന്നു. പരമ്പരാഗതമായി കാർഷികവൃത്തിയും ജാതീയമായ കുലത്തൊഴിലുകളും ഇവിടെയുമുണ്ടായിരുന്നു. മേടം ഒന്നിന് (വിഷു) 'പൊത്' കൊള്ളലും തുലാം പത്തിന്റെ 'പത്താതയും' ഇതിന്റെ ഭാഗമായിരുന്നു. തൊണ്ണൂറ് ശതമാനം കൃഷിക്കാർക്കും ഭൂരേഖ ഇല്ല. പത്ത് ശതമാനത്തിന് മറുപാട്ടം. പുനകൃഷി (നെൽകൃഷി)യായിരുന്നു മുഖ്യകൃഷി. തുവര, ചാമ, ചോളം, തുടങ്ങിയവയും പച്ചക്കറികളും ആവശ്യത്തിനനുസരിച്ച് ഉല്പാദിപ്പിച്ചിരുന്നു. ജന്മിയുടെ ചോദ്യം ചെയ്യപ്പെടാനുള്ള അവകാശങ്ങൾ കാലാകാലം നിറവേറാൻ വിധിക്കപ്പെട്ട നിസ്സഹായരായ കൃഷിക്കാർ തങ്ങളുടെ അധ്വാനഫലത്തിന്റെ സിംഹഭാഗവും വാരം, പാട്ടം, കാണിക്ക, ഉരി എന്നിവയ്ക്കായി നീക്കിവെക്കുന്നതോടെ ഇവരുടെ ജീവിതം തീർത്തും ദുഃസഹമാവുകയായിരുന്നു. മലേറിയ, വസൂരി തുടങ്ങിയ മഹാമാരികളും വന്യമൃഗങ്ങളുടെ വിളനശിപ്പിക്കലുംകൂടി ആകുമ്പോൾ ദുരന്ത ചിത്രം പൂർത്തിയായി.

ഇതിനേക്കാൾ കഷ്ടമായിരുന്നു പട്ടികജാതിക്കാരോടുള്ള ജന്മിമാരുടെ സമീപനം. ഈ പഞ്ചായത്തിലെ പ്രധാന ആദിവാസി സമൂഹങ്ങൾ മാവിലൻ, കുടിവേട്ടുവൻ, പെരിങ്ങാരവേട്ടുവൻ എന്നീ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. മാറ് മറക്കാനോ, നിവർന്ന് നടക്കാനോ അവകാശമില്ലാത്തവരായിരുന്നു. സ്ത്രീകൾ നിർബന്ധമായും കല്ലുമാല ധരിക്കണം. ഭാര്യാഭർത്താക്കൻമാരായ ഒരു ജോഡി പട്ടികജാതിക്കാരെ 12 പറ നെല്ല് വാർഷികപാട്ടം നിശ്ചയിച്ച് ജന്മിമാർ എല്ലാ വർഷവും ധനുമാസം 10ന് കർഷകർക്ക് പണയപ്പെടുത്തിയിരുന്നു. ജന്മിക്ക് നെല്ല്; ഇടത്തരം കൃഷിക്കാരന് ഒരുജോഡി അടിമകളും. നവദമ്പതികളായ പട്ടികജാതിക്കാർ ജന്മിയുടെ വീട്ടിലെത്തി ആചാരക്കളി നടത്തണം. 12 പറ നെല്ല് ജന്മി ആണിന് കൊടുക്കും അത് വാങ്ങുന്നതോടെ പെണ്ണും ജന്മിയുടെ അടിമയായി. കൂടാതെ മുണ്ടും പുടവയും കൊടുക്കും. ജനനമരണങ്ങൾ ജന്മിയെ അറിയിക്കണം. കുഞ്ഞിന് പേര് വിളിക്കാനുള്ള അവകാശംപോലും ജന്മിക്കാണ്. എതിർപ്പിന്റെ നേരിയ സൂചനകൾപോലും ക്രൂരമാംവിധം അടിച്ചമർത്തപ്പെട്ടിരുന്നു, ജന്മിയുടെ കളത്തിലെ (മെതിക്കുറ്റി) ഒക്കുകണ്ടത്തിന് കെട്ടിയിട്ട് തല്ലുക, ഉറുമ്പും കൊട്ടലും (ഉറുമ്പിൻകൂട്) കുടയുക. കുടിയൊഴിപ്പിക്കുക, ദേഹണ്ഡങ്ങൾ നശിപ്പിക്കുക, ജന്മിയെ ധിക്കരിക്കുന്നവർക്ക് കുടിലിന് തോല്കെട്ടൽ തുടങ്ങിയ മർദ്ദന പീഡനമുറകൾ സർവ്വസാധാരണമായിരുന്നു.

പുനകൃഷി ചെയ്തുവന്ന കർഷകർ മറെറാരു ജീവിത ഉപാധിയായി കണ്ടത് 'നായാട്ട്' ആയിരുന്നു. ജന്മിമാരാൽ നേരിട്ടും ദേവസ്ഥാനങ്ങളുടെ പേരിലും കുടിയാൻമാർ നിരന്തരമായ ചൂഷണത്തിന് വിധേയരായിരുന്നു. ജന്മിമാർ ക്രമേണ നാണ്യവിളയായ കുരുമുളക് കൃഷിയിലേക്ക് ശ്രദ്ധതിരിക്കാൻ തുടങ്ങി. പഞ്ചായത്തിലെ പലഭാഗങ്ങളിലും വൻ (കുരുമുളക്) 'വള്ളിത്തോട്ടങ്ങൾ' ഉണ്ടായിരുന്നതായി കാണാം. ഇതിനാവശ്യമുള്ള ജോലിക്കായി പടിഞ്ഞാറൻ ഭാഗത്ത് നിന്നും പട്ടികജാതിക്കാരടക്കമുള്ള ഹിന്ദുക്കളെയും, മുസ്ലീങ്ങളെയും കൊണ്ടുവന്നിരുന്നു.

എളേരിത്തട്ട് കുലോം കേന്ദ്രമാക്കിയാണ് നീലേശ്വരം തെക്കേ കോവിലകത്തിന്റെ വകയായുള്ള എളയടത്ത് ചേരിക്കല്ല് ഭരണം നടത്തിയിരുന്നത്. ഈ ജന്മിയുടെ കീഴിൽ കൃഷി ചെയ്തിരുന്ന കർഷകരാണ് 1938 കാലത്ത് കർഷകസംഘം പ്രവർത്തകരാൽ പ്രചോദിതരായി പഞ്ചായത്തിൽ സംഘടിതകർഷക പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് നേതൃത്വം നൽകിയത്. ഇവർക്ക് നേതൃത്വം കൊടുത്തത് കുടിപ്പള്ളിക്കൂടം എഴുത്താശാനായി പ്രവൃത്തിച്ച ചെറുവത്തൂർ ചെറൂട്ടാര വീട്ടിൽ കുഞ്ഞമ്പു നായരായിരുന്നു. കൃഷിക്കാർ കിളച്ചുണ്ടാക്കിയ ഏളേരിവയലിൽ വിത്തിറക്കാൻ എത്തിയ കർഷകരെ ജന്മിയും കാര്യസ്ഥൻമാരും ഗുണ്ടകളും ചേർന്ന് തടയുകയും എം. എസ്. പി. യെ ഉപയോഗിച്ച് പൈശാചികമായി മർദ്ദിക്കുകയും ചെയ്തു. പൊടോര കുഞ്ഞിരാമൻ നായരും, എൻ. എൻ. വാര്യരും ഈ ക്രൂരതയുടെ ജീവിക്കുന്ന രക്തസാക്ഷികളിൽ ചിലരാണ്. പാരതനായ പള്ളത്ത് കുഞ്ഞിരാമൻ നായരാണ് മറെറാരാൾ. ''വിളയിട്ടവൻ വിളകൊയ്യുമെന്ന'' മുദ്രവാക്യം കർഷകരിൽ ആത്മവിശ്വാസമുണ്ടാക്കുകയും കർഷകസംഘത്തിൽ അണിചേരാൻ പ്രേരിതമാവുകയും ചെയ്തു.

പഞ്ചായത്തിലെ കർഷകരുടെ ഉയർത്തെഴുന്നേല്പിന് ആവേശം നകിയ സംഭവങ്ങളാണ് എളേരിയിലെ കർഷക കലാപവും കയ്യൂരും, കരിവെള്ളൂരും, മുനയൻകുന്ന് സംഭവവും നെല്ലെടുപ്പ് സമരങ്ങളും അതിനേറതായ അലയൊലികൾ ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്.

പട്ടികജാതിക്കാരെ അടിമകളാക്കുന്നതിനെതിരെ നടന്ന സമരവും, പത്തിനുരണ്ടും വീത് പത്തിൻരണ്ടിനും എതിരായും എളേരിയിലെ കർഷകർ നടത്തിയ ത്യാഗോജ്ജ്വലമായ പോരാട്ടം മലയോര മേഖലയെ അക്ഷരാർത്ഥത്തിൽ ഇളക്കിവിട്ട ചരിത്ര സംഭവങ്ങളാണ്.

ഈ പഞ്ചായത്ത് നൂറാണ്ടുകൾക്ക് മുമ്പ് തന്നെ ഹിന്ദു–മുസ്ലിം സൗഹാർദ്ദത്തിന്റെ ചരിത്ര ഭൂമിയായിരുന്നു. കോളിയാട് ചാമുണ്ഡേശ്വരി ക്ഷേത്രത്തിൽ നിന്നാണ് കുന്നുംകൈ കിഴക്കേകര പള്ളി (മഖാം) ഉറൂസിനുവേണ്ട ആദ്യപണം കൊടുക്കുന്നത്. ഉറൂസുമായി ബന്ധപ്പെട്ട

നായാട്ടിൽ ഇരു വിഭാഗങ്ങളും പങ്കെടുത്തിരുന്നു. മേൽ സൂചിപ്പിച്ച കർഷക കലാപവുമായി ബന്ധപ്പെട്ട് എം. എസ്. പി. നായാട്ടുകാരുടെ പേരിൽ കേസാക്കി. ഇതോടുകൂടിയാണ് കുന്നുകൈ മഖാമും കോളിയാട് ക്ഷേത്രവും സംയുക്തമായി ആചാരപരമായി നടത്തിയിരുന്ന നായാട്ട് അവസാനിച്ചത്. പെരുമ്പട്ട മഖാം ഉറൂസിനും തായത്തിടം ക്ഷേത്രത്തിലെ ഉത്സവത്തിനും ആചാരപരമായ ബന്ധം ഇന്നും നിലനിൽക്കുന്നു.

പഞ്ചായത്തിലേക്ക് കാര്യങ്കോട് പുഴയിലൂടെ ചിനയിലാണ് ജനങ്ങൾ എത്തിച്ചേർന്നത്. പെരുമ്പട്ട, മുക്കട, കുന്നുംകൈ എന്നിവിടങ്ങളിലാണ് ആദ്യകാല വ്യാപാരകേന്ദ്രങ്ങൾ. ബോട്ട് സർവ്വീസ് ആരംഭിക്കുന്നത് 1942ലാണ്. 1942 ൽ ബി. എഫ്. വർഗീസ് കിനാനൂർ കൂലോം വക 1900 ഏക്കർ ഭൂമി കോട്ടമലയിൽ വാങ്ങിയതോടെയാണ് തെക്കൻ തിരുവിതാംകൂറിൽ നിന്നും കുടിയേറ്റം നമ്മുടെ പഞ്ചായത്തിൽ തുടങ്ങിയത്. പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്കും, കാർഷിക ഗതാഗത പുരോഗതിക്കും കുടിയേറ്റ കർഷകർ ഗണ്യമായ സംഭാവനനൽകിയിട്ടുണ്ട്. ഭൂപരിഷ്ക്കരണ നിയമം വന്നതോടെ പഞ്ചായത്തിലെ കാർഷിക മേഖലയിലാകെ വമ്പിച്ച ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടായിട്ടുണ്ട്.

1953 ലാണ് വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ ആദ്യത്തെ ജനകീയ ഭരണസമിതി നിലവിൽ വന്നത്. കൈ പൊക്കി വോട്ട് ചെയ്യുകയായിരുന്നു. പ്രസിഡണ്ടിനെ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കലായിരുന്നു. അട്ടക്കാട് പൈനി ചാത്തുനായരാണ് ആദ്യത്തെ പ്രസിഡണ്ട്. 1963ൽ വെസ്റ്റ് എളേരി ഈസ്റ്റ് എളേരി പഞ്ചായത്തുകൾ ഒന്നിച്ച് 'എളേരി പഞ്ചായത്താ'യിരുന്നു ചിറ്റാരിക്കാൽ ആസ്ഥാനം. ബാലറ്റ് പേപ്പറിലൂടെയുള്ള ആദ്യത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പായിരുന്നു. തയ്യിൽ ജോസഫ് പ്രസിഡണ്ട്. 1969-ൽ പഞ്ചായത്ത് വീണ്ടും വിഭജിച്ചു. (വിവരങ്ങൾ അന്യത്ര)

വെസ്റ്റ് എളേരിയുടെ രാഷ്ട്രീയ സാമൂഹ്യചരിത്രത്തിൽ സ്വാധീനം ചെലുത്തിയ ഒട്ടനവധി വ്യക്തികളും പ്രസ്ഥാനങ്ങളും ഉണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച വെച്ച അവർ ചരിത്രത്തിൽ എക്കാലവും സ്മരിക്കപ്പെടും.

" എന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കണം.
അല്ലാതെ ആരാണ് ചെയ്തിരിക്കുന്നത്
എന്ന് നോക്കി വിധി കല്പിക്കരുത്".

-ഡോ: എസ്. രാധാകൃഷ്ണൻ.



4

ഭൂപ്രകൃതി

കുന്നുകളും മലകളും നിറഞ്ഞ ഭൂപ്രദേശമാണ് വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിനുള്ളത്. ചരിഞ്ഞതും, കുത്തനെ ചരിഞ്ഞതുമായ മലകൾ. അവ സംയോജിക്കുന്ന അടിവാരത്ത് തോടുകളും അരുവികളും ചിലയിടത്ത്. കുറഞ്ഞ തോതിൽ ചതുപ്പു നിലങ്ങൾ. കുന്നിന്റെ നെറുകയിൽ പലയിടത്തും പരന്നു കിടക്കുന്ന ചെങ്കൽപ്പാറ. ഇവിടെ പുല്ലും വിറകു മരങ്ങളും കശുമാവും മാത്രം. മലഞ്ചരുവിൽ ചെറുതും വലുതുമായ റബ്ബർത്തോട്ടങ്ങൾ, അടിഭാഗത്ത് തെങ്ങുകളും കവുങ്ങു വൃക്ഷങ്ങളും. കുന്നിൽ ചരിവിൽ ഇഞ്ചി, മഞ്ഞൾ, മരച്ചീനി തുടങ്ങിയ കൃഷികൾ. പശ്ചിമഘട്ടത്തു നിന്നാരംഭിച്ച് ചെറുപുഴ വഴി ഒഴുകിവരുന്ന കാക്കടവ് പുഴ ഗ്രാമ പഞ്ചായത്തിന്റെ തെക്കൻ അതിർത്തിയെ തഴുകിക്കൊണ്ട് വീണ്ടും പടിഞ്ഞാറോട്ടൊഴുകി തേജസ്വിനി പുഴയായി വികാസം പ്രാപിക്കുന്നു. അതിന്റെ സമീപത്തായി 900 ഏക്കറോളം വരുന്ന സർക്കാർ വക നിബിഡ വനങ്ങൾ നിറഞ്ഞ ആക്കച്ചേരി ഫോറസ്റ്റ്. കാക്കടവ് പുഴയുടെ മറുഭാഗത്ത് കണ്ണൂർ ജില്ലയുടെ പെരിങ്ങോം-വയക്കര പഞ്ചായത്ത്, കാസർകോട് ജില്ലയിലെ ചീമേനി ഗ്രാമ പഞ്ചായത്തും. പടിഞ്ഞാറു ഭാഗം കിനാനൂർ-കരിന്തളം പഞ്ചായത്ത്. കിഴക്കും വടക്കും ഈസ്റ്റ് എളേരി, ബളാൽ ഗ്രാമ പഞ്ചായത്തുകൾ. വടക്കൻ അതിർത്തിയിൽകൂടി വെസ്റ്റ് എളേരിയിലേക്ക് പ്രവേശിക്കുന്ന ചൈത്രവാഹിനിപ്പുഴ പഞ്ചായത്തിന്റെ ഹൃദയ ഭാഗങ്ങളിൽ തെളിനീരൊഴുക്കി കൊണ്ട് മുക്കട ചെന്ന് തേജസ്വിനി പുഴയിൽ വിലയം പ്രാപിക്കുന്നു. കോട്ടമലയിലും, കാവുന്തലയിലും സർക്കാർ വക നിക്ഷിപ്ത വനപ്രദേശം. കിണാവൂർ കരിന്തളം പഞ്ചായത്തിനോടു ചേരുന്ന ഭാഗത്ത് പരപ്പച്ചാലും പിലാച്ചിക്കര ഫോറസ്റ്റും മനോഹരമായ താഴ്വരകൾ ഇതെല്ലാം ചേർന്നാൽ വെസ്റ്റ് എളേരി ഏകദേശ മുഖചിത്രം ആകും.

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് 8 മേഖലകളായി തിരിക്കാം.

1. ഉയർന്ന തട്ടുഭൂമി പ്രദേശം
2. ചെരിവു പ്രദേശം
3. ഇടത്തരം ചെരിവ് പ്രദേശം
4. നിരപ്പു ഭൂമി
5. കുത്തനെ ചരിഞ്ഞ പ്രദേശം
6. താഴ്വര
7. ചതുപ്പുഭൂമി
8. ജലാശയങ്ങളും തോടുകളും

ഇവയിൽ ഒരോന്നിന്റെയും വിസ്തൃതി ചുവടെചേർക്കുന്നു.

1.	ചെരിവുപ്രദേശം	33.30 ച. കി. മി.	43%
2.	ഇടത്തരം ചെരിവുഭൂമി	7.74 ച. കി. മി.	10%
3.	തട്ടിൻപ്രദേശം	7.74 ച. കി. മി.	10%
4.	നിരപ്പുപ്രദേശം	13.55 ച. കി. മി.	17.5%
5.	കുത്തനെ ചെരിവ്	7.74 ച. കി. മി.	10%
6.	താഴ്വര	1.94 ച. കി. മി.	2.5%
7.	ജലാശയങ്ങളും പുഴകളും തോടുകളും	3.50 ച. കി. മി.	4.5%
8.	ചതുപ്പുഭൂമി	1.94 ച. കി. മി.	2.5%
	ആകെ—	77.45 ച. കി. മി.	100%

(അവലംബം: ട്രാൻസിക്ട് വാക്ക്)

സമുദ്രനിരപ്പിൽ നിന്നും ഏറെ ഉയർന്ന് നിൽക്കുന്ന ഭൂപ്രദേശമാണ് വെസ്റ്റ് എളേരിയുടേത്. അതുകൊണ്ട് തന്നെ പടിഞ്ഞാറൻ തീരപ്രദേശത്തിൻറെതിൽ നിന്നും വളരെ വ്യത്യസ്തമായ മൺതരമാണ് ഇവിടെ അധികമായും കാണുന്നത്. ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും ചുവടെചേർക്കുന്നു.

1.	കറുത്തവളക്കൂറുള്ള മണ്ണ്	13. 94 ച. കി. മി.	18%
2.	ചെമ്മണ്ണ്	36.40 ച. കി. മി.	47%
3.	എക്കൽമണ്ണ്	3.10 ച. കി. മി.	4%
4.	ചിങ്കൽപാറ	9.29 ച. കി. മി.	12%
5.	കരിങ്കൽപാറ	1.55 ച. കി. മി.	2%
6	ചരൽമണ്ണ്	9.68 ച. കി. മി.	12.5%
7.	ജലാശയം	3.49 ച. കി. മി.	4.5%
	ആകെ—	77.45 ച. കി. മി.	100%

ജനപ്രകൃതി

1991 സെൻസസ് കണക്കുകൾ പ്രകാരം വെസ്റ്റ് എളേരിയിലെ ജനസംഖ്യ 26882 ആകുന്നു പുരുഷൻമാർ 13610 ഉം സ്ത്രീകൾ 13272 ഉം ആണ്. മൊത്തം 338 പുരുഷൻമാർ കൂടുതൽ ഉണ്ട്. ജനസാന്ദ്രത ച. കി. മി. ന് 347 എന്നു കണക്കാക്കുന്നു. ശരാശരി വീടിന് 5.15 വീതം ആളുകൾ വീതം ഉണ്ട്. ജനസംഖ്യയുടെ ശരിയായ ചിത്രം ചുവടെ ചേർക്കുന്നു.

പുരുഷൻമാർ				സ്ത്രീകൾ				ആകെ			
SC	ST	മറ്റുള്ളവർ	ആകെ	SC	ST	മറ്റുള്ളവർ	ആകെ	SC	ST	മറ്റുള്ളവർ	ആകെ
2003	12	11595	13610	1959	12	11301	13272	3962	24	22896	26882


(അവലംബം:സെൻസസ് 1991)

വെസ്റ്റ് എളേരി

ഗ്രാമ പഞ്ചായത്ത്



"അദ്ധ്വാനം സമ്പത്ത്
സമ്പത്ത് ജനനന്മയ്ക്ക"





5

സാമൂഹിക സാമ്പത്തിക മേഖലകൾ

''ഓരോരുത്തരും അവരവരുടെ
തൊഴിൽ വിയർക്കെ പണിയെടുത്തുജീവിച്ചെങ്കിൽ ഭൂമി
സ്വർഗമായി മാറുമായിരുന്നു''

-ഗാന്ധിജി

ഒരേ മനസ്സും ലക്ഷ്യവുമായ് നാം
ഒന്നായ് നീങ്ങിടേണം
നമ്മുടെ നാടിന് വളരാനുള്ളോരു
വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു
നാടിനു നല്കേണം.

''പ്രകൃതി നിയമങ്ങളെ ബോധ
പൂർവ്വമോ അജ്ഞത
കൊണ്ടോ ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേടുകൾ
ഉണ്ടാകുന്നത്.''

-ഗാന്ധിജി

5.1

കൃഷിയും ജലസേചനവും

ഈ നൂറാണ്ടിന്റെ ആദ്യ പകുതിവരെ കാർഷിക രംഗത്ത് വലിയ പുരോഗതിയൊന്നും ഈ പഞ്ചായത്തിനുണ്ടായിരുന്നില്ല. ഭൂസ്വത്തിന്റെ സിംഹ ഭാഗവും ജന്മിമാരുടെ കൈവശമായിരുന്നു. മലഞ്ചെരുവുകളിലെ കാട് തെളിച്ച് പുനം കൃഷി ചെയ്ത് ജീവിക്കുന്ന കുടിയാന്മാരായിരുന്നു ഭൂരിഭാഗം കൃഷിക്കാരും. നാണ്യ വിളയായി വൻ കുരുമുളക് തോട്ടങ്ങൾ ഉണ്ടായിരുന്നു. 1940-കളിൽ തെക്കൻ തിരുവിതാംകൂറിൽ നിന്നും പഞ്ചായത്തിലേക്ക് കുടിയേറ്റം തുടങ്ങി കപ്പയും (മരച്ചീനി) റബറും കുരുമുളകും തെങ്ങും പോലെ പ്രധാന വിളകളായി. ഭൂപരിഷ്ക്കരണ നിയമത്തോടെ കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം സഫലമായി. കുടിയേറ്റ കർഷകരുടെ അദ്ധ്വാനവും ഭൂപരിഷ്ക്കരണവും കൂടിയായപ്പോൾ പഞ്ചായത്തിലെ കാർഷിക മേഖലയിൽ വമ്പിച്ച പരിവർത്തനങ്ങളുണ്ടായി. പഞ്ചായത്തിലെ നാമമാത്ര വയലുകൾ (ഏളേരി, മൗവ്വേനി, കമ്മാടം നികത്തപ്പെട്ടതും വ്യാപകമായ വന നശീകരണം കൊണ്ട് ഉണ്ടായ കുടിവെള്ള ക്ഷാമവും ഈ രംഗത്തെ തിരിച്ചടികളാണ്. പുത്തൻ തലമുറയുടെ കൃഷിയോടുള്ള വൈമുഖ്യം മറ്റൊരു പ്രശ്നമാണ്.

മാലോം റവന്യൂ വില്ലേജിന്റെ ഒരു ഭാഗവും, ഭീമനടി, വെസ്റ്റ് ഏളേരി എന്നീ രണ്ടു റവന്യൂ വില്ലേജിന്റെ മുഴുവൻ ഭാഗവും ഉൾക്കൊള്ളുന്ന വെസ്റ്റ് ഏളേരി ഗ്രാമ പഞ്ചായത്തിൽ മൊത്തം 8072 ഹെക്ടർ ഭൂമിയുണ്ട്. അതിൽ 70% ഭൂപ്രദേശത്തു മാത്രമേ എന്തെങ്കിലും കൃഷി ചെയ്തു വരുന്നുള്ളൂ. നല്ലൊരു ഭാഗം ഭൂമി കൃഷിക്കുപയുക്തമല്ലാതെ കിടപ്പുണ്ട്. 2 ഏക്കറിൽ കൂടുതൽ കൃഷി ഭൂമി 25% കർഷകർക്കുണ്ട്. 49 ശതമാനം കർഷകരും ഒരു ഏക്കറിൽ താഴെ കൃഷി ഭൂമിയുള്ളവരാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിസ്തൃതിയുടെ കണക്ക ചുവടെ രേഖപ്പെടുത്തുന്നു.

10 സെന്റ് വരെ	6 ശതമാനം	ആളുകൾക്ക്
10 മുതൽ 20 സെന്റു് വരെ	9 ശതമാനം	ആളുകൾക്ക്
20 മുതൽ 50 സെന്റ് വരെ	13 ശതമാനം	ആളുകൾക്ക്
50 മുതൽ 1 ഏക്കർ വരെ	21 ശതമാനം	ആളുകൾക്ക്
1 ഏക്കർ മുതൽ 2 ഏക്കർ വരെ	26 ശതമാനം	ആളുകൾക്ക്
2 ഏക്കർ മുതൽ 5 ഏക്കർ വരെ	22 ശതമാനം	ആളുകൾക്ക്
5 ഏക്കറിനുള്ളിൽ	3 ശതമാനം	ആളുകൾക്ക്

മൊത്തം ഭൂമിയിൽ 2443.52 ഏക്കർ ഭൂമി കൃഷിക്കായി ഉപയോഗിക്കാൻ സാധിക്കില്ല. ഇതിൽ 1005.85 ഏക്കർ ഭൂമിയും റോഡിനായി ഉപയോഗിച്ചുകഴിഞ്ഞു. 530.74 ഏക്കർ ഭൂമി റവന്യൂ പുറമ്പോക്കു ഭൂമിയാണ്. 1144.57 ഏക്കർ ഭൂമി വനവും 13 ഏക്കർ കുളം, കിണർ എന്നിവയുമായി മാറി.

മുഖ്യവിള ചേരുവകൾ:- വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ എൺപത് ശതമാനത്തോളം ജനങ്ങളും കർഷകരോ, കർഷക തൊഴിലാളിയോ. ഇപ്പോൾ മുഖ്യ കൃഷി റബ്ബറാണ്. കൂടുതലും ചരിവുപ്രദേശങ്ങളായതുകൊണ്ടും അനുകൂലമായ മണ്ണും കാലാവസ്ഥയും ആയതുകൊണ്ടും ഈ കൃഷി ഇപ്പോൾ വ്യാപകമായിരിക്കുന്നു. ആദ്യകാലത്തുണ്ടായിരുന്ന ദീർഘകാല കൃഷി കുരുമുളകാണ്. ഇപ്പോൾ കുരുമുളക് കൃഷി നാമമാത്രമാണ്. ദ്രുതവാട്ടം മൂലം മിക്കവാറും നശിച്ചുകഴിഞ്ഞു. നെൽകൃഷി ഉണ്ടായിരുന്ന പലഭാഗങ്ങൾ നികത്തി നാണ്യവിളകൾ സ്ഥാനം പിടിച്ചുകഴിഞ്ഞു. പരിമിതമായി ഉണ്ടായിരുന്ന വയലുകളിൽ തെങ്ങ്-കവുങ്ങ് കൃഷി വ്യാപകമായിക്കഴിഞ്ഞു. 1945-'50 കാലഘട്ടത്തിൽ വനം വെട്ടിത്തെളിച്ചു പുനകൃഷിയായി നെല്ലു വിളയിച്ചിരുന്നു. ഇന്ന് അങ്ങനെയുള്ള പുനം കൊത്തി കൃഷി ചെയ്യാൻ പാറിയ സ്ഥലമോ, അനുകൂല പരിതസ്ഥിതികളോ ഇല്ല. കുന്നിൻചരിവുകൾ ഇന്ന് കൊച്ചു കൊച്ചു റബ്ബർതോട്ടങ്ങളാണ്. ഇഞ്ചിയും, മഞ്ഞളും മരച്ചീനിയും വ്യാപകമായി കൃഷി ചെയ്തിരുന്നെങ്കിലും ഇപ്പോൾ ഇവ കുറഞ്ഞ തോതിലേ ഉള്ളൂ. റബ്ബർ കഴിഞ്ഞാൽ പ്രധാന കൃഷി കവുങ്ങും തെങ്ങുമാണ്. ഇവ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. കുന്നിൻ താഴ്വരയിലും നിരപ്പു ഭൂമിയിലും പുഴയുടെയും തോടുകളുടെയും കരയിലും തെങ്ങുകൃഷിയും കവുങ്ങു കൃഷിയും ഫലപ്രദമായി ചെയ്തുവരുന്നുണ്ട്. വളരെ കുറഞ്ഞ തോതിൽ കാപ്പി കൃഷി ചെയ്യുന്നവരുണ്ട്. പലയിടത്തും കശുമാവുകൃഷി ഉണ്ട്. കുന്നിൻപ്രദേശവും തട്ടുപ്രദേശവും ഇതിനായി ഉപയോഗപ്പെടുത്തുന്നു. പ്രധാന കൃഷികൾ, ഉല്പാദനക്ഷമത, കൃഷിയിടത്തിന്റെ വിസ്തൃതി എന്നിവ സംബന്ധിച്ചു ലഭിച്ച സെക്കൻററിഡാറ്റാ വിവരം താഴെ ചേർക്കുന്നു.

	വിള	വിസ്തീർണ്ണം	ആകെ ഉൽപാദനം	ഉൽപാദന ക്ഷമത	ഭൂമിയുടെ വിസ്തൃതി:
1	നെല്ല് ഒന്നാംവിള	3 ഹെ.	6000 കി:	1210കി /ഹെ.	0.004 ഹെ.
2	നെല്ല് രണ്ടാംവിള	2 ഹെ.	4500 കി.	2500 കി./ഹെ.	0.001
3	പച്ചക്കറി	15 ഹെ.	40,000 കി.	5000 കി./ഹെ.	0.02
4	തെങ്ങ്	2205 ഹെ.	3,52,80,000, കി.	17600/ഹെ.	31.14
5	വാഴ	80 ഹെ.	80 000 കി.	10കി./ഒരു വാഴ	1.12
6	മരച്ചീനി	40 ഹെ.	410 M T	30 ടൺ/ഹെ.	0.05
7	കുരുമുളക്	305 ഹെ.	6.00,000 കി.	3 M T/ഹെ.	4.3
8	പ്ലാവ്	5 ഹെ.	25,000 കി	5000കി./ഹെ.	0.07
9	കശുമാവ്	190 ഹെ.	90,000 കി.	512 കി./ഹെ.	2.68
10	മാവ്	8 ഹെ.	8,800 കി.	1.5 M T/ഹെ.	0.011
11	റബർ	3402 ഹെ.	1,29,7080 കി.	3 കി/ഒരു റബർ	48.05
12	കമുക്	770 ഹെ.	3,68,13,7000 എ:	350 എണ്ണം/ ഒരു കമുക്	10.87
13	ഇഞ്ചി	50 ഹെ.	1,75,000 കി.	3500 കി./ഹെ.	0.70
14	മഞ്ഞൾ	10 ഹെ.	19,500 കി.	1950 കി./ഹെ.	0.014

നടീൽവസ്തു വിതരണം:- അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളോട് കർഷകർക്കു താത്പര്യമുണ്ട്. പക്ഷെ ആവശ്യത്തിനു ലഭ്യമല്ല. പല കർഷകരും നാടൻ വിത്തുകൾതന്നെ ശരണം പ്രാപിക്കുന്നു. അത്യുല്പാദനശേഷിയുള്ളതും രോഗത്തെ ചെറുത്തു നിൽക്കാൻ കെല്പുള്ളതുമായ നാടൻ വിത്തുകൾ ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണമെന്നു ഗ്രാമസഭാ ചർച്ചയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള റബർ തൈകൾക്ക് വൻ വില ഈടാക്കിവരുന്നതായും അഭിപ്രായം ഉയർന്നിട്ടുണ്ട്. കൃഷിഭവൻ മുഖേന വിതരണം ചെയ്യപ്പെട്ട നടീൽ വസ്തുക്കൾ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു. കൃഷി ഭവനിൽ നിന്നും 36 റോക്കർ സ്പെയറുകളും 48 പോർട്ടബിൾ പമ്പു സെറ്റും 4 തെങ്ങു കയറ്റ യന്ത്രവും ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

കഴിഞ്ഞ 3 വർഷങ്ങളിലായി കൃഷി ഭവനിൽ നിന്നും വിതരണം ചെയ്ത നടീൽ വസ്തുക്കൾ സംബന്ധിച്ച വിവരങ്ങൾ:-

നമ്പർ	വിത്തിനങ്ങൾ	1993-94	1994-95	1995-96	റിമാർക്സ്
1	തെങ്ങ്	1050	2625	3170	
2	കുരുമുളക്	4500	12233	13500	
3	കവുങ്ങ്	——	500	1000	
4	കൊക്കൊ	1845	——	——	
5	ഗ്രാമ്പൂ	——	125	——	
6	ഒട്ടുമാവ്	135	——	——	
7	സപ്പോട്ട	35	——	——	
8	കശുമാവ്	3600	4080	4000	
9	ചെറി	175	——	——	
10	പേര	105	——	——	

എല്ലാ കർഷകരും ചുരുങ്ങിയ തോതിലെങ്കിലും തെങ്ങു കൃഷി ചെയ്യുന്നുണ്ട്. പരമ്പരാഗതമായ രീതിയിൽ വലിയ മാറ്റങ്ങളൊന്നും വന്നിട്ടില്ല. പഞ്ചായത്തിലെ തെങ്ങിൽ 45ശതമാനം കായ്ക്കുന്ന തെങ്ങുകളും 55 ശതമാനം കായ്ക്കാറായതും തൈതെങ്ങുകളും ആണ്. തൊണ്ണൂറു ശതമാനം നാടൻ ഇനം ആണ്. എങ്കിലും ഉല്പാദന ക്ഷമതയയിൽ ഗണ്യമായ കുറവുകാണുന്നില്ല. ശരിയായ ജലസേചനവും, ആധുനിക കൃഷി രീതികളും അവലംബിച്ചാൽ വൻ നേട്ടം ഈ ഇനത്തിൽ നിന്നും ഉണ്ടാക്കാൻ സാധിക്കും.

കവുങ്ങു കൃഷിയും ഏറെ ലാഭകരമായി നടത്തുന്നുണ്ട്. നാടൻ ഇനം വിത്തുകൾ കൊണ്ടുതന്നെ നല്ല അടക്കാ ഉദ്പാദനം ഉണ്ടാകുന്നുണ്ട്. മുന്തിയ ഇനം വിത്തുകൾ ഉപയോഗപ്പെടുത്തി ശാസ്ത്രീയമായി ജലസേചനം നടത്തിയാൽ ഇതിന്റെ ഉല്പാദന രംഗത്തും അത്ഭുതങ്ങൾ സൃഷ്ടിക്കനാവും. മരച്ചീനി, വാഴ, പയർ, പച്ചക്കറി, ഇഞ്ചി, എന്നീ കൃഷികൾക്കും ഏറെ വികസന സാദ്ധ്യതകൾ വെസ്റ്റ് എളേരിക്കുണ്ട്.

ജലസേചന സൗകര്യങ്ങൾ:-

തോടുകൾ, കുളങ്ങൾ, കിണറുകൾ, എന്നിവയെ അവലംബിച്ചു മാത്രം കൃഷി നടത്തിയിരുന്നിടത്ത് അടുത്തകാലത്തായി ആധുനിക ജലസേചന മുറകൾ ആരംഭിച്ചു തുടങ്ങിയിട്ടുണ്ട്. പമ്പുസെറ്റുകൾ ഉപയോഗിച്ചും, ടാങ്കുകൾ നിർമ്മിച്ചും ജലസേചനം നടത്തി കൃഷി അഭിവൃദ്ധിപ്പെടുത്താൻ ഒട്ടേറെ സാധ്യതകൾ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലുണ്ട്. ഇന്ന് വൻതോതിലുള്ള ജലസേചന പദ്ധതികൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. പല കർഷകരും ബാങ്കിൽ നിന്നും വായ്പയെടുത്ത് കിളവും, കിണറും കുഴിച്ച് പമ്പുസെറ്റു സ്ഥാപിച്ച് സ്വന്തം കൃഷിയിടങ്ങൾ നനയ്ക്കുന്നുണ്ട്. കൃഷിഭവൻ മുഖേന ഇതിനകം 5 പൊതു കിണറുകൾ കുഴിച്ചിട്ടുണ്ട് ജലസേചനവകുപ്പ് താഴെകാണുന്ന പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷെ ഫലപ്രദമല്ല.

1. എളേരിത്തട്ടു ഹരിജൻ കോളനിയിൽ കുളം കുഴിച്ചു പൈപ്പു ലൈൻ സ്ഥാപിച്ചു. ഇതിന് 20 ഏക്കറോളം ആയക്കെട്ടു വിസ്തൃതിയുണ്ട്.
2. കാവുന്തല കോളനിയിൽ ടാങ്ക് നിർമ്മിച്ച് പൈപ്പു ലൈൻ സ്ഥാപിച്ചു. ഇതിന്റെ ആയക്കെട്ടു വിസ്തൃതി 47-00 ഏക്കർ വരും.
3. 11-00 ഏക്കർ വീതം ആയക്കെട്ടു വിസ്തൃതി വരുന്ന ഓരോ ക്രോസ്ബാറുകൾ വീതം കമ്മാടത്തു വയലിലും, മൗക്കോട് വയലിലും നിർമ്മിച്ചു. പക്ഷെ കാനൽ നിർമ്മിച്ചിട്ടില്ല.

മണ്ണു സംരക്ഷണം:-

ഭൂരിഭാഗവും ചരിവുള്ള പ്രദേശമായതിനാൽ മണ്ണൊലിപ്പു തടയാൻ സമഗ്ര പദ്ധതികൾ അത്യാവശ്യമാണ്. ജില്ലാതല മണ്ണു സംരക്ഷണ ഓഫീസ് മുഖാന്തിരം എട്ടോളം പദ്ധതികൾ ഈ പഞ്ചായത്ത അതുത്തിയിൽ നടപ്പിലാക്കി വരുന്നുണ്ട്. 27.34,845 രൂപ മുതൽ മുടക്കി 347.64 ഹെക്ടർ കൃഷിഭൂമിയിൽ പരിപാടികൾ നടപ്പിലാക്കി. പധതി പ്രദേശത്തിന്റെ മൊത്തം വിസ്തൃതി 1021.85 ഹെക്ടർ വരും. ചെറിയൊരു ശതമാനം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. ചരിഞ്ഞ പറമ്പുകളിൽ കയ്യാല കെട്ടി മണ്ണൊലിപ്പു തടയുന്നു. തോടുകളുടെ ഇരുകരകളും കരിങ്കൽകൊണ്ട് കെട്ടി അവിടെയും മണ്ണൊലിപ്പ് തടയുന്നു. ഉയർന്ന കുന്നിൻ പ്രദേശത്തും, തട്ടിൻപ്രദേശത്തും കുഴികൾ കുത്തി മഴവെള്ളം ഒഴുകിപ്പോകാതെ തടഞ്ഞുനിർത്തുന്നു. കന്നുകാലി വളർത്തിയും. തേനിച്ച വളർത്താനും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നു. വിവിധങ്ങളായ പദ്ധതികളാണ് പശ്ചിമ ഘട്ട, വാട്ടർ ഷെഡ്ഡ് പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. ഇതിന്റെ പ്രയോജനം അർഹരായ എല്ലാ കർഷകർക്കും നീതിപൂർവ്വകമായി ലഭ്യമാകുന്നുണ്ട് എന്നുറപ്പു വരുത്തണം.

മണ്ണു പരിശോധന നടത്തി കർഷകർക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുന്ന സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാവണം. കർഷകർ ഇക്കാര്യത്തിൽ പൂർണ്ണമായും ബോധവാന്മാരാണെന്നു കരുതാൻ വയ്യ. രാസവളവും കീടനാശിനിയും ഉപയോഗിക്കാൻ കർഷകർക്കു താൽപര്യം ഉണ്ട്. എന്നാൽ അവ ഫലപ്രദമാകണമെങ്കിൽ മണ്ണിന്റെ തരവും, ഗുണമേന്മയും, വളത്തിന്റെ ചേരുവയും ശാസ്ത്രീയമായി പരിശോധിച്ചറിയണം. അതിന്റെ വെളിച്ചത്തിലുള്ള വളപ്രയോഗം മാത്രമേ ഫലപ്രദമാവുകയുള്ളൂ.

രാസവളം-കീടനാശിനി വിതരണം

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ മൂന്നോളം ഏജൻസികൾ മുഖേനയാണ് രാസവളം കീടനാശിനി വിതരണം മുഖ്യമായും നടക്കുന്നത്. ഇതിനു പുറമേ ചിറ്റാരിക്കൽ, നീലേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ ചെന്നും കർഷകർ ഇവ വാങ്ങിക്കുന്നുണ്ട്. വെസ്റ്റ് എളേരി അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി (നർക്കിലക്കാട്), വെസ്റ്റ് എളേരി സർവ്വീസ് സഹകരണ ബേങ്ക് (വരക്കാട്), കാസർകോട് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി (ഭീമനടി ഡിപ്പോ) എന്നിവയാണ് രാസവളം-കീടനാശിനി വിതരണം ചെയ്യുന്ന ഏജൻസികൾ.

മഴയെ ആശ്രയിച്ചാണ് വെസ്റ്റ് എളേരിയിലെ കാർഷിക വ്യവസ്ഥ നിലകൊള്ളുന്നത്. വർഷത്തിൽ ശരാശരി 3600 മി. മി. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിൽ കൂടുതൽ മഴ ലഭിക്കുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മഴ തീരെ ഇല്ല. വേനൽക്കാലത്ത് ജലക്ഷാമം അനുഭവിക്കുന്നുണ്ട്. നാല് പൊതു കുളങ്ങളും തേജസ്വിനി പുഴയിലേക്ക് ഒഴുകിയെത്തുന്ന ഏതാനും തോടുകളും പുഴകളുമാണ് വെസ്റ്റ് എളേരിയിലെ ഉപരിജലസ്രോതസ്സുകളിൽ പ്രധാനപ്പെട്ടത്. പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി ഒഴുകുന്ന ചൈത്രവാഹിനി പുഴയാണ്. തേജസ്വിനി പുഴയുടെ ഭാഗമായ കാക്കടവ് പുഴ, മൗക്കോട്-പെരുമ്പട്ട തോട്, ഏച്ചിലാങ്കയം തോട്, കമ്മാടം തോട്, കുറുഞ്ചേരി പരപ്പച്ചാൽതോട്, മാങ്ങോട് തോട്, പ്ലാച്ചിക്കര തോട്, ആനക്കയം തോട്, ചിർക്കയം പാങ്കയം തോട്, എന്നിവയടക്കം മൊത്തം 100 കി. മി. ഓളം നീളത്തിലൊഴുകുന്ന പുഴകളും തോടുകളും ചെറുതോടുകളും വെസ്റ്റ് എളേരിയിലുണ്ട്. മിക്കവയിലും വേനൽക്കാലത്ത് നീരൊഴുക്ക് തീരെകുറവാണ്.

വെസ്റ്റ് എളേരിയിലെ കാർഷിക വ്യവസ്ഥയിൽ ചെറുകിട ഭൂവുടമസ്ഥരുടെ മുൻതൂക്കവും തുണ്ടുവൽക്കരണവും വർദ്ധിച്ചുവരുന്ന അവസ്ഥയുണ്ട്. ചിലയിടങ്ങളിൽ മണ്ണിന്റെ ഫലപുഷ്ടി ഇല്ലായ്മ, മണ്ണൊലിപ്പ്, ജല ദൗർലഭ്യം, കീടബാധ, ജലസേചനമില്ലായ്മ, അത്യുൽപ്പാദന ശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്, കർഷകതൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട്, കൃഷിഭവനിൽ നിന്നും വേണ്ടത്രസഹായം കിട്ടായ്മ, നിലവിലുള്ള ജലസേചന പരിപാടികൾശരിയായി പ്രവൃത്തിക്കാത്ത അവസ്ഥ കാർഷികവായ്പകൾ ആവശ്യത്തിനു ലഭ്യമാകാതിരിക്കൽ, തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ വെസ്റ്റ് എളേരിയിലെ കർഷകർ അഭിമുഖീകരിക്കുന്നുണ്ട്. കൃഷിഭവൻ മുഖാന്തിരം നടീൽ വസ്തുക്കളുടെ വിതരണം തീർത്തും അപര്യാപ്തമാണ്. പഞ്ചായത്തിനകത്ത് നടപ്പിലാക്കിയ ജലസേചന പദ്ധതികൾ ഒന്നും തന്നെ ഫലപ്രദമല്ല. അവ പരാജയമാണ്. ന്യായമായ വിലയ്ക്ക് ലഭ്യമാകുന്ന വിപണന കേന്ദ്രങ്ങളും പഞ്ചായത്തിൽ അതിർത്തിയിൽ കുറവാണ്. കാർഷികയന്ത്രോപകരണങ്ങളുടെ ഉപയോഗം പഞ്ചായത്തിൽ വളരെ കുറവാണ്. മോട്ടോർ, പമ്പു സെറ്റുകൾ, റോക്കർ സെപ്രയറുകൾ, പോൾട്ടബിൾ പമ്പ്സെറ്റ് എന്നിവ ചില കർഷകർ ഉപയോഗിക്കുന്നു. കാർഷികവൃത്തിയിൽ യുവതലമുറ താൽപര്യം കാണിക്കുന്നില്ല. ചിലർ നിർമ്മാണതൊഴിലിലേക്കാണ് ശ്രദ്ധപതിപ്പിക്കുന്നത്.

ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്കു പരിശീലനം നൽകുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ ഇല്ല. ഒരേയൊരു കൃഷിഭവൻ മാത്രമാണുള്ളത്. പ്രവർത്തനമേഖലയുടെ വ്യാപ്തി, ഈ പഞ്ചായത്തിൽ ഒരു കൃഷിഭവൻ തീർത്തും അപര്യാപ്തമാക്കിയിരിക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്താൻ വേണ്ടുന്ന സംവിധാനം പഞ്ചായത്തിൽ ഇല്ല. രാസവളത്തിന്റെ അവിതമായവിലക്കയറ്റം കർഷകരെ വളരെയേറെബാധിക്കുന്നു. കന്നുകാലി സമ്പത്ത് ശോഷിച്ചതോടെ രാസവളത്തെ കൂടുതൽ ആശ്രയിക്കേണ്ടി വരുന്നുണ്ട്. ജൈവവളം ഉല്പാദിപ്പിക്കാനും അവ ഉപയോഗിക്കാൻ കർഷകരെ പ്രേരിപ്പിക്കാനു സംവിധാനങ്ങൾ ഇല്ല. ആദ്യകാലഘട്ടത്തിനു തീർത്തും ജൈവവളത്തെ ആശ്രയിച്ച കർഷകവിഭാഗത്തിനും, ഇന്ന് അതിന്റെ ഉപയോഗക്രമം വശമില്ലാതിരിക്കുന്നു.

വെസ്റ്റ് എളേരിയിലെ കാർഷികരംഗത്തെ പൊതുവായ ചില പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. 90% വും ചരിഞ്ഞകുന്നിൻ പ്രദേശമായതിനാൽ മണ്ണൊലിപ്പ് വ്യാപകമാണ്.
2. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല രാസവളപ്രയോഗം നടത്തുന്നത്.
3. ജലസേചന സൗകര്യം വളരെകുറവാണ്. മിക്കവാറും മഴയെ മാത്രമാണ് കർഷകർ ആശ്രയിക്കുന്നത്.
4. റബ്ബറിന് ചീക്കും, പട്ടമരപ്പും, തെങ്ങിനു കൂമ്പ് ചീയൽ, കുരുമുളകിന് ദ്രുതവാട്ടം, കമുകിന് മഹാളി, കശുമാവിന് പുഴുകുത്തും തയിലകൊതുകിന്റെ ശല്ല്യവും തുടങ്ങി എല്ലാവിധ കീടരോഗവും വ്യാപകമായി കാണുന്നുണ്ട്.
5. ഏറി വരുന്ന കർഷകരുടെ എണ്ണത്തിനു ആനുപാതികമായി കൃഷിഭവന്റെ സേവനം ലഭ്യമാകുന്നില്ല.
6. വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നു. പ്രത്യേകിച്ചു വനത്തിന് സമീപസ്ഥങ്ങളായ ആക്കച്ചേരി, പെരളം, പൂങ്കോട്, മൗക്കോട്, ബഡൂർ, ചെമ്മരംകയം, വളഞ്ഞങ്ങാനം, ചട്ടമല, കാവുന്തല, കുറുക്കട്ടിപൊയിൽ പ്ലാച്ചിക്കര പ്രദേശങ്ങളിൽ ഈ പ്രശ്നം കൂടുതലായി ഉണ്ട്.
7. പ്രകൃതിക്ഷോഭം മൂലം കാലാകാലങ്ങളിൽ വൻതോതിൽ കൃഷിനാശം അനുഭവപെടുന്നു. പ്രത്യേകിച്ചും റബ്ബർ മരങ്ങൾക്ക്.
8. ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്കു പരിശീലനം ലഭ്യമല്ല.
9. കർഷക തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു.
10. വൈദ്യുതിയുടെ ലഭ്യതക്കുറവും, വോൾട്ടേജ് ക്ഷാമവും ആധുനിക കൃഷിയന്ത്രങ്ങൾ ഉപയോഗിക്കാൻ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു.
11. തോടുകൾക്ക് പാർശ്വഭിത്തിയില്ലാത്തതിനാൽ ഇരു കരയിലും കരയിടിച്ചിൽ ഉണ്ടാകുന്നു.
12. തേജസ്വിനി പുഴയിൽ നിന്നും മുക്കടമുതൽ കുന്നുംകൈ വരെയും പെരുമ്പട്ട മുതൽ കാക്കടവ് വരെയും ഉപ്പുവെള്ളം കയറുന്നു.
13. ബെഡ ർ, മൗക്കോട്, താലോലപൊയിൽ, കുന്നുംകൈ, കമ്മാടം, പ്ലാച്ചിക്ക , വേനൽ പാവ എളേരിത്തട്ട് തുടങ്ങിയ സ്ഥലങ്ങളിലെ കൊച്ചു കൊച്ചു നെൽപ്പാടങ്ങൾ മണ്ണുകൊണ്ട് നികത്തി നാണ്യ വിളകൾ കൃഷി ചെയ്തു വരുന്നു.
14. നിലവിലുള്ള ജലസേചന പദ്ധതികൾ ഒന്നും തന്നെ ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല.
15. പഞ്ചായത്തിൽ എല്ലായിടത്തും കുരുമുളകു കൃഷിയും കശുമാവു കൃഷിയും നാശത്തിന്റെ വക്കിലാണ്.
16. തിയ്യടുക്കത്ത് ജലസേചനത്തിന് ചീർപ്പുണ്ടെങ്കിലും കൃത്യമായും പലകയിടാത്തതിനാൽ പ്രയോജനം കിട്ടുന്നില്ല.
17. താലോലപൊയിലിൽ ഒരു ഫാം ഹൗസ് ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല.
18. പഞ്ചായത്ത് നിർദ്ദേശിച്ച പതിനഞ്ചോളം ചെറുകിട കാർഷിക ജലസേചന പദ്ധതികൾ ഒന്നും തന്നെ പൂർത്തികരിക്കപ്പെട്ടിട്ടില്ല. ഇതിൽ ആറെണ്ണവും നീർമറി പദ്ധതി പ്രദേശത്താണ് എന്നത് ശ്രദ്ധേയമാണ്.
19. പാലാന്തടം, മൗക്കോട് ക്രോസ്ബാറിന്റെ പണി തീരാതെ കിടക്കുന്നു.
20. കാക്കടവ് പദ്ധതി അനിശ്ചിതത്വം കൊണ്ട് ഭൂമയുടെ ക്രയ വിക്രയം, ലോൺ, മറ്റു കാർഷിക വികസനം എന്നിവയുടെ കാര്യത്തിൽ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
21. കാക്കടവ് ജലസേചന പദ്ധതി നടപ്പിലായാൽ നമ്മുടെ പഞ്ചായത്തിലെ പ്രത്യേകിച്ചും ഒന്ന് രണ്ട് വാർഡിലെ ജലസേജനത്തിനും കുടിവെള്ളപ്രശ്നത്തിനും പരിഹാരമാവും.
22. ഭൂമിശാസ്ത്രപരമായി നീരുറവകളും മലഞ്ചെരിവുകളും ഏറെയുള്ള ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശവും നീർമറി പ്രദേശമായി പ്രഖ്യപിക്കേണ്ടതാണെന്ന അഭിപ്രായം ഗ്രാമസഭാ ചർച്ചയിൽ ഉയർന്നു വന്നിട്ടുണ്ട്.
23. മണ്ണൊലിപ്പ് തടയാനും ജലസേചനം മെച്ചപ്പെടുത്താനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ജലസ്രോതസ്സുകളും ജലസേചന സാധ്യതകളും ഏതൊക്കെയെന്നു മറുപുറം ചേർക്കുന്നു.

(a) ചെമ്മരംകയം പുഴയിൽ തടയണകെട്ടി മലമുകളിൽ ടാങ്കുനിർമ്മിച്ചു ജലം സംഭരിച്ചാൽ(ലിഫ്റ്റ് ഇറിഗേഷൻ) ഒന്നാംവാർഡിലെ ജലസേചനപ്രശ്നം പരിഹരിക്കാം. കാക്കടവ് പദ്ധതി ഉയരം കുറച്ചു നടപ്പിലാക്കിയാലും ഈ ഗുണംലഭിക്കും.

(b) ആക്കോച്ചരിക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ബഡൂർ കുളംകുത്തി ലിഫ്ട് ഇറിഗേഷനായി ടേങ്കിൽ ജലംസംഭരിച്ചു ജലസേചനം നടത്തിയാൽ ഒന്ന് രണ്ട്, മൂന്നു വാർഡുകൾക്കുപരിക്കും.

(c) മൈത്താനിയിൽ കുളം നിർമ്മിച്ച്, പുത്തരിയൻകല്ലിൽ ടാങ്ക് ഉണ്ടാക്കി ലിഫ്റ്റ് ഇറിഗേഷനായി ജലം സംഭരിച്ചാൽ പാലക്കുന്ന് - കമ്മാടം വരെയും പുത്തരിയങ്കല്ല് കുന്നുംകൈ കോളിയാട് വരെയും ജലസേചനത്തിനു സാദ്ധ്യയുണ്ട്.

(d) തേനൂർ, പെരളം, കരിമുണ്ടകയം ഉള്ള സ്വകാര്യ കുളങ്ങൾ വികസിപ്പിച്ചും, പെരളത്ത് ഒരു പൊതു കുളം നിർമ്മിച്ചും കാർഷികാവശ്യത്തിനു ജലസേചനം നടത്താനാകും.

(e) ചെന്നടുക്കം, കമ്മാടം, വരക്കാട്, ചെർപടൽ, ചേമ്പ, മുള്ളൻകല്ല്, പാറക്കടവ് എന്നീ സ്ഥലങ്ങളിൽ പൊതു കുളങ്ങൾ നിർമ്മിക്കാൻ സാധിക്കും. ചെന്നടുക്കത്തെ അതിപുരാതനമായ ഒരു സ്വകാര്യ കുളം എറെടുത്ത് അറകുറ പണികൾ ചെയ്താൽ വളരെയധികം ജലസേചന സൗകര്യമുണ്ടാകും.

(f) അഞ്ചാം വാർഡിലെ സ്വകാര്യ വ്യക്തികളുടെ അഞ്ചാളം വറാത്ത കുളങ്ങൾ അറകുറ പണി ചെയ്ത് പൊതുജലസേചനത്തിനു പ്രയോജനമാക്കാം. കൂവപ്പാറ, കുറുക്കുട്ടിപ്പൊയിൽ, പരുപ്പച്ചാൽ, എന്നിവിടങ്ങളിലെ നീരുറവകൾ, പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്.

(g) കായക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ഏരുമക്കയത്തുനിന്നും ലിഫ്റ്റ് ഇറിഗേഷൻ നടത്താം.

(h) പുതുക്കുന്നിലെ ജലസ്രോതസ് ഉപയോഗപ്പെടുത്തി ജലസേചനം നടത്താം.

(i) വളഞ്ഞങ്ങാനം, ചട്ടമല, കാവുന്തല, കിണറാടി, കുളത്തുകാട്, വള്ളിക്കൊച്ചി, എന്നിവിടങ്ങളിൽ പൊതുകുളം കുത്താൻ ഏറെ സാധ്യതയുണ്ട്.

(j) കീളിയൻ ചാലിൽ ഉള്ള സ്വകാര്യ കുളം നന്നാക്കി പുന്നക്കുന്നിൽ ടാങ്കുകൾ നിർമ്മിച്ച് ജലം സംഭരിച്ച് ജലസേചനം നടത്താം.

(k) ഒറക്കവുങ്ങിലെ സ്വകാര്യ കുളം നന്നാക്കിയും, കുററിത്താനി, പാലച്ചാൽതട്ട്, എന്നിവിടങ്ങളിൽ പൊതു കുളം കുത്തിയും ടേങ്കുകൾ നിർമ്മിച്ചു ജലസേചനം നടത്താനാകും.

(l) വരക്കാടുള്ള സ്വകാര്യ വ്യക്തിയുടെ കുളം ലിഫ്റ്റ് ഇറിഗേഷൻവഴിഏച്ചിപ്പൊയിൽ തട്ടിൽ ടേങ്കിൽ ജലം സംഭരിച്ചാൽ ഏറെ ജനങ്ങൾക്ക് ഉപകരിക്കും

(m) നിലവിൽ ഉള്ള പദ്ധതികൾ അറകുററപ്പണി നടത്തി കൂടുതൽ കാര്യക്ഷമമായി ജലസേചനം നടത്തേണ്ടതാണ്.


(n) താഴെപറയുന്ന സ്ഥലങ്ങളിൽ തോടുകളിൽ ചെക്ക്ഡാം നിർമ്മിച്ചു ജലസേചനം നടത്താനുള്ള സാധ്യതയുള്ളതായി ഗ്രാമസഭാചർച്ചകളിൽ അഭിപ്രായമുണ്ടായിട്ടുണ്ട്.
ബഡൂർ, ഒട്ടപ്പടവ്, കടക്കാട്, തളിക്കര, ആറിലാംകണ്ടം, എച്ചിലാംകയം, കോടംകല്ല്, മറുപാട്ടം, പാലക്കുന്ന്, കരിമുണ്ടംകയം, മണ്ടിക്കുവല, തേനൂർ, വരമ്പുപാറ, കമ്മാടം ചെറിയതോട്, പൂങ്ങോട്, മൂക്കോട് കുറുഞ്ചേരി, കൂരാങ്കുണ്ട്, പ്ലാച്ചിക്കര, അട്ടക്കാട്, കണ്ണംകുന്ന് നമ്പച്ചേരി, അരയൻകുളം, മുണ്ടേനി, പാറക്കടവ്, നർക്കിലക്കാട്, വരക്കാട്, കൊടിയംകുണ്ട്. പള്ളത്തുകടവ്, കാവുന്തല, വളഞ്ഞങ്ങാനം, കുളത്തുകാട്, പുങ്ങംചാൽ, വെള്ളച്ചിപ്പാറ, ചിർക്കയം, കാനിക്കുണ്ട്, മല്ലിയോടൻ കാവ്, നാട്ടക്കല്ല്, മോതിരകുന്ന്, ആനക്കയം, ചട്ടമല, കാറാംകവല, പാങ്കയം. കല്ലടയം, എന്നിവിടങ്ങളിലാണ് ചെക്കുഡാമുകൾക്കു സാദ്ധ്യതയുള്ളതായി ഗ്രാമസഭാചർച്ചകൾ അഭിപ്രായപ്പെട്ടത്. രണ്ടാംവാർഡിലെ കുണ്ടംതട്ടിൽ ഈ അടുത്തകാലത്തായി 12 കുടുംബങ്ങൾ ചേർന്ന് കൃഷിഭവന്റെയും പഞ്ചായത്തിന്റെയും സഹായത്തോടെ പുത്തരീയങ്കല്ല് എന്ന ദിക്കിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്.

ചൈത്രവാഹിനി പുഴയിൽ മുട്ടോംകടവ് തുടങ്ങി കുന്നുംകൈ പാലം വരെ രണ്ട് കിലോമീറ്റർ ഇടവിട്ട് ക്രോസ്ബാർ നിർമ്മിച്ചാൽ ഈ പഞ്ചായത്തിലെ കാർഷികാവശ്യത്തിനുള്ള ജലലഭ്യത വളരെയേറെ മെച്ചപ്പെടുത്താവുന്നതാണ്.

വെസ്റ്റ് എളേരി



ഗ്രാമ പഞ്ചായത്ത്



വനം

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ എളേരി വില്ലേജിൽ 425.84 ഹെക്ടർ റിസർവ് വനവും, ഭീമനടി വില്ലേജിൽ 663.95 ഹെക്ടർ റിസർവ് വനവും ഭീമനടി വില്ലേജിൽ 0.5 ഏക്കർ 077 സെന്റ് റവന്യൂ വനവും (കുമ്മാടം കാവ്) ഉണ്ടെന്ന് ബന്ധപ്പെട്ട വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

മാലോം വില്ലേജിൽപ്പെട്ട പാമ്പിലെ നിക്ഷിപ്ത വനഭൂമി (ചാമക്കുളം) ഉൾപ്പെടുന്നു. എളേരി വില്ലേജിൽ ഉള്ള നിക്ഷിപ്ത വനം വളഞ്ഞങ്ങാനം (കോട്ടമല) ഫോറസ്റ്റ് എന്നും, ഭീമനടി വില്ലേജിലെ ആക്കച്ചേരി റിസർവ് വനം എന്നും അറിയപ്പെടുന്നു.

ഭീമനടി വില്ലേജിലെ റവന്യൂ വനം കുമ്മാടം കാവ് എന്നും അറിയുന്നു. വനത്തിൽ വില പിടിപ്പുള്ള മരങ്ങളും മുള, ചൂരൽ ഓട, അത്യപൂർവ്വമായ ഇനം പച്ചമരുന്നുകളും ധാരാളം കാണാം.

ആക്കച്ചേരി ഫോറസ്റ്റിൽ ഈട്ടി, ഇരുൾ, മരുത്, വെണ്ടേക്ക്, തടിച്ചിൽ, വെങ്ങ, ചുവന്ന വെങ്ങ, തവിടി, എന്നീ മരങ്ങളും വളരെ കുറച്ച് ആഞ്ഞിലിയും കാണാൻ കഴിയും. വാക ഇനത്തിൽപ്പെട്ട മരങ്ങളും ഉണ്ട്. കേഴ, പുള്ളിമാൻ, പന്നി, മുള്ളൻ പന്നി, കൂരൻ എന്നീ മൃഗങ്ങളും ഉണ്ട്. പുള്ളിമാൻ വളരെ കുറച്ച് എണ്ണം മാത്രമേ ഉള്ളൂ എന്നാണറിവ്. പന്നി, മുള്ളൻ പന്നി, എന്നിവ പരിസര പ്രദേശത്തെ കൃഷിക്കാർക്ക് വളരെയേറെ ശല്യം ചെയ്യുന്നുണ്ട്. കുരങ്ങുകളുടെ ശല്യവും ഉണ്ട്. വെരുക്, മരപ്പട്ടി, ഉടുമ്പ്, കുട്ടിത്തേവാങ്ക്, ചെങ്കീരി, പാറാൻ, എന്നീ ജന്തുക്കളും, വേഴാമ്പൽ, തത്ത, കാട്ടുകോഴി എന്നീ വിശേഷപ്പെട്ട പക്ഷികളെയും കാണാൻ കഴിയും.

ആക്കച്ചേരി ഫോറസ്റ്റിന്റെ നടുവിൽ 13 ഏക്കറോളം വരുന്ന കൃഷി ഭൂമി കടുത്ത വേനലിലും നനവുള്ളതുമായ പ്രദേശമാണ്. ഈ പ്രദേശമാണ് വനത്തിന്റെ പേര് സൂചിപ്പിക്കുന്ന ആക്കച്ചേരി. വനത്തിൽ ചിലയിടങ്ങളിൽ പഴയ കാലത്ത് ആളുകൾ താമസിച്ചതിന്റെ ലക്ഷണങ്ങൾ കാണാം. വീടിന്റെ തറകൾ, അടുപ്പുകൾ, മാവ്, പ്ലാവ് എന്നിവയും കാണാം. പ്രത്യേക തരത്തിലുള്ള ഗുഹകളും കാണാൻ കഴിയും. ഇരുപത്തിയഞ്ചു ഏക്കറോളം ചെങ്കൽ പാറയുണ്ട് ഇതിൽ ഒരു പ്രദേശത്തുനിന്നും പതിനഞ്ചേക്കറോളം നിരപ്പായ തരിശു പാറയുണ്ട്. (വലിയ പാറ എന്ന പേരിൽ പരിസര വാസികൾ ഈ പ്രദേശത്തെ പറയുന്നു) ചെറിയ കുണ്ടം പാറ-വലിയകുണ്ടം പാറ വല്ലം പാറ-മുഴക്കൽപാറ കുണ്ടുപെയിൽ-പള്ളം, ആനക്കുഴി, മേപ്പട്ടൂർ-കാനം, ചുമട് വെക്കും പാറ-തുരുത്തി-അമ്പേച്ചാൽ-പെരളം, പൂങ്ങോട്, ബെഡൂർ എന്നിവ സ്ഥലങ്ങൾ വനത്തിലെ ചെറിയ ചെറിയ പേരുകളാണ്. ഫോറസ്റ്റിന്റെ (തെക്ക് ഭാഗം കാക്കടവ് പുഴയും) വടക്ക് പൂങ്ങോട് പെരളം, മാക്കോട് പ്രദേശങ്ങളും (കിഴക്ക് ഈസ്റ്റ് എളേരിയിലെ അമ്പേച്ചാൽ ചെറുവപ്പാടി) പടിഞ്ഞാറ് ബെഡൂരും അതിരുകളാണ്. വനത്തിൽ നിന്നും രണ്ട് മൂന്ന് കൊച്ചരുവികൾ മാർച്ചു മാസം വരെ നീരെഴുക്കും ഉള്ളതാണ്. ഇപ്പോൾ ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ വൃക്ഷത്തൈകൾ നട്ടുപിടിക്കുന്നുണ്ട്. തേക്ക്, മാഞ്ചിയം, മഹാഗണി, സുബാബുൾ, നരിവേങ്ങ, വയനാടൻ മരു

ത് നെല്ലി, പ്ലാവ്, വാക, പൊങ്ങല്ല്യം, ചവോക്ക്, താന്നി, മുള എന്നീ ഇനം വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നത്. ഒരു ഫോറസ്റ്ററുടെ കീഴിൽ രണ്ടു ഗാർഡുമാരും ദിവസ കൂലി വ്യവസ്ഥയിൽ 4 വാച്ചർമാരും വനസംരക്ഷണത്തിന് രാപകലില്ലാതെ ജോലി ചെയ്യുന്നു. കണ്ണൂർ ഡിവിഷന്റെ കീഴിലുള്ള കാഞ്ഞങ്ങാട് റെയിഞ്ചിലാണ് ഈ വന മേഖല ഭീമനടി സെക്ഷനാണ്. കാക്കടവിൽ നിന്നും ബെഡൂർ വഴിയും, ചെമ്മരങ്കയം വഴിയും രണ്ട് റോഡുകൾ വനത്തിൽകൂടി കമ്പല്ലൂര് ചെന്ന് ചേരുന്നു.

പ്രശ്നങ്ങൾ:-

വനപാലകർക്ക് താമസിക്കാൻ വനപ്രദേശത്ത് ക്വാർട്ടേഴ്സുകൾ ഇല്ലാത്തതിനാൽ ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന ജീവനക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ട്. ജീവനക്കാർ കാക്കടവ്- കുന്നുംകൈ ചിറ്റാരിക്കാൽ-ചെറുപുഴ എന്നിവടങ്ങളിൽ ബസിറങ്ങി അഞ്ചും പത്തും കിലോമീറ്ററുകൾ നടന്ന് വേണം വനത്തിലെത്താൻ.

വാർത്താവിനിമയ സൗകര്യം ഇല്ലാത്തതിനാൽ മേലധികാരികൾക്കും, ഫീൽഡ് സ്റ്റാഫിനും തൽസമയം വിവരങ്ങൾ കൈമാറാൻ കഴിയുന്നില്ല.

ഫീൽഡ് സ്റ്റാഫിന് വാഹനം ഇല്ല. ഒരു പ്രതിയെ അറസ്റ്റു ചെയ്താൽ കോടതിയിൽ ഹാജരാക്കും വരെ കസ്റ്റഡിയിൽ വെയ്ക്കാനുള്ള സൗകര്യം ഇല്ല.

വന്യ മൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നില്ല.
ഫോറസ്റ്റ് സ്റ്റേഷനുകൾ ഇല്ല. വനപാലകർക്ക് സ്വയം രക്ഷയ്ക്കുള്ള ആയുധങ്ങൾ ഇല്ല.
വനത്തിനു ചുറ്റും കയ്യാലകളും, മുളളു വേലികളും നിർമ്മിച്ച് വന്യ മൃഗങ്ങളിൽ നിന്ന് ചുറ്റും മുളള കൃഷിയിടങ്ങൾക്ക് സംരക്ഷണം കിട്ടണം.

സാധ്യതകൾ:-

- വനത്തിലുള്ള ചെങ്കൽ പാറയുള്ള പ്രദേശങ്ങളിൽ ബംഗ്ലാവുകൾ സ്ഥാപിച്ച് ടൂറിസ്റ്റുകൾക്ക് താമസിക്കാൻ സൗകര്യം ഉണ്ടാക്കണം.
- വാർത്താ വിനിമയ സൗകര്യം ക്വാർട്ടേഴ്സിന് നൽകണം.
- വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കണം.
- ഫോറസ്റ്റിലൂടെയുള്ള റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം, വാഹനം നൽകണം. വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കൃഷിക്ക് നഷ്ട പരിഹാരം നൽകാൻ റെയിഞ്ചോഫീസർക്ക് അധികാരം നൽകണം.
- ജീവനക്കാർക്ക് സ്വയരക്ഷയ്ക്കുള്ള ആയുധങ്ങൾ നൽകണം.
- വനത്തിനു തൊട്ടുള്ള പറമ്പിലേക്കും വീടിനു മുകളിലേക്കും ചാഞ്ഞു നിൽക്കുന്ന മരത്തിന്റെ കൊമ്പുകൾ യഥാസമയം വെട്ടിമാറ്റാൻ വനപാലകർ ശ്രദ്ധിക്കണം.
- വനത്തിൽ നിന്നും ഒഴുകി പോകുന്ന കാട്ടരുവികളും വരട്ടുകൊല്ലികളും തടയിണ കെട്ടിമണ്ണു സംരക്ഷണം നടത്തണം. മണ്ണൊലിപ്പ് തടയണം.

- വനത്തിലെ വറാറാത്ത ജലസ്രോതസുകളിൽ നിന്നും ജലം കുടിക്കാനും, കൃഷിക്കും ഉപയോഗപ്പെടുന്ന പ്രദേശങ്ങളിൽ പൈപ്പു വഴി ലഭ്യമാക്കണം. ഇതിന് വനംവകുപ്പിന് നികുതി ഏർപ്പെടുത്താവുന്നതാണ്.

- പുഴയോരം, തരിശുഭൂമികൾ എന്നിവിടങ്ങളിൽ വനം വെച്ചു പിടിപ്പിക്കാവുന്നതാണ്. വനവത്ക്കരണത്തിന് ജനപങ്കാളിത്തം ഉറപ്പുവരുത്തണം.

- സ്വന്തം മരം മുറിച്ച് മില്ലുകളിൽ എത്തിക്കുന്നതിന് ലഭ്യമാക്കുന്ന പെർമിറ്റുകൾക്ക് നിലവിലുള്ള നടപടിക്രമങ്ങൾ ഉദ്യോഗസ്ഥൻമാർക്ക് അഴിമതി നടത്തുന്നതിനാണ്. ഇത് ലളിതവും സുതാര്യവുമാക്കണം. കൃഷിക്കാർക്ക് ഗുണകരമാവണം.

- വനം കൊള്ള കർശനമായി തടയണം.
പൊതുസ്ഥലങ്ങൾ, തരിശ് ഭൂമികൾ എന്നിവടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കണം.





"അരി ആന്ധ്രയിൽ നിന്ന് വരും
പച്ചക്കറി പൊള്ളാച്ചിയിൽ നിന്നും
പണം ഗൾഫിൽ നിന്നും
നമുക്കെന്തിന് പുഞ്ചപ്പാടം"



5.2



മൃഗസംരക്ഷണ മേഖല

കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല . ഉത്പാദനപരമായ ഈ മേഖലയുടെ സാദ്ധ്യതകൾ താഴെ കൊടുക്കുന്നു.

1 പോഷക പ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം.
2 വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാററിൻ, ഓസീൻ, കൊഴുപ്പ് മുതലായവ.
3 ഔഷധ വ്യവസായം, ഹോർമോൺ, വാക്സിനുകൾ, എൻസൈമുകൾ മുതലായവ.
4 പരീക്ഷണ ശാലക്കുള്ള മൃഗങ്ങൾ, മൃഗോൽപന്നങ്ങൾ
5 കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളം, നിലം ഒതുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി.
6 ഉർജ്ജ സ്രോതസ് (ബയോഗ്യാസ്)
7 പോഷകാഹാര നിയന്ത്രണം, മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസ ഉല്പാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധമായ സേവനങ്ങൾ.
8 തൊഴിൽ സാദ്ധ്യതകൾ, വരുമാന വർദ്ധനവ്.
9 കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ്. ചെറുകിട നാമമാത്ര കർഷകരുടെ കൈയിൽ ഭൂരിഭാഗവും ആയതുകൊണ്ട്. ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തമാക്കും.
10 ഈ മേഖലയിൽ 60 ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

ഈ മേഖലയിൽ സർക്കാർ മുഖേനയുള്ള പദ്ധതി വിഹിതവും മുതൽമുടക്കും മററു മേഖലകളെ അപേക്ഷിച്ച് തുലോം കുറവാണ്. മററു കാർഷിക മേഖലക്ക് നൽകുന്നതുപോലെ ഗണ്യമായ തോതിൽ സബ്സിഡി, വായ്പാ സൗകര്യങ്ങൾ, ഈ മേഖലയിൽ ലഭ്യമാകുന്നില്ല.

പ്രാഥമിക വിവര ശേഖരണത്തിലൂടെയും തലങ്ങും വിലങ്ങുമുള്ള നടത്തത്തിലൂടെയും, സെക്കൻററി ഡാററാ അവലംബിച്ചും താഴെപ്പറയുന്ന നിഗമനങ്ങളിലെത്താൻ സാധിച്ചു.

വളർത്തു മൃഗങ്ങളും പക്ഷികളും

ഇനം	എണ്ണം
പശു(നാടൻ)	1600
പശു(സങ്കരം)	1525
കന്നുകുട്ടികൾ	ലഭ്യമല്ല
കാള	580
എരുമ	153
ആട്	2250
കോഴി	18000
താറാവ്	206

(അവലംബം: 1996-ലെ കന്നുകാലി സെൻസ്സ് ഡാറ്റ ലഭ്യമായ വിവരങ്ങൾ വെച്ച്)

1 സങ്കര വർഗ്ഗം കന്നുകാലികളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2 എരുമകളുടെ സംഖ്യ കുറഞ്ഞു വരുന്നു.

3 ആടുകളുടെ എണ്ണത്തിൽ അല്പം വരദ്ധനവ് കാണുന്നു.

4 ഉഴവുകാളകളുടെയും, വിത്തു കാളകളുടെയും എണ്ണം കുറഞ്ഞുവരുന്നു.

5 പന്നി വളർത്തലും, കോഴി വളർത്തലും ചില പ്രദേശങ്ങളിൽ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു.

മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ:-

പാലുല്പാദന മേഖല: പ്രശ്നങ്ങൾ:

കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ് പാലുല്പാദന മേഖലയെ തളർത്തിയ ഒരു പ്രധാന കാരണമാണ്.

പച്ചപ്പുല്ലും. വൈക്കോലും മറ്റു പുൽ വർഗങ്ങളും പച്ചിലവൃക്ഷങ്ങളും കുറഞ്ഞുവരുന്നത് ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു.

സഹകരണ മേഖയിൽ പാൽ സൊസൈറ്റികൾ, പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ പ്രദേശങ്ങളിലും പാൽ സംഭരണ കേന്ദ്രങ്ങളില്ലാത്തതുമൂലം ഉൾനാടൻ, കുന്നിൻ പ്രദേശങ്ങളിൽ, വിപണന സാധ്യത മോശമായതുകൊണ്ട് കർഷകർ ഈ രംഗത്ത് പ്രതിസന്ധിയെ നേരിടുന്നു.
സമ്മിശ്ര കൃഷി പരിപാലന രീതി (കർഷകന്റെ വിള സമ്പ്രദായവുമായി ഇണങ്ങി പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന വിള-കന്നുകാലി സമ്മിശ്ര രീതി) അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

കോഴി വളർത്തലും അനുബന്ധമേഖലകളും:

പ്രശ്നങ്ങൾ:

കോഴിത്തീറ്റ ചെലവ് പ്രധാന പ്രശ്നമാണ്.

മുട്ടക്കോഴി വളർത്തലിലും ഇറച്ചിക്കോഴി വളർത്തലിലും ഏർപ്പെടുന്ന കർഷകർക്ക്, കോ

ഴികുഞ്ഞുങ്ങൾ, തീറ്റ, എന്നിവ ലഭ്യമാകുന്നതിനും, ഇറച്ചിക്കോഴി വളർത്തുന്ന കർഷകർക്ക് ഉല്പന്നം, വിറ്റഴിക്കുന്നതിനും, ഇടനിലക്കാരെ, ആശ്രയിക്കേണ്ടി വരുന്നു. കർഷകർ ഇടനിലക്കാരൻ ചൂഷണം ചെയ്യപ്പെടുന്നതിനാൽ, വരുമാനം ചോർന്നു പോകുന്നു.

കോഴികളിലുണ്ടാകുന്ന അസുഖങ്ങൾ ഫലപ്രദമാക്കി നിയന്ത്രിക്കാൻ സാധിക്കാത്തതുകാരണം, കോഴികൾ, ചത്തൊടുങ്ങുന്നത്. കനത്ത സാമ്പത്തിക നഷ്ടത്തിനിടയാക്കുന്നു.

സഹകരണ വായ്പാ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും, ഈ രംഗത്ത്, മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുന്നില്ല സർക്കാർ (മൃഗസംരക്ഷണ വകുപ്പും പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷനും) പ്രവർത്തനങ്ങളും, ആശാവഹമല്ല.

മാംസോല്പാദനം

പ്രശ്നങ്ങൾ

പൊതുജനാരോഗ്യം മുൻനിർത്തി ഏറെ ശ്രദ്ധിക്കപ്പെടേണ്ട ഒരു മേഖലയാണ് മാംസോല്പാദനം:

ശാസ്ത്രീയമായ അറവുശാലകളില്ല.
നാടൻ അറവുശാലകളൊന്നും തന്നെ പഞ്ചായത്ത് ലൈസൻസുള്ളതല്ല.
നാടൻ അറവുശാലകളുടെ മേൽ പഞ്ചായത്ത് നിയന്ത്രണ സംവിധാനമില്ല.
രോഗം പിടിപ്പെട്ടതും മാംസോല്പാദനത്തിന് കൊള്ളാത്തതുമായ ഉരുക്കളെ, കശാപ്പു ചെയ്ത് അറവുകാർ വില്ക്കുന്നു.

മൃഗങ്ങൾ പലതരത്തിലുള്ള ക്രൂരതകളും. പീഡനങ്ങൾക്കും വിധേയമായികൊണ്ടിരിക്കുന്നു.

നാടൻ അറവുശാലകളിൽ, മാംസം ഒഴികെയുള്ള ഘടകങ്ങൾ പാഴായിപോകുന്നു. എല്ല്, തോൽ, രക്തം, മറ്റ് ശരീരഭാഗങ്ങൾ എന്നിവ ശാസ്ത്രീയമായ രീതിയിൽ, കൈകാര്യം ചെയ്താൽ എല്ല്പൊടി, ബ്ലഡ് മീൻ എന്നിവ (Blood mean) ഉല്പ്പാദിപ്പിക്കാനും, ആദായം വർദ്ധിപ്പിക്കാനും സാധിക്കും.

നാടൻ അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ പരിസര മലിനീകരണം എന്ന വിപത്ത് സംഭാവന ചെയ്യുന്നു.

പോഷക സമൃദ്ധമായ മാംസ്യം ലഭ്യമാകുന്നതിനു പകരം. പലതരം രോഗങ്ങൾ പ്രദാനം ചെയ്യാനുള്ള വസ്തുവായി അറവുശാലകളിലെ മാംസം മാറുന്നു.

മറ്റു മേഖലകൾ:

പ്രശ്നങ്ങൾ:

വളർത്തുപട്ടികൾക്ക്, പ്രതിരോധ കുത്തിവെപ്പ്, പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.
വളർത്തുപട്ടികൾക്ക്, ലൈസൻസ് നിർബന്ധമാക്കിയിട്ടില്ല.
തെരുവു പട്ടികളുടെ എണ്ണം പെരുകുന്നത് കാരണം റാബീസ് (പേവിഷബാധ) പൂർണ്ണമായും നിയന്ത്രിക്കാൻ സാധിച്ചിട്ടില്ല.

മൃഗസംരക്ഷണ പ്രവർത്തന കേന്ദ്രങ്ങൾ:

മൃഗസംരക്ഷണ വകുപ്പിൽ, പഞ്ചായത്തിൽ, 6-ാം വാർഡിൽ പ്ലാച്ചിക്കരയിൽ ഒരു വെറ്റിനറി ഡിസ്പെൻസറി പ്രവർത്തിക്കുന്നു. ഈ സ്ഥാപനം 1985 മെയ് 26 നു പ്രവർത്തനമാരംഭിച്ചതാണ്, കുന്നുംകൈ, എളേരിത്തട്ട്, മൗക്കോട് എന്നിവടങ്ങളിൽ ഓരോ ഐ. സി. ഡി. പി. (I. C. D. P.) സബ്-സെൻറുകളും പ്രവർത്തിക്കുന്നു.

അനുബന്ധസ്ഥാപനങ്ങൾ:

പഞ്ചായത്തിൽ വെസ്റ്റ് എളേരി (ഭീമനടി) പെരളം, നർക്കിലക്കാട്, പുങ്ങംചാൽ, പറമ്പ എന്നീ സ്ഥലങ്ങളിൽ ഒരോ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ -APCOS- പ്രവർത്തിക്കുന്നു. അടുത്തകാലത്തായി മിൽക്ക് സൊസൈറ്റികളിൽ ക്ഷീര വികസന വകുപ്പിന്റെ മേൽനോട്ടത്തിലും സാമ്പത്തികസഹായത്തിലും വനിതാ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

പ്ലാച്ചിക്കര വെറ്റിനറി ഡിസ്പെൻസറിക്കു വേണ്ടിയുള്ള 10 സെന്റ് സ്ഥലവും പുതിയതായി പണിത കെട്ടിടവും നാട്ടുകാരുടെ സന്നദ്ധപ്രവർത്തനവും പരിപൂർണ്ണ സാമ്പത്തിക സഹായവും കൊണ്ട്, ഉയർന്ന സ്ഥാപനമാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

പ്രശ്നങ്ങൾ:

ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം, വെറ്റിനറി ഡിസ്പെൻസറിയുടെ സേവനം എല്ലാ പ്രദേശത്തും എത്തിക്കാൻ സാധിക്കുന്നില്ല.

അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം എന്നിവ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. അതുകാരണം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്ന റഫ്രിജറേറ്ററുകൾ, സ്റ്റെറിലൈസറുകൾ എന്നിവ ആശുപത്രിയിൽ ലഭ്യമല്ല. ഇത് സേവനരംഗത്തെ പ്രതികൂലമായി ബാധിക്കുന്നു.

മരുന്നുകളുടെയും വാക്സിനുകളുടെയും കുറവ് അനുഭവപ്പെടുന്നു.

ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ ചെറിയൊരു ശതമാനം കർഷകർ മാത്രമേ അംഗങ്ങളായിട്ടുള്ളൂ.

കർഷകരിൽ ഒരു വിഭാഗം തൊട്ടടുത്തുള്ള പഞ്ചായത്തുകളിൽ പാൽ വിൽക്കുന്നു.

ഉല്പാദകന് ന്യായമായ വില, ക്ഷീരോല്പാദക സഹകരണസംഘങ്ങൾ വഴി, ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്: ഉപഭോക്താവിന് പാലിന് കൂടുതൽ വില നല്കേണ്ടിയും വരുന്നു എന്ന അഭിപ്രായവും ശക്തമാണ്. പാൽ വിലയുടെ നല്ലൊരു ഭാഗം ഇടനിലക്കാരായ ഏജൻസികളുടെ കൈകളിലൊതുങ്ങുന്നു എന്നാണ് പ്രാഥമിക സ്ഥിതി വിവര കണക്കുകൾ (പൊതുജനാഭിപ്രായം) സൂചിപ്പിക്കുന്നത്.

പരിഹാരങ്ങൾ എന്തൊക്കെ?

പാലുല്പാദനമേഖല:

സഹകരണാടിസ്ഥാനത്തിൽ, പ്രാദേശിക വിഭവങ്ങൾ, ലഭ്യമാക്കിക്കൊണ്ട്: ചെറുകിട കാലിത്തീറ്റ, നിർമ്മാണയൂണിറ്റുകൾ തുടങ്ങണം.

വീട്ടു വളപ്പിലെ സമ്മിശ്ര കൃഷി പരിപാലന രീതി പ്രോത്സാഹിപ്പിക്കണം. ഒന്നോ രണ്ടോ കറവ പശുക്കൾ വീട്ടുമുറ്റത്തെ കോഴിവളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ, എന്നിവ, മറ്റു കാർഷിക വിളകളോടൊപ്പം പരിപോഷിപ്പിച്ചു കൊണ്ടുപോകണം.

ധനകാര്യ സ്ഥാപനങ്ങളിലൂടെയും, സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെ ശ്രമഫലമായി സബ്സിഡി സംവിധാനമേർപ്പെടുത്തി സഹകരണമേഖലയിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റുകളും പുല്ലുല്പാദന സംരംഭണ കേന്ദ്രങ്ങളും നിലവിൽ വരണം.

ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ എത്തിച്ചുകൊടുക്കണം. കൂടുതൽ പാൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങണം.

വീട്ടുവളപ്പിൽ അത്യുദ്പാദന ശേഷിയുള്ള പുൽവിത്തിനങ്ങളും, പയറു വർഗങ്ങളും കൃഷി ചെയ്യാൻ കർഷകരെ ബോധവത്ക്കരിക്കണം. പുൽകൃഷി നടത്തുവാൻ സാമ്പത്തിക സഹായം അനുവദിക്കണം.

ബാങ്ക് വായ്പകൾ തിരിച്ചടക്കുന്നതിൽ കർഷകർ വീഴ്ച വരുത്തുന്നു. അതിനാൽ ധനകാര്യസ്ഥാപനങ്ങൾ ഈ മേഖലയിൽ വായ്പ നൽകാൻ വിസമ്മതിക്കുന്നു. പാൽ സൊസൈറ്റികൾ മുഖാന്തിരം ബാങ്ക് വായ്പ ലഭ്യമാക്കുകയും സൊസൈറ്റിയിലളക്കുന്ന പാലിന്റെ ഒരു വിഹിതം ബാങ്ക് വായ്പ തിരിച്ചടക്കാനായി സൊസൈറ്റി ഉപയോഗപ്പെടുത്തുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളു.

സാധ്യമാകുന്ന പ്രദേശങ്ങളിൽ ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് കർഷകരെ ബോധവത്ക്കരിക്കണം. പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുത്തുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാൻറ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും.
രണ്ടോ മൂന്നോ പശുക്കളിൽ നിന്നും ലഭ്യമാകുന്ന ചാണകം ഉപയോഗിച്ച് നാലുപേരുള്ള ഒരു കുടുംബത്തിലെ പാചകാവശ്യത്തിനുള്ള ഗ്യാസ് ഉല്പാദിപ്പിക്കാം എന്നാണ് ശരാശരി കണക്ക്. പശു, എരുമ, പന്നി, എന്നിവയുടെ വിസർജ്യങ്ങൾ, ഗോബർ ഗ്യാസ് ഉണ്ടാക്കുന്നതിനുപയോഗിക്കാം. സമ്മിശ്ര മൃഗപരിപാലനം വഴി കൂടുതൽ നന്നായി ഗോബർ ഗ്യാസ് പ്ലാൻറ് നടത്താം.

കാലിത്തീറ്റക്കു വേണ്ടി പരുക്കൻ ധാന്യങ്ങൾ ഉണ്ടാക്കാൻ കഴിയണം. ഇവിടെ ഉല്പാദിപ്പിക്കുന്ന തേങ്ങ ആട്ടി വെളിച്ചെണ്ണ ഉണ്ടാക്കുന്ന പ്രക്രിയ ഇവിടെത്തന്നെ നടത്തുകയും അതിന്റെ ഉപോല പന്നമായ പിണ്ണാക്ക് ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണം വ്യാപകമാക്കുകയും ചെയ്യണം. ഇതിലൂടെ കാർഷിക മേഖലയുമായ മൃഗപരിപാലനത്തെ ബന്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്കവിധം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാൻ സഹായിക്കുകയും ചെയ്യും. കപ്പയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും അത് ഉപയോഗിച്ച് തദ്ദേശീയമായി കാലിത്തീറ്റ ഉണ്ടാക്കുകയും ചെയ്യുക. പുളിങ്കുരു, ചക്കക്കുരു മറ്റു ലഭ്യമായ തീറ്റ സാധനങ്ങൾ എന്നിവ ശേഖരിച്ച് തീറ്റ നിർമ്മാണത്തിനുപയോഗിക്കുക.

കന്നുകുട്ടി പരിപാലന പദ്ധതി ഊർജ്ജിതപ്പെടുത്തുക. സമഗ്ര ഇൻഷ്വറൻസ് സംവിധാനമില്ലാത്തതിനാൽ കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ മുഴുവനും കർഷകനു തന്നെങ്ങിവരുന്നു. ഇൻഷ്വറൻസ് പ്രീമിയം വളരെ കൂടുതലുമാണ്.
സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മാസ്റ്റർ പോളിസി നടപ്പാക്കുക.

കോഴി വളർത്തലും അനുബന്ധ മേഖലകളും:-

തീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുകയോ, സബ്സിഡി നിരക്കിൽ തീറ്റ ലഭ്യമാക്കുകയോ ചെയ്ത് ചെറുകിട കോഴിവളർത്തൽ യൂണിറ്റുകാരെ പ്രോത്സാഹിപ്പിക്കണം.

കോഴിക്കുഞ്ഞുങ്ങളെയും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും ലഭ്യമാക്കാൻ വേണ്ട നടപടിക്ക് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കണം.

ഇറച്ചിയും, മുട്ടയും പ്രാദേശികമായി വിറ്റഴിക്കുന്നതിന് വില്പന സെൻറുകൾ തുടങ്ങാൻ പ്രോത്സാഹനം നൽകണം. വില്പനയിൽ ഇടനിലക്കാരെ ഒഴിവാക്കി ആദായം വർദ്ധിപ്പിക്കാം. വില്പന സെൻറുകളിൽ കോൾഡ് സ്റ്റോറേജുകളും മറ്റും സ്ഥാപിക്കാൻ സബ്സിഡി വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം

ഈ രംഗത്ത് കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുവാൻ സാധിക്കണം.

കോഴിരോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ മാർഗങ്ങളാരായണം.

സാധ്യതയുള്ള പ്രദേശങ്ങളിൽ കോഴിവളർത്തലിനോടൊപ്പം പന്നിവളർത്തൽ യൂണിറ്റുകൾ തുടങ്ങണം. ഇത് സംയുക്ത മേഖലയിൻ മുതൽമുടക്ക് കുറച്ചുകൊണ്ട് ആദായം വർദ്ധിപ്പിക്കുന്നതിനുതകും.

വീട്ടമ്മമാരെ ഉദ്ദേശിച്ചുകൊണ്ട് വീട്ടു വളപ്പിൽ അടുക്കള മുറ്റത്തെ കോഴി വളർത്തലും സാധ്യമായ പ്രദേശങ്ങളിൽ താറാവു വളർത്തൽ, കാട വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.

വനിതാസംരംഭകരുടെ ചെറുകിട കോഴിവളർത്തൽ യൂണിറ്റുകൾ രൂപീകരിക്കണം.

സ്കൂൾ പൗൾട്രി (School Poultry Clubs) ക്ലബുകൾ രൂപീകരിക്കണം. ഇതിനായി കോഴിക്കുഞ്ഞുങ്ങളെ സർക്കാർ കേന്ദ്രങ്ങളിൽ നിന്നും നൽകണം.

തെരഞ്ഞെടുത്ത കർഷകരിലൂടെ എഗ്ഗർ-നർസറികൾ (Egger Nursery) സ്ഥാപിച്ച് കൂടുതൽ കോഴികുഞ്ഞുങ്ങളെ പ്രാദേശികമായി ലഭ്യമാക്കണം (ഒരുദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങളെ സർക്കാർ ഏജൻസികൾ വഴി എഗ്ഗർ നർസറികൾക്ക് നല്കുന്നു. അവയെ 40-45 ദിവസം വരെ വളർത്തി കർഷകർക്കിടയിൽ വിതരണത്തിനെത്തിക്കുന്നു.)

കോഴിവളർത്തൽ കർഷകരുടെ സഹകരണസംഘം രൂപീകരിച്ച് സബ്സിഡി നല്കിയും സാധ്യമായ മറ്റു മാർഗ്ഗങ്ങൾ വഴി വിഭവസമാഹരണം നടത്തിയും ഈ മേഖല ശക്തമാവുന്നക്കാര്യത്തേയുള്ളൂ.

കോഴികുഞ്ഞുങ്ങളെ വൻതോതിൽ വിരിയിച്ചെടുക്കാൻ വേണ്ടുന്ന സംവിധാനം (ഇൻകുബറേറ്ററുകൾ) ജില്ലക്കകത്തുണ്ടാകണം.

പോഷകാഹാരം കൂടുതലുള്ള കോഴിത്തീറ്റ ഉണ്ടാക്കുന്നതിനായി മത്സ്യബന്ധനവുമായി ബന്ധപ്പെടുത്തി നടപടി കൈക്കൊള്ളണം.

കോഴിത്തീറ്റ, കാലിത്തീറ്റ എന്നിവയ്ക്കുള്ള നികുതി കർഷകരിൽ നിന്നും ഈടാക്കാൻ പാടില്ല, (കോഴിത്തീറ്റ, കാലിത്തീറ്റ; എന്നിവയെ നികുതിയിൽ നിന്നൊഴിവാക്കണം)സബ്സിഡി നൽകണം.

സർക്കാർ തലത്തിൽ ഫീഡ് മിക്സിങ്ങ് യൂനിറ്റുകൾ (Feed mixing units) മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും വേണം.

അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെയെത്തുന്ന മുട്ടയുടെയും, മാംസ (കോഴിയിറച്ചി) ത്തിന്റെയും വരവ് നിയന്ത്രിക്കാനുള്ള സംവിധാനമുണ്ടാക്കണം. ആഭ്യന്തരം ഉപഭോഗത്തിനനുസരിച്ച്, ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചുകൊണ്ടായിരിക്കണം. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി നിയന്ത്രിക്കേണ്ടത് എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇൻഷൂറൻസ് പദ്ധതി-മാസ്റ്റർ പോളിസി ഏർപ്പെടുത്തുക.

മാംസോല്പാദനം:

അറവുശാലകൾ ശാസ്ത്രീയമായി പരിഷ്കരിക്കണം.

പഞ്ചായത്ത് ലൈസൻസ് അറവുശാലകൾക്ക് നിർബന്ധമാക്കണം.

അറവുശാലകളിൽ പഞ്ചായത്ത് നിയന്ത്രണത്തിൽ വെറ്ററിനറി മാംസ പരിശോധനാ സംവിധാനങ്ങളുണ്ടാക്കണം.

ലൈസൻസ് ഇല്ലാത്ത അറവുശാലകൾ പൂർണ്ണമായും നിരോധിക്കണം.

ജന്തുദ്രോഹ നിവാരണ സമിതികൾ രൂപീകരിച്ച് മൃഗങ്ങൾക്ക് നേരെയുള്ള ക്രൂരത അവസാനിപ്പിക്കണം.

മാംസം ഒഴികെയുള്ള ഉല്പന്നങ്ങൾ (ഉപോല്പന്നങ്ങൾ) വ്യാപാരസ്ഥാനത്തിൽ ശേഖരിച്ച് ഉപയോഗിക്കണം തോൽ, മാംസം, രക്തം തുടങ്ങിയവ ഉപയോഗിച്ചു നടത്താവുന്ന വ്യാപാരസ്ഥാപനങ്ങൾക്ക്, രൂപം കൊടുക്കുന്നതിലൂടെ, തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ കഴിയും.

മറ്റുമേഖലകൾ:

റാബീസ് (Rabies) -പേവിഷബാധ- നിയന്ത്രിക്കാൻ വളർത്തുപട്ടികൾക്ക് ലൈസൻസും, വാക്സിനേഷനും (പ്രതിരോധകുത്തിവെപ്പും) നിർബന്ധമാക്കണം.

വാർത്താമാധ്യമങ്ങൾ, സിനിമാ പ്രദർശനങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ട് ജനങ്ങളെ കൂടുതൽ ബോധവല്ക്കരിക്കണം.

മൃഗസംരക്ഷണ പ്രവർത്തന കേന്ദ്രങ്ങൾ:

പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ മേൽനോട്ടത്തിൽ വെറ്ററിനറി ഡിസ്പെൻസറിയുടെയും, സബ്സെന്ററുകളുടെയും പ്രവർത്തനങ്ങൾ, ഏകോപിപ്പിക്കണം.

സബ് സെന്ററുകൾ ആവശ്യമാണെങ്കിൽ പുതിയവ സ്ഥാപിക്കുകയും ഇപ്പോഴുള്ളവ ഫലപ്രദമായി വിനിയോഗിക്കാൻ തക്ക വിധത്തിൽ മാറ്റി സ്ഥാപിക്കുകയും വേണം. ഭീമനടി വില്ലേജിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കണം. മൗവേനി സബ്സെന്റർ തുടങ്ങണം.

ക്ഷീരോല്പാദകസംഘങ്ങൾ, ക്ഷീര വികസന വകുപ്പ്, ഗ്രാമ വികസന വകുപ്പ് എന്നിവ മുഖേനയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും ഈ മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ, മൃഗ സംരക്ഷണ വകുപ്പിലെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചും സമന്വയിപ്പിച്ചും മുന്നോട്ടു കൊണ്ടുപോകണം. കൃഷിഭവനുകളിൽകൂടി സമ്മിശ്ര കൃഷി പരിപാലനരീതിക്ക് ഊന്നൽ നൽകണം.

മൃഗ സംരക്ഷണ മേഖലയിലെ കർഷകരെ പഞ്ചായത്ത്, ജില്ലാ, സംസ്ഥാന തല അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കണം.

മൃഗ സംരക്ഷണ കേന്ദ്രങ്ങളും വെറ്ററിനറി ഡിസ്പെൻസറികളും ആധുനീകരിക്കണം. വൈദ്യുതി, വെള്ളം, ഫോൺ, വാഹനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും റെഫ്രിജറേറ്റർ സ്റ്റെറ ബിലൈസർ, ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ ലഭ്യമാക്കാൻ നടപടി കൈക്കൊള്ളണം. ടെക്നിക്കൽ, നോൺ ടെക്നിക്കൽ സ്റ്റാഫ് സംവിധാനം മെച്ചപ്പെടുത്തുക, താമസസൗകര്യങ്ങൾ ലഭ്യമാക്കുക എന്നീ കാര്യങ്ങളിലും വേണ്ട ശ്രദ്ധ പതിപ്പിക്കണം.

മൃഗ സംരക്ഷണ വകുപ്പു മുഖേന ഈ മേഖലയുടെ വികസനത്തിന് കൂടുതൽ പദ്ധതി വിഹിതവും മുതൽമുടക്കും ലഭ്യമാക്കണം. ഈ മേഖലയിൽ വായ്പാ സൗകര്യങ്ങളും സബ്സിഡികളും ഉല്പാദന മേഖല എന്ന അർഹിക്കുന്ന പരിഗണന വെച്ച് നൽകാൻ ശ്രദ്ധിക്കണം.

മറ്റു നിർദ്ദേശങ്ങൾ:-

തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ പന്നിവളർത്തലും ആടു വളർത്തലും വ്യാപകമാക്കാനുള്ള ശ്രമങ്ങൾ നടത്തണം. പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും ചെയ്യണം.

പാൽ സൊസൈറ്റിയും ധനകാര്യ സ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.

മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും വേണം. പഞ്ചായത്ത് പ്രസിഡണ്ട് സമിതിയുടെ അദ്ധ്യക്ഷനായിരിക്കും. മൃഗ സംരക്ഷണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ, കർഷകർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ബാങ്കുകൾ, ക്ഷീരോത്പാദക സഹകരണ സംഘം പ്രതിനിധികൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ, ഈ മേഖലയിലെ മറ്റു സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തണം.

സർക്കാർ, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം (72 ടൺ) 72000 കിലോ കാലിത്തീറ്റ സബ്സിഡി, നൽകി, കർഷകരിലെത്തിച്ചു ഈ പദ്ധതി ക്ഷീരവികസനമേഖലയിലെ കർഷകർക്ക് വളരെ പ്രയോജനപ്രദമായിട്ടുണ്ട്.

പഞ്ചായത്തിലെ ക്ഷീരോത്പാദക സംഘങ്ങൾ മുഖേന വർഷത്തിൽ ഏതാണ്ട് 125ടൺ കാലിത്തീറ്റ മിൽമ ഫീഡ് ഇവിടെ ചെലവഴിക്കപ്പെടുന്നു. സഹകരണ സംഘങ്ങൾ വഴി എത്തുന്ന മിൽമ ഫീഡിന് കർഷകർക്ക് സബ്സിഡി ലഭ്യമാകുന്നില്ല.

പ്രതിവർഷം ഏകദേശം ഒരു ലക്ഷത്തോളം ലിറ്റർ പാൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്നു. പ്രതിവർഷം ശരാശരി 1.0 ലക്ഷം ലിറ്റർ പാൽ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ പത്തിൽ ഒരു ഭാഗം മാത്രമേ സംഘങ്ങൾ വഴി സംഭരിക്കുന്നുള്ളു. ക്ഷീരോല്പാദക സംഘങ്ങളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിലും പാൽ സംഭരണ വിതരണ സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനഃരാസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ


വർഷം	ഇനം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
1993	പശു	870	44
	എരുമ	8	2
1994	പശു	970	46
	എരുമ	7	2
1995	പശു	1060	48
	എരുമ	6	2

(അവലംബം: സെക്കൻഡറിഡാറ്റ.)

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ (മുയൽ)
1.	ദഹനസംബന്ധമായവ	770	10	60	15	....	....	....	....	2	4
2.	ശ്വാസകോശ സംബന്ധം	210	3	55	20	....	...	....	....	....	2
3.	ഉപാപചയ സംബന്ധം	55	1	7	4	....	....	....	....	....	6
4.	ത്വക് രോഗങ്ങൾ	48	....	....	16	....	....	....	....	....	10
5.	ധാതുലവണങ്ങളുടെഅഭാവം	130	....	20	....	...	....	....	....	....	15
6.	പരാദരോഗങ്ങൾ	210	14	28	4	....	32	....	....	....	....
7.	പ്രത്യുല്പാദന വ്യവ്യയുമായി ബന്ധപ്പെട്ടവ	150	3	10	5	....	....	....	....	....	....
8.	വന്ധ്യത	16	....	....	....	....	....	....	....	....	....
9.	അകിടുവീക്കം	45	2	11	....	....	....	....	....	....	....
10.	മുടന്തൻപനി	290	....	....	....	....	....	....	....	....	....
11.	പകർച്ചവ്യാധികൾ	....	....	....	....	....	....	....	....	....	....

അവലംബം സെക്കൻഡറി ഡാറ്റ-(വാർഷികശരാശരി)







5.3

വ്യവസായം

മലമടക്കുകൾ നിറഞ്ഞ വെസ്റ്റ് ഏളേരി ഗ്രാമ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം പരിമിതമാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന വിഭവങ്ങളുപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾക്ക് സാധ്യതകൾ ഏറെയുണ്ട്. പക്ഷേ വ്യവസായ പുരോഗതിയ്ക്ക് തടസം നിൽക്കുന്ന പ്രധാന കാരണം വൈദ്യുതി ക്ഷാമംതന്നെയാണ്. ഗതാഗത സൗകര്യത്തിന്റെ അഭാവം, സാങ്കേതിക വിദ്യകളുടെ പരിജ്ഞാനക്കുറവ്, മുടക്കാനുള്ള മൂലധനത്തിന്റെ കുറവ്, വ്യവസായ സംരഭകരുടെ കുറവ്, അഭ്യസ്ത വിദ്യർക്ക് ഗവ: ഉദ്യോഗങ്ങളോടുള്ള താൽപര്യം, ലൈസൻസ് ലഭിക്കുന്നതിന് തരണം ചെയ്യേണ്ടുന്ന നൂലാമാലകൾ തുടങ്ങി അനവധി കാരണങ്ങളാൽ പഞ്ചായത്തിലെ വ്യവസായ സംരഭക രംഗം മുരടിച്ചു കിടക്കുന്നു എന്നു പറയാം.

നിലവിലുള്ള വ്യവസായ രംഗം

പഞ്ചായത്തിലെ വ്യവസായ രംഗത്തിന്റെ നിലവിലുള്ള അവസ്ഥ പരിശോധിക്കുന്നവർക്ക് കാണാൻ സാധിക്കുന്നത് പ്രധാനമായും വ്യവസായ സ്ഥാപനങ്ങൾ ചെറുകിടവ്യവസായ യൂണിറ്റുകൾ ആണെന്നുള്ളതാണ്. ആധുനിക വ്യവസായത്തിൽ നാമമാത്രമായ ചെറുകിട ഫാക്ടറികൾ ആണുള്ളത്. വൻകിട ഫാക്ടറികൾ ഒന്നും തന്നെയില്ല. കുടിൽ വ്യവസായങ്ങൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. താഴെ പറയുന്ന ചെറുകിട വ്യവസായ യൂണിറ്റുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

1 DWCRA സ്കീൽ ബെഡൂരിൽ പ്രവർത്തിക്കുന്ന കരിങ്കൽ ജില്ലി യൂണിറ്റ്.
ഇവിടെ 15 സ്ത്രീകളും, 2 പുരുഷന്മാരും ജോലി ചെയ്യുന്നു. ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ പ്രാദേശികമായി സുലഭമായി ലഭിക്കുന്നുണ്ട്. പ്രാദേശിക വിപണന സൗകര്യമുണ്ട്. യൂണിറ്റിലെ സ്ത്രീ തൊഴിലാളികൾക്ക് 60 രൂപയും. പുരുഷന്മാർക്ക് 120 രൂപയുമാണ് കൂലി.

2 കപ്പാത്തിയിലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറി വ്യവസായം. ഇവിടെ 7 പുരുഷന്മാരും, 8 സ്ത്രീകളും ജോലി ചെയ്യുന്നു. പുരുഷന്മാർക്ക് 120 രൂപയും, സ്ത്രീകൾക്ക് 80 രൂപയുമാണ് കൂലി.

3 പഞ്ചായത്തിലെ 2, 6, 7 വാർഡുകളിൽ സഹകാര്യമേഖലയിൽ കോഴി വളർത്തുകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സ്വയംതൊഴിൽ സംരംഭമായ ഈ യൂണിറ്റുകൾക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളും, തീറ്റകളും പുറമെ നിന്ന് കൊണ്ടു വരുന്നു.

4 പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി മില്മയുടെ കീഴിൽ അഞ്ചോളം പാൽ സംഭരണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഡയറിയുടെ നേതൃത്വത്തിൽ ഏഴോളം പാൽ ഉല്പന്ന യൂണിറ്റുകളും ആധുനിക ചെറുകിട വ്യവസായമായി നിലവിലുണ്ട്. നാലുവീതം സ്ത്രീ തൊഴിലാളികളാണ് യൂണിറ്റുകളിൽ പ്രവർത്തിക്കുന്നത്. ആവശ്യമായ അസംസ്കൃത വസ്തുക്കളിൽ പാൽ പ്രാദേശികമായും മറ്റുള്ളവ പുറമെ നിന്നും വാങ്ങുന്നു. ചുരുങ്ങിയ വരുമാനം മാത്രമേ ഇന്ന് യൂണിറ്റിനുള്ളു. ഉദ്പാദിപ്പിക്കുന്ന സാധനങ്ങൾ പ്രാദേശിക വിപണന സൗകര്യമുണ്ടെങ്കിലും വൻകിട കമ്പനികളുടെ ഉല്പന്നങ്ങളോട് മത്സരിച്ച് വിപണി കീഴടക്കാൻ കഴിയാത്തതാണ് കാരണം വൈദ്യുതിയുടെ അഭാവം കൊണ്ട് പലയിൽ അനുവദിച്ച യൂണിറ്റ് അവിടെ തുടങ്ങാൻ പറ്റാതെ വളളിക്കടവിലാണ് പ്രവർത്തിക്കുന്നത്.

5 ഭീമനടിയിലും എളേരിത്തട്ടിലും പ്രവർത്തിക്കുന്ന ഖാദി യൂണിറ്റുകളിൽ യഥാക്രമം 12ഉം 15 ഉം സ്ത്രീകൾ തൊഴിലാളികളായുണ്ട്. ഇതൊരു പരമ്പരാഗത വ്യവസായ യൂണിറ്റുകളാണ്. നല്ലനിലയിൽ പ്രവർത്തിക്കുന്നവയാണെങ്കിലും ശരാശരി ദിവസവരുമാനം വളരെ കുറവാണ്. അസംസ്കൃത സാധനങ്ങൾ പയ്യന്നൂർ ഖാദി കേന്ദ്രത്തിൽ നിന്നും കൊണ്ടുവരികയും ഉല്പന്നങ്ങൾ അവിടെത്തന്നെ തിരിച്ചെത്തിക്കുകയും ചെയ്യുന്നു.

6 ഭീമനടി, കമ്മാടം, കൂരാംകുണ്ട്, എന്നിവിടങ്ങളിൽ സ്വകാര്യമേഖലയിൽ സിമൻറ് ഇഷ്ടിക കമ്പനികൾ പ്രവർത്തിച്ചു വരുന്നു. യൂണിറ്റിലേക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ പുറമെ നിന്നും കൊണ്ടുവരുന്നു. ഉല്പന്നങ്ങൾ പ്രാദേശികമായി വിറ്റഴിയുന്നു. പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 75 രൂപയും ആണ് കൂലി. ആകെ 20ൽ അധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

7 കുന്നുംകൈയിൽ സ്വകാര്യമേഖലയിൽ ഒരു പ്രിൻറിംഗ് പ്രസ്സുണ്ട്. പ്രാദേശികമായ അച്ചടി ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഈ യൂണിറ്റ് മൂലം സാധിക്കുന്നു.

8 മാങ്ങോട് ആസ്ഥാനമായി കാസർകോട് ജില്ലാ റബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ ഒരു റബ്ബർ ലാറ്റക്സ് ഫാക്ടറി പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ എടുത്തുപറയാൻ കഴിയുന്ന ഏക വ്യവസായ സ്ഥാപനമാണിത്. കാർഷികോല്പന്നമായ റബർപാൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുപ്രവർത്തിക്കുന്ന ഈ ഫാക്ടറി കഴിഞ്ഞ 10 വർഷത്തോളമായി വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെ 13 സ്കിൽഡ് തൊഴിലാളികളും 9 ജീവനക്കാരും ജോലിക്കാരായിട്ടുണ്ട്. ആവശ്യമായ റബർ പാൽ പ്രാദേശികമായി സംഭരിക്കുകയും മറ്റ് രാസവസ്തുക്കൾ ഇറക്കുമതി ചെയ്യുകയുമാണ്. ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ പ്രാദേശിക വിപണന സൗകര്യമില്ലാത്തതിനാൽ കയറ്റുമതി ചെയ്യുന്നു.

9 മാങ്ങാട് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചകിരി ഫാക്ടറിയാണ്. മറ്റൊരു വ്യവസായ യൂണിറ്റ്. ഇവിടെ 2 പുരുഷന്മാരും 7 സ്ത്രീകളും ജീവനക്കാരായുണ്ട്. അസംസ്കൃത വസ്തുവായ ചകിരി പ്രാദേശികമായി ലഭിച്ചുവരുന്നു. ഉല്പന്നത്തിൽ ഭൂരിഭാഗമായി പ്രാദേശിക വില്പനയും ബാക്കി കയറ്റി അയക്കുകയും ചെയ്യുന്നു.

10 കൂരാംകുണ്ടിലും പറമ്പിലെ കാറാംകവലയിലും സ്വകാര്യ വ്യക്തികൾ നടത്തുന്ന തേനീച്ച വളർത്തൽ ആണ് മറ്റൊരു വ്യവസായ സംരംഭം. യൂണിറ്റിലേക്കുള്ള തേനീച്ചകളെ മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഈച്ചകളിൽ നിന്നും ശേഖരിക്കുന്നു. ഇതൊരു പരമ്പരാഗത വ്യവസായമാണ്.

11 പഞ്ചായത്തിൽ നാല് ഓയിൽ മില്ലുകളും ഒരു തടിയുല്ലുമുണ്ട്.

മേൽ പറഞ്ഞ വ്യവസായ യൂണിറ്റുകളെക്കുറിച്ച് ഒരു പൊതു അവലോകനം നടത്തുന്നത് ഇത്തരുണത്തിൽ പ്രസക്തമെന്നു തോന്നുന്നു. പഞ്ചായത്തിലെ വ്യവസായ തൊഴിലാളികളിൽ 75 ശതമാനവും സ്ത്രീ തൊഴിലാളികളാണെന്ന് കാണാം. വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം പൊതുവെ പഞ്ചായത്തിൽ കൂടി വരുന്നതായാണ് കാണുന്നത്. റെഡിമെയ്ഡ് വ്യവസായം പല സ്ഥലത്തും തുടങ്ങിയെങ്കിലും ഫലപ്രദമായി വികാസം പ്രാപിച്ചിട്ടില്ല. വ്യവസായത്തിന് വേണ്ട അസംസ്കൃത വസ്തുക്കളിൽ ഭൂരിഭാഗവും പ്രാദേശികമായി ലഭിക്കുന്നവയാണ്. പ്രദേശിക വിപണന സൗകര്യം ഉള്ള വ്യവസായങ്ങളിലാണ് മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. മിക്കവാറും ഇന്ന് പഞ്ചായത്തിൽ നിലനിൽക്കുന്ന വ്യവസായ യൂണിറ്റുകളെല്ലാം വലിയ തോതിൽ അല്ലെങ്കിലും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ

പഞ്ചായത്തിലെ വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പ്രശ്നം വൈദ്യുതിയുടെ അഭാവമാണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. വ്യവസായം തുടങ്ങണമെന്ന് ആഗ്രഹമുണ്ടെങ്കിലും യഥാർത്ഥ വ്യവസായ സംരംഭകരുടെ അഭാവം മറ്റൊരു പ്രശ്നമാണ്. മൂലധന വായ്പാ സൗകര്യങ്ങൾ നൽകുന്നതിന് ബാങ്കുകൾ വിമുഖത പ്രകടിപ്പിക്കുന്നു എന്നുള്ളത് വ്യവസായ സംരംഭകരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. സാങ്കേതിക വിദ്യ അറിയാവുന്ന വിദഗ്ദ്ധ തൊഴിലാളികൾ പഞ്ചായത്തിൽ വളരെ കുറവാണെന്നുതന്നെ പറയാം. പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് ഇന്ന് കൂലി വളരെ കുറവായതിനാൽ ആ രംഗം മുരടിച്ചു കിടക്കുന്നു. മലിനീകരണ പ്രശ്നങ്ങൾ പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുമ്പോൾ കടന്നുവരാം. അങ്ങിനെ ആയാൽ അത് ഒഴിവാക്കുന്നതിന് ചിലവു കൂടിയ സാങ്കേതിക വിദ്യ ആവശ്യമായിവരും. ഒഴിവാക്കിയില്ലെങ്കിൽ പരിസ്ഥിതി പ്രശ്നം ഉയരാനും സാദ്ധ്യതയുണ്ട്. മാങ്ങോടുള്ള ചകിരി ഫാക്ടറി, ലാറ്റക്സ് ഫാക്ടറി എന്നിവയ്ക്ക് ഈ പ്രശ്നം ചെറിയ തോതിൽ ഉണ്ട്. ലൈസൻസ് കിട്ടാനും മറ്റുമുള്ള കാല താമസം വ്യവസായ സംരംഭകരെ തളർത്തിയ സംഭവവുമുണ്ട്.

ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണിയാണ് മറ്റൊരു പ്രധാന പ്രശ്നം. പഞ്ചായത്ത് തലത്തിൽ ഇതിന് വേണ്ട പരിഹാരം ഇതുവരെ കണ്ടെത്തിയിട്ടില്ല. പരമ്പരാഗത വ്യവസായമായ തേനീച്ച വളർത്തലിന് ആവശ്യമായ ഈച്ചകൾക്ക് രോഗം ബാധിക്കുന്നത് ആ വ്യവസായത്തിലേർപ്പെടുന്നവർക്ക് നിരാശയുളവാക്കുന്നു.

പുതിയ വ്യവസായ സാദ്ധ്യതകൾ

1. ചകിരി സുലഭമായി ലഭിക്കുമെന്നതിനാൽ പെരുമ്പട്ട ആസ്ഥാനമായി ഒരു ചകിരി സംസ്ക്കരണയൂണിറ്റ്

2. ചെങ്കല്ല് സുലഭമായി ലഭിക്കുമെന്നതുകൊണ്ട് കാക്കടവിൽ ഒരു ചെങ്കൽ ക്വാറി

3. മടനാട്ടിക്കവലയിൽ ഇലക്ട്രോണിക്സ് ചോക്ക് നിർമ്മാണയൂണിറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. സാധ്യതയുള്ള ഒരു ചെറുകിട വ്യവസായ യൂണിറ്റായി ഇതു മാറ്റാൻ കഴിയും.

4. മണ്ഡംപ ആസ്ഥാനമായി ജൈവവള നിർമ്മാണയൂണിറ്റും ക്ഷീരകർഷകർ ധാരാളം ഉള്ളതിനാൽ ഇവിടെ ഒരു പാൽ ഉല്പന്ന യൂണിറ്റിനും സാദ്ധ്യതയുണ്ട്.

5. ജീരകപ്പാറയിൽ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ചെങ്കൽ കൊത്തുവ്യവസായം.

6. വരക്കാട് കേന്ദ്രീകരിച്ച് ഒരു ജില്ലി മേക്കിങ്ങ് യൂണിറ്റ് ആരംഭിക്കാനുള്ള സാധ്യതയുണ്ട്.

7. വരക്കാട് തന്നെ സഹകരണ മേഖലയിൽ ഒരു റബർപാൽ ഉല്പന്ന നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.

8. ഭീമനടി ആസ്ഥാനമായി സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി തുടങ്ങാവുന്നതാണ്. പഞ്ചായത്ത് അതൃത്തിയിലുള്ള ക്ഷീര കർഷകർക്ക് ഇത് വളരെ പ്രയോജനപ്രദമായിരിക്കും.

9. കുന്നുംകൈയിൽ ഉപയോഗശൂന്യമായ പച്ചിലകളും മറ്റ് പദാർത്ഥങ്ങളും ഉപയോഗിച്ച് ഒരു ജൈവവള ഉല്പന്ന യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ നാലോളം വാർഡുകളിലെ കർഷകർക്ക് വിപണനം നടത്തുവാൻ സാധിക്കും.

10. പ്ലാച്ചിക്കരയിൽ ഒരു ഹോളോ ബ്രിക്സ് ഫാക്ടറി DWCRA സ്കീമിൽ തുടങ്ങാനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

11. പഞ്ചായത്തിന്റെ പല ഭാഗത്തും കശുമാവ് കൃഷി ഉള്ളതിനാൽ കശുമാങ്ങയിൽ നിന്ന് ജ്യൂസ് മറ്റ് ഭക്ഷണ സാധനങ്ങൾ കെമിക്കൽസ് എന്നിവ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റിന് പ്ലാച്ചിക്കരയിൽ സാധ്യതയുണ്ട്. കശുവണ്ടി ഫാക്ടറിക്കും സാദ്ധ്യതയുണ്ട്.

12. ഉദയപുരത്ത് ഒരു ജൈവവള ഫാക്ടറി ആരംഭിച്ചാൽ ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി പഞ്ചായത്തിലെ കർഷകരുടെ ആവശ്യം നിറവേറ്റാൻ സാധിക്കും.

13. നർക്കിലക്കാട് കേന്ദ്രമായി ഗവ: സഹായത്തോടെ പരമ്പരാഗത വ്യവസായങ്ങളായ കൊട്ട-വട്ടി നെയ്ത്ത് പരിശീലനവും വിപണനവും ആരംഭിക്കുന്നതിന് സാധ്യതയുണ്ട്. കൂടാതെ കൊപ്ര സംസ്കരണ യൂണിറ്റ് റബർ സംസ്കരണ കേന്ദ്രം, കറി പൗഡർ നിർമ്മാണ യൂണിറ്റ് എന്നിവയ്ക്കും ശ്രമം ആവശ്യമാണ്.

14. എളേരിത്തട്ട് കേന്ദ്രമാക്കി സഹകരണ മേഖലയിൽ ബീഡി നിർമ്മാണ കേന്ദ്രം, കൊട്ട-വട്ടി നെയ്ത്ത് കേന്ദ്രം, പായ നെയ്ത്ത് വ്യവസായം എന്നിവയ്ക്ക് ചുരുങ്ങിയ നിലയിൽ സാധ്യതയുണ്ട്. ആവശ്യത്തിനുള്ള അസംസ്കൃത വസ്തു ലഭ്യമല്ലാത്തതാണ് ഈ രംഗത്തെ പ്രധാന പ്രശ്നം.

15. കോട്ടമലയിൽ കരിങ്കല്ല് സുലഭമായതിനാൽ വ്യവസായികാടിസ്ഥാനത്തിൽ കരിങ്കൽ ക്വാറി തുടങ്ങാവുന്നതാണ്.

16. പുങ്ങംചാൽ കേന്ദ്രമാക്കി മെഴുകുതിരി വ്യവസായം, സിമന്റ് കട്ട നിർമ്മാണം തുടങ്ങിയവയ്ക്ക് ചെറിയ തോതിൽ സാധ്യതയുണ്ട്.

17. പറമ്പയിൽ ഖാദി ഉല്പന്ന യൂണിറ്റ്, റബർ അധിഷ്ഠിത വ്യവസായങ്ങൾ ചെങ്കൽ ക്വാറി എന്നിവകൾക്ക് സാധ്യതയുണ്ട്.

18. ഭീമനടി ആസ്ഥാനമായി സഹകരണ മേഖലയിൽ വൻകിട മിൽക്ക് പ്രൊസസ്സിംഗ് & പ്രൊഡക്ഷൻ യൂണിറ്റ്. കൂടാതെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്കൂൾ കുട്ടികൾക്കുള്ള ബാഗു നിർമ്മാണം വാഴനാരുകൊണ്ടുള്ള കൗതുക വസ്തുക്കളുടെ നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം, മധുരപലഹാര നിർമ്മാണം, സോപ്പ് നിർമ്മാണം. കോഴിവളർത്തൽ മുയൽ വളർത്തൽ, തുടങ്ങി ഒട്ടനവധി കുടിൽ വ്യവസായങ്ങൾക്കും സാധ്യതയുണ്ട്.

വ്യവസായ സംരംഭകർക്കായി പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് തുടങ്ങാവുന്നതാണ്. പരമ്പരാഗത വ്യവസായം നവീകരിക്കേണ്ടുന്ന കാര്യവും വളരെ പ്രസക്തമാണ്

പഞ്ചായത്ത് തലത്തിൽ സംരംഭകരെ കണ്ടെത്തി പരിശീലനം നൽകുന്നതും അഭികാമ്യമാണ്. എന്തു കൊണ്ടും സഹകരണ മേഖലയിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതായിരിക്കും ഉത്തമം. പഞ്ചായത്തിന്റെ അതിർത്തിയിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം. ഈ രംഗത്ത് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്. അതിന്റെ മുന്നോടിയായി ഒരു വ്യവസായ അസംസ്കൃത വസ്തു വിവര ശേഖരണ സർവ്വെ നടത്തി വ്യക്തമായ ഒരു ധാരണയുണ്ടാക്കുന്നത് നല്ലതാണ്. ഗൾഫ് കുടിയേറ്റക്കാരെ ഈ രംഗത്ത് മുതൽമുടക്കാൻ പ്രേരിപ്പിക്കണം.

അത്യാവശ്യമായും പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായിക വികസനസമിതിക്ക് രൂപം കൊടുക്കണം. കൂടെക്കൂടെ സമിതി നിലവിലുള്ള വ്യവസായ പുരോഗതിയും ഭാവിയിൽ ഉണ്ടാകാവുന്ന വ്യവസായ സാധ്യതകളെകുറിച്ചും വിലയിരുത്തി ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കണം. വ്യവസായികൾക്കും സംരംഭകർക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് സമിതി പരിഹാരം കണ്ടെത്തണം. വ്യവസായ സംരംഭകരെ കണ്ടെത്തലും അവർക്കുള്ള പരിശീലനം യഥാവസരം നൽകലും സമിതിയുടെ ചുമതല ആയിരിക്കണം. എല്ലാത്തിനുമുപരി വിപണി അസംസ്കൃത സാധനങ്ങൾ സാങ്കേതിക വിദ്യ, സാമ്പത്തിക സഹായം, തുടങ്ങി വ്യവസായവുമായി ബന്ധപ്പെട്ടുകിടക്കുന്ന സകലതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും സമിതിയുടെ കടമയായിരിക്കണം.

നിലവിലുള്ള വ്യവസായ യൂണിറ്റുകളിൽ അത്യാവശ്യമായും ആധുനിക സജ്ജീകരണങ്ങൾ ഒരുക്കാൻ സഹായിക്കേണ്ടതാണ്. എങ്കിൽ മാത്രമേ വ്യവസായ പുരോഗതിയും തദ്വാരാ കൂടുതൽ ആളുകൾക്ക് തൊഴിലും ലഭിക്കുകയുള്ളൂ.

വനിതാ വ്യവസായ പങ്കാളിത്തം:

നിലവിൽ ഭൂരിഭാഗവും വ്യവസായങ്ങൾ വനിതാ പങ്കാളിത്തത്തോടെയാണെങ്കിലും ഖാദി, കൈത്തറി തുടങ്ങിയ യൂണിറ്റുകളിൽ ആകർഷകമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയും യൂണിറ്റുകളിൽ ആധുനീക വത്ക്കരണം നടത്തിയും ഈ രംഗത്ത് വനിതാ പങ്കാളിത്തം കൂടുതൽ ഉറപ്പും വരുത്തുന്നതാണ്.

പരിസ്ഥിതി പ്രശ്നങ്ങൾ

മുഴുവൻ യൂണിറ്റുകളിലും മലീനീകരണം തടയാനാവശ്യമായ സംവിധാനങ്ങൾ കർശനമായി സ്വീകരിക്കണം. ഫാക്ടറികളിൽ നിന്നും പുറത്തുവരുന്ന മാലിന്യ വസ്തുക്കൾ ഉപയോഗിച്ച് സംസ്കരണം നടത്തി മറ്റു ഉൽപന്നങ്ങൾക്ക് രൂപം നൽകാനുള്ള സംവിധാനം ഉണ്ടാക്കാൻ ശ്രദ്ധിക്കണം.

സേവന വേതന വ്യവസ്ഥകൾ:-

മെച്ചപ്പെട്ട വേതന വ്യവസ്ഥ നടപ്പിലാക്കണം. ഇന്ന് ചുരുങ്ങിയ കൂലികളാണ് പ്രത്യേകിച്ച് സ്ത്രീകൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം തൊഴിലാളികൾ ജോലിയോടുള്ള ആത്മാർത്ഥത പുലർത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം:


പൊതുവെ വ്യവസായ കേന്ദ്രങ്ങളിലെ മാനേജ്മെൻറിൽ തൊഴിലാളി പങ്കാളിത്തം ഇല്ലാത്ത അവസ്ഥയാണുള്ളത്. ജനപങ്കാളിത്തം ഉറപ്പുവരുത്താനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.


വിപണന സൗകര്യങ്ങൾ:


ഒരു വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ജീവ വായു തന്നെ വിപണന സൗകര്യമാണെന്ന് പറയാം. എത്രകണ്ട് ഉല്പന്നങ്ങൾ ഉണ്ടാക്കിയാലും വിപണന സൗകര്യമില്ലെങ്കിൽ പുരോഗതി ഇല്ലാതെ വരും. ആയതുകൊണ്ട് വ്യവസായിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി പ്രാദേശിക തലത്തിൽ വിപണന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. ചെറുകിട വ്യവസായങ്ങളുടെ നിലനിൽപ്പിന് പ്രാദേശിക വിപണന സൗകര്യം അത്യന്താപേക്ഷിതമാണ്. ഗ്രാമ പഞ്ചായത്തു തലത്തിൽ ഇതിനുവേണ്ട പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതാണ്. പൊതു ചന്തകൾ ഇതിനായി തുറക്കണം. ഭരണസമിതി ആലോചിച്ച് ഈ രംഗത്ത് മുന്നിട്ട് പ്രവർത്തിക്കണം.

ഇങ്ങനെ അധികൃത സ്ഥാനങ്ങളിൽ നിന്നും വ്യവസായ സംരംഭകർക്ക് നൽകുന്ന പ്രോത്സാഹനം കൊണ്ടു മാത്രമേ പേടിച്ചരച്ച് ഈ രംഗത്തേയ്ക്ക് കടന്നുവരാൻ മടിക്കുന്ന നമ്മുടെ പഞ്ചായത്തിലെ വ്യവസായ തൽപരരെ മുന്നോട്ടു കൊണ്ടുവരാനും തദ്വാരാ നമ്മുടെ പഞ്ചായത്തിലെ വ്യവസായ രംഗത്തിന് ഗണ്യമായ ചലനം സൃഷ്ടിക്കാനും സാധിക്കുകയുള്ളു. അതിനായി വരും നാളുകളിൽ സംഘടിത ശ്രമം ഉണ്ടാകുമെന്ന് പ്രത്യാശിക്കാം.






കാസർഗോഡ് ജില്ല
HOSDURG
TALUK



5.4

വിദ്യാഭ്യാസം

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന് സമ്പന്നമായ ഒരു വിദ്യാഭ്യാസ പൈതൃകം അവകാശപ്പെടാനില്ല. കിഴക്കൻ മലയോര ഗ്രാമമായതുകൊണ്ട് അതിനുള്ള സാദ്ധ്യതയും ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് ഈ രംഗത്ത് നേരിയ ചലനം പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. 1949-ൽ പരപ്പച്ചാലിലെ 'ചെമ്പങ്കുന്ന്' എന്ന ദിക്കിലും കുന്നുംകൈയിലെ' എടത്തിലെ വളപ്പിലും', കോട്ടമലയിലെ 'ആനവളവിലും', സേവന സന്നദ്ധരായ ഏതാനും ചില അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രാദേശിക കുടിപ്പള്ളിക്കൂടങ്ങൾക്കു രൂപം കൊടുത്തിരുന്നു. അപൂർവ്വം ചില സമ്പന്ന കുടുംബങ്ങളിൽ സ്വകാര്യ 'ഗുരുക്കന്മാ'രുടെ ശിക്ഷണം ലഭിച്ചിരുന്നു. വായനശാലകളും ഗ്രന്ഥാലയങ്ങളും തീർത്തും ഉണ്ടായിരുന്നില്ല.

പെരുമ്പട്ടയിൽ 'വെസ്റ്റ് എളേരി ഗവർമ്മെണ്ട് പ്രൈമറി സ്കൂൾ' എന്ന പേരിൽ ആദ്യമായി ഒരു 'ഔപചാരിക' വിദ്യാലയം നിലവിൽ വന്നു. 1954-ൽ സൗത്ത് കാനറാ ഡിസ്ട്രിക്റ്റ് ബോർഡിന്റെ തീരുമാന പ്രകാരം വ്യാപകമായി ഏകാദ്ധ്യാപക വിദ്യാലയങ്ങൾ രൂപീകരിക്കാൻ തുടങ്ങി. അതിന്റെ ഭാഗമായി എടത്തിലെ വട്ടപ്പ്, കമ്മാടം, പരപ്പച്ചാൽ, ചെന്നടുക്കം, പാമ്പ, മൗവ്വേനി - മൗക്കോട് എന്നീ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. മൗവ്വേനിയിലേക്കനുവദിക്കപ്പെട്ട സ്കൂൾ ആണ്. ''മൗക്കോട് ജി. എൽ. പി. സ്കൂളായി മാറിയത്. 1954-ൽ എടത്തിലെ വളപ്പിലെയും, ചെമ്പങ്കുന്ന് - പരപ്പച്ചാലിലെയും സ്കൂളുകൾ സംയോജിപ്പിച്ചുകൊണ്ട് കോളിയാട് - കുന്നുംകൈ ജി. എൽ. പി. സ്കൂൾ സ്ഥാപിച്ചു. 1953 കാലഘട്ടത്തിൽ തന്നെ പ്ലാച്ചിക്കര, എളേരിത്തട്ട്, കോട്ടമല എന്നീ സ്ഥലങ്ങളിൽ സ്വകാര്യ മേഖലയിൽ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. അതിൽ പ്ലാച്ചിക്കരയിലും കോട്ടമലയിലും ഉണ്ടായിരുന്നവ യു. പി. സ്കൂളായി ഉയർത്തപ്പെട്ടു.

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 1976-ൽ ആണ് ആദ്യമായി ഒരു ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടത്. 'വരക്കാട് ഹൈസ്കൂൾ' എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത സ്ഥാപനം ''വരക്കാട്ടെ'' മാണിയമ്മ മെമ്മോറിയൽ എഡ്യുക്കേഷനൽ സൊസൈറ്റിയുടെ'' പേരിലാണ് അനുവദിക്കപ്പെട്ടത്. അതേവർഷംതന്നെ 'കുന്നുംകൈ എഡ്യുക്കേഷണൽ' സൊസൈറ്റിക്ക് വേണ്ടി 'കുന്നുംകൈ എ. യു. പി. സ്കൂളും സ്ഥാപിക്കപ്പെട്ടു. തുടർന്ന് ഭീമനടി വിമല എൽ. പി. സ്കൂളും മണ്ഡപം സെന്റ് ജോസഫ്സ് യു. പി. സ്കൂളും സ്ഥാപിക്കപ്പെട്ടു. പെരുമ്പട്ടയിൽ സർക്കാർ മേഖലയിൽ അനുവദിക്കപ്പെട്ട യു. പി. വിദ്യാലയത്തിനു ഇന്നും സ്വന്തമായി കെട്ടിടങ്ങളോ മറ്റു ഉപകരണങ്ങളോ ഇല്ലാത്ത അവസ്ഥയാണ്. ഉന്നത വിദ്യാഭ്യാസകേന്ദ്രം എന്ന നിലയ്ക്ക് വെസ്റ്റ് എളേരിക്ക് അഭിമാനിക്കാവുന്ന ഒരു സ്ഥാപനമാണ്. 1981 സെപ്തംബർ 21ന് ബഹു: കേരളാ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ഉത്ഘാടനം ചെയ്ത ''എളേരിത്തട്ട് ഗവർമെണ്ട് കോളേജ്'' ഇന്നും അതിന്റെ പ്രവർത്തനം ശൈശവാവസ്ഥയിൽ തന്നെയാണ്. തൊട്ടടുത്ത പഞ്ചായത്തായ ഈസ്റ്റ് എളേരിയിലെ കമ്പല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ ഉള്ളതുകൊണ്ട് S. S. L. C. കഴിയുന്ന വെസ്റ്റ് എളേരിയിലെ കുട്ടികൾക്കു തുടർന്നു പഠിക്കാൻ കുറഞ്ഞ തോതിലെങ്കിലും സൗകര്യം ലഭിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ വരക്കാട്ടും, കുന്നുംകൈയിലും ഒരോ ടൃട്ടോറിയൽ കോളേജുകളും, കുന്നുംകൈ, വരക്കാട്, നർക്കിലക്കാട് എന്നിവിടങ്ങളിൽ ഒപ്പ് റൈറിംഗ് ഇൻസ്റ്റിട്ട്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. സങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിനില്ല. അതുകൊണ്ടു തന്നെ ദൂരദേശങ്ങളായ ചെറുവത്തൂരിലെ ടെക്നിക്കൽ ഹൈസ്ക്കൂളിനെയും, കാഞ്ഞങ്ങാടും, പെരിയയിലുമുള്ള പോളിടെക്നിക്കുകളെയും ഇവിടുത്തെ വിദ്യാർത്ഥികൾക്കു ആശ്രയിക്കേണ്ടി വരുന്നു.

ഒരേയൊരു ഹൈസ്ക്കൂൾ മാത്രമുള്ള പഞ്ചായത്തായതു കൊണ്ടുതന്നെ ഒട്ടധികം വിദ്യാർത്ഥികളും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി സമീപസ്ഥ പഞ്ചായത്തുകളായ കിനാനൂർ-കരിന്തളത്തിലെ കരിമ്പിൽ ഹൈസ്ക്കൂളിനെയും, മാലോം പഞ്ചായത്തിലെ മാലോത്ത് കസ്ബയെയും വെള്ളരിക്കുണ്ട് ഹൈസ്ക്കൂളിനെയും, ഈസ്റ്റ് എളേരിയിലെ, കടുമേനി, തോമാപുരം, കമ്പല്ലൂർ ഹൈസ്ക്കൂളുകളെയും, ചീമേനി ഹൈസ്ക്കൂളിനെയും ആശ്രയിക്കേണ്ടി വരുന്നുണ്ട്. എളേരിത്തട്ടു ഗവർമെൻറു കോളേജിൽ ബിരുദ പഠനത്തിന് ആർട്ട്സ് വിഷയങ്ങൾ മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളു. ശാസ്ത്രവിഷയങ്ങളിൽ താല്പര്യമുള്ള കുട്ടികൾക്ക് ജില്ലക്കകത്തും പുറത്തുമുള്ള മറ്റു കോളേജുകളെ ശരണം പ്രാപിക്കേണ്ടിവരുന്നു. അദ്ധ്യാപകർക്ക് താമസിക്കാൻ ക്വാർട്ടേഴ്സില്ല. ആവശ്യത്തിന് അധ്യാപകരില്ല. അതുപോലെ തന്നെ ഈ പഞ്ചായത്തിൽ ഒരു സങ്കേതിക വിദ്യാഭ്യാസ സ്ഥാപനമെങ്കിലും ഉണ്ടാകേണ്ട ആവശ്യകതയിലേക്ക് വിശേഷാൽ ഗ്രാമസഭാ ചർച്ചകൾ വിരൽ ചൂണ്ടുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ വിദ്യാർത്ഥികളുടെ കണക്കുകൾ പരിശോധിച്ചാൽ കുട്ടികളുടെ എണ്ണം ക്രമേണ കുറഞ്ഞു വരുന്നതായി കാണുന്നു. കൂടുതൽ യാത്രാ സൗകര്യം പരിഗണിച്ചു സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികൾ പോകുന്നുവെന്നത് ഒരു കാരണമാണ്. അടുത്ത കാലത്തായി കണ്ടു വരുന്ന ഇംഗ്ലീഷ് മീഡിയം ഭ്രമവും ഇതിന് നേരിയ കാരണം തന്നെ. അടിസ്ഥാനപരമായി പരിശോധിച്ചാൽ കുടുമ്പാസൂത്രണരംഗത്തെ ദ്രുതഗതിയിലുള്ള സ്വാധീനമാണ് കാരണമെന്നു കാണും. ചെന്നടുക്കം ജി. എൽ. പി. സ്ക്കൂളും, പറമ്പ ജി. എൽ. പി. സ്കൂളും വിദ്യാർത്ഥികളുടെ കുറവു മൂലം അൺ എക്കണോമിക് ആയി പ്രഖ്യാപിക്കപ്പെട്ടിരുന്നതാണെങ്കിലും ഇപ്പോൾ ആ പ്രശ്നം പരിഹൃതമായിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഏറ്റവും അധികം കുറവനുഭവപ്പെടുന്നത് മണ്ഡപം സെൻറ് ജോസഫ്സ് യു. പി. സ്ക്കൂളിലാണ്. ഓരോ വിദ്യാലയത്തിലെയും കുട്ടികളുടെ എണ്ണം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

സ്ക്കൂളിലേക്കുള്ള ശരാശരി യാത്രാദൂരം.

(അവലംബം: വിശേഷാൽ ഗ്രാമസഭകൾ)

ക്രമനമ്പർ	തരം	ശരാശരി ദൂരം	പരമാവധിദൂരം
1	ലോവർ പ്രൈമറി സ്ക്കൂളുകൾ	1.5 കി. മി.	3.5 കി. മി.
2	അപ്പർ പ്രൈമറി സ്ക്കൂളുകൾ	3-00 കി. മി.	6-00 കി. മി.
3	ഹൈസ്ക്കൂളുകൾ	4-00 കി. മി.	8-00 കി. മി.



കുട്ടികളെ സംബന്ധിക്കുന്ന വിവരം. 1996.

(അവലംബം Secondary Date)

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	ആകെ കുട്ടികൾ			തോറ്റു പഠിക്കുന്നവർ			പഠനം നിർത്തിയവർ						
		ആകെ	SC/ST		SC/ST മറ്റുള്ളവർ			SC/ST	മറ്റുള്ളവർ					
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആകെപഠനം നിർത്തിയവർ
1	G. L. P. S. പെരുമ്പട്ട	147,103,250	.....			1,1,2			.....			.....		
2	G. L. P. S. മൗക്കോട്	77,59,136,	9,6,15			— 1,1			6,2 8			.....		
3	G. L. P S. കമ്മാടം	57,55,112	8,8,16			1,1,2			2,5,7			.....	. 1,1	-1-
4	G. L. P.S. കുന്നുംകൈ	152,133,285	3,3,6			1,1,2			10,9,19			1,2,3	13,3 1(	19
5	വിമല A. L. P. S. ഭീമനടി	109,112,221	7,4,11			1,1,2			3,2,5			.....	2-,2	2
6	G. L. P. S. ചെന്നടുക്കം	55,56,111	24,23,47			1,4,5			.....			.....	.....	
7	A. L. P. S. നാട്ടക്കൽ	153,141,294	47,54 101			4,2,6			5,5,10			.....	....	
8	A.L.P.S. ഏളേരിത്തട്ട്	93,75,168	26,16,42			2,4,6			2,1,3			– 1,1	- - -	1
9	G. L. P. S. പറമ്പ	55,28,83	23,15,38			2,2,4			1,–1			5,5,10	7,6,1(	23
10	G. U. P. S. പെരുമ്പട്ട	68,89,157							3,6,9			.....	2- 2	2
11	സെൻറ് ജോസഫ്സ് U. P. S. മണ്ഡപം	42,33.75	3,3,6						5,1,6			.....	.....	....
12	A.U.P.S. കുന്നുംകൈ	214,189,403	22,11,33			2,1.3			24,15,39			–1,1	7,1,8	9
13	A. U. P. S. പ്ലാച്ചിക്കര	143,149,292	47,47,94			7,4,11			3,2,5			1,–1		1
14	M. G. M. U. P. S. കോട്ടമല	329,296,625	74,71 145			7,3,10			27,10,37			.....	2-2	2
15	വരക്കാട് ഹൈസ്കൂൾ	312,294,606	36,41,77			6,8,14			38,7,45			25,20, 45	45,30 75	120
	ആകെ	2006	1812	3818	329	302	631	35	33	68	129	65	194	32	29	61	78	41	119	180

സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം തീരെ തൃപ്തികരമല്ല. 1996 ഓഗസ്റ്റ് മാസം നടന്ന പാദവാർഷിക പരീക്ഷയെ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ 34% വിദ്യാർത്ഥികളുടെയും പഠന നിലവാരം 30 ശതമാനത്തിനു താഴെയാണെന്നു കാണാം. കേവലം 10 ശതമാനം വിദ്യാർത്ഥികൾക്ക് മാത്രമേ 60 ശതമാനത്തിൽ കൂടുതൽ മാർക്കുവാങ്ങാൻ സാധിക്കുന്നുള്ളൂ. വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ ഉള്ള പൊതുനിലവാരം ചുവടെ പട്ടികയിൽ ചേർക്കുന്നു. എസ്. എസ്. എൽ. സി. പരീക്ഷയിൽ കഴിഞ്ഞ അഞ്ചുവർഷത്തെ വിജയശതമാനം ശ്രദ്ധിച്ചാൽ പഠന നിലവാരത്തിൽ വന്ന ദയനീയമായ തകർച്ച വെളിവാകും.

അക്കാഡമിക് നിലവാരം

ആകെ കുട്ടികൾ	30 % താഴെ മാർക്ക് നേടുന്നവർ (എണ്ണം)	30-40% മാർക്ക് വാങ്ങുന്നവർ	40-50 % മാർക്ക് വാങ്ങുന്നവർ	50–60 % മാർക്ക് വാങ്ങുന്നവർ	60% മുകളിൽ നേടുന്നവർ	റിമാർക്സ്
3818	1296	727	703	674	418	

(അവലംബം: സെക്കൻററി ഡാറ്റാ)

(S.S.L.C. വിജയശതമാനം കഴിഞ്ഞ 5 വർഷം)

	1991-92	1992-93	1993-94	1994-95	1995-96	റിമാർക്സ്
ആകെ SSLC പരീക്ഷക്കിരുന്നവർ		193	193	186	184	
വിജയശതമാനം	63%	44%	52%	62%	36%	

(അവലംബം: സെക്കൻററി ഡാറ്റാ)

മെരിറ്റ് സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം തുലോം പരിമിതമാണ്. ആകെ 10 കുട്ടിക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. L. S. S, U. S. S. പരീക്ഷകൾക്കു കുട്ടികളെ തയ്യാറെടുപ്പിക്കുന്നതിൽ രക്ഷിതാക്കൾ തീരെ ശ്രദ്ധ പതിപ്പിക്കുകയോ ഉൽസാഹം കാണിക്കുകയോ ചെയ്യുന്നില്ല. ലംപ്സം ഗ്രാൻറ് ലഭിക്കുന്ന 656 വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 25 ഓളം കുട്ടികൾ എളേരിത്തട്ടു കോളേജിലാണ്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾ പ്രൈമറിതലം കഴിയുമ്പോൾ തന്നെ പഠനം നിർത്തുന്നതു കൊണ്ടാകാം ഹൈസ്ക്കൂളുകളിൽ ഈ വിഭാഗത്തിൽ പെടുന്ന കുട്ടികളുടെ എണ്ണം പരിമിതമായി കാണുന്നു. ഈ വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് ഉന്നത പഠനത്തിനാവശ്യമായ പ്രേരണകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

മെരിറ്റ് സ്കോളർഷിപ്പ്	ലംപ്സം ഗ്രാന്റ്	മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാൻ മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം	ബീഡി തൊഴിലാളി സ്കോളർഷിപ്പ്	മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ കോളർഷിപ്പ്	മറ്റുള്ളവ
10	656	130	16	2	1	—	—

ഇതിനുപുറമെ പട്ടികജാതി വിഭാഗത്തിലെ നല്ലൊരു ശതമാനം വിദ്യാർത്ഥികൾക്കും പട്ടികവർഗം വിദ്യാർത്ഥികൾക്കും പൂർണ്ണമായും പ്രതിമാസ സ്റ്റൈപന്റ് ലഭിക്കുന്നുണ്ട്. മുസ്ലീം പെൺകുട്ടികൾക്കുള്ള പഠനത്തിനുള്ള പ്രത്യേക സ്കോളർഷിപ്പ് കൊടുക്കുന്നുണ്ടെങ്കിലും ഈ വിഭാഗം പെൺകുട്ടികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടാൻ തയ്യാറാകുന്നവർ ഈ പഞ്ചായത്തിൽ വളരെ പരിമിതമായി കാണുന്നു.

വെസ്റ്റ് എളേരി പഞ്ചായത്തിൽ അൺ-എയിഡഡ്, റിക്കഗ്നൈസ്ഡ്- സ്കൂളുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. അതുപോലെതന്നെ കുന്നുംകൈയിലെ ഒരു സ്വകാര്യ നേഴ്സറിയും മൈലാട്ടിയിലെ സ്വകാര്യമാധ്യമിക നഴ്സറിയും ഒഴികെ മറ്റൊരുഇംഗ്ലീഷ് മീഡിയം വിദ്യാലയവും ഈ പഞ്ചായത്തിൽഇല്ല. സർക്കാർ ഉടമസ്ഥതയിൽ ഉള്ളഗവൺമെന്റ് എൽ. പി. സ്കൂളും സ്വകാര്യമേഖലയിലുള്ള 3 എൽ. പി. സ്കൂളുടമകളും 9 ലോവർ പ്രൈമറി സ്കൂളുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. അപ്പർ പ്രൈമറി സ്കൂളുമായി ആകെയുള്ള 5 വിദ്യാലയത്തിൽ യു. പി. വിഭാഗം മാത്രമായി പ്രവർത്തിക്കുന്ന പൊന്മുട്ട ജി. യു. പി. സ്കൂൾ മാത്രമേ സർക്കാർ ഉടമസ്ഥതയിൽ ഉള്ളൂ. മറ്റുള്ളവ എയ്ഡഡ്, യു. പി. സ്കൂളുകളാണ്. മാത്രമല്ല, കുന്നുംകൈ, മണ്ഡപം യു. പി. സ്കൂളുകൾ യു. പി. വിഭാഗം മാത്രമായിട്ടുള്ളതാണ്. സ്വകാര്യ മേഖലയിൽ വരക്കാട് ഉള്ള എയിഡഡ് ഹൈസ്ക്കൂളും എളേരിത്തട്ടിലെ ഗവ: കോളേജും മാത്രമാണ് ഈ പഞ്ചായത്തിലെ ഔപചാരിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

എൽ. പി. സ്കൂളുകളിൽ 1996-97 അദ്ധ്യയന വർഷം ആകെ 50 അദ്ധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ 48 അദ്ധ്യാപകരെ മാത്രമേ നിയമിക്കപ്പെട്ടിട്ടുള്ളൂ. ചെന്നടുക്കം ജി. എൽ. പി. സ്കൂളിലും, പറമ്പ ജി. എൽ. പി. സ്കൂളിലും ഓരോ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ചെന്നടുക്കം ജി.എൽ.പി.സ്കൂൾ അധ്യാപക-രക്ഷാകർത്തൃ സമിതി, സ്വന്തം ചെലവിൽ താൽക്കാലികമായി ഒരാളെനിയമിച്ചുകൊണ്ട് ഈ പ്രശ്നത്തിനു ചെറിയ തോതിൽ പരിഹാരമുണ്ടാക്കിയിട്ടുണ്ട്. സർക്കാർ തലത്തിൽ ഔദ്യോഗിക നിയമനങ്ങൾ ഉണ്ടാകുന്നതുവരെ ഒഴിഞ്ഞു കിടക്കുന്ന തസ്തികയിൽ രക്ഷാകർത്തൃസമിതി ആളുകളെ നിയമിച്ചാൽ അതിനുവേണ്ട സാമ്പത്തിക സഹായം അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാവണമെന്നു ഗ്രാമസഭാ ചർച്ചകളിൽ അഭിപ്രായമുണ്ടായിട്ടുണ്ട്. ആകെയുള്ള 5 യു. പി. സ്കൂളുകളിലായി 54 അദ്ധ്യാപക തസ്തികകളാണ് ഈ വർഷം അനുവദിക്കപ്പെട്ടത്. അതിൽ പെരുമ്പട്ട ജി. യു. പി. സ്കൂളിലും പ്ലാച്ചിക്കര എ. യു. പി. സ്കൂളിലും ഓരോ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. വരക്കാട് ഹൈസ്ക്കൂളിലെ ആകെ 26 തസ്തികകളും നികത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ സ്ത്രീ-പുരുഷ അനുപാതത്തിൽ വലിയ അന്തരമൊന്നുംകാണുന്നില്ല.

സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

No	സ്കൂളിന്റെ പേര്	ആകെയുള്ള ഡിവിഷൻ	കെട്ടിടങ്ങൾ എണ്ണം: സ്ഥിരം	കെട്ടിടങ്ങൾ എണ്ണം: അർദ്ധ സ്ഥിരം	കെട്ടിടങ്ങൾ എണ്ണം: താൽക്കാലികം	മുറികൾ എണ്ണം: സ്ഥിരം	മുറികൾ എണ്ണം: അർദ്ധ സ്ഥിരം	മുറികൾ എണ്ണം: താൽക്കാലികം	ഇന്നു മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	കളിടം/മുറിയുണ്ടോ സൗകര്യമുണ്ടോ	നിലവിലുള്ള കുട്ടികളുടെ എണ്ണം	മുഴുവൻ കുട്ടികൾക്കും ഇരിപ്പിടമുണ്ടോ	ഇന്നു ആവശ്യമുള്ള ഇരിപ്പിടങ്ങൾ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസിന്റെ എണ്ണം	കുടിവെള്ള സൗകര്യം	പാചകപുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ	ഇരിപ്പിടമില്ലാത്തവരുടെ എണ്ണം: ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസുപകരണം	റിമാർക്സ്
1	G. L. P. S. പെരുമ്പട്ട	6	1			6			4	ഉ	1	10	ഉ	2	1		ഉ	ഉ	ഉ	ഉ	10	10	1	2	
2	G. L. P. S. മൗക്കോട്	4	1		1	4		1	4	ഉ	1	4	ഉ	2	1	1	ഉ	ഉ	ഉ	ഉ	8	4	2	2	
3	G. L. P. S. കമ്മാടം	4	1			1			1	ഉ	ഇ	8	ഇ	2			ഇ	ഇ	ഇ	ഇ	10	10	1	1	
4	G. L. P. S. കുന്നുംകൈ	8	3			4				ഇ	2		ഇ		1		ഇ	ഇ	ഇ	ഇ	5	10	4	4	
5	ഭീമനടി വിമല A. L. P. S.	7	2			1				ഇ			ഇ	2	ഇ		ഉ	ഉ	ഉ	ഉ	25	10	5	5	
6	G. L. P. S. ചെന്നടുക്കം	4	—	1		1	ഇ		1	ഉ	1	7	ഇ	1	1		ഇ	ഇ	ഇ	ഇ	5	15	5	4	
7	A. L. P. S. നാട്ടക്കൽ	8	1		1	9		1		ഉ			ഇ	2	1		ഇ	ഇ	ഇ	ഇ	50	25	4	5	
8	A. L. P. S. എളേരിത്തട്ട്	5	2			9				ഉ			ഇ	2	ഇ		ഇ	ഇ	ഇ	ഇ	10	15	5	5	
9	G. L. P. S. പറമ്പ	4	1			—		1	4	ഉ	1	10	ഇ	1	1		ഇ	ഇ	ഇ	ഇ	10	10	5	5	
10	G. U. P. S. പെരുമ്പട്ട	4	ഇ	ഇ		ഇ	ഇ	ഇ	8	ഇ	ഇ	ഇ	ഇ	ഇ	ഇ	ഇ	ഇ	ഇ	ഇ	ഇ	50	50	8	8	
11	സെന്റ് ജോസഫ്സ് U. P. S. മണ്ഡപം	3	2			6			1	ഉ	1	3	ഇ	1	ഇ		ഉ	ഉ	ഉ	ഉ					
12	A. U. P. S. കുന്നുംകൈ	11	2	4		2	12		ഇ	ഉ	1	10	ഇ	2	1		ഇ	ഇ	ഇ	ഇ	40	45	5	5	
13	A. U. P. S. പ്ലാച്ചിക്കര	10	3	1		13				ഇ	2	6	ഇ	1	ഇ		ഇ	ഇ	ഇ	ഇ	9	53	8	9	
14	M. G. M. U. P. S. കോട്ടമല	14	1	3		—	6	10	4	ഉ	1	2	ഇ	4	ഇ		ഇ	ഇ	ഇ	ഇ	20	20	5	5	
15	വരക്കാട് ഹൈസ്കൂൾ	15	5			21					ഇ	2	ഇ	2	1		ഉ	ഉ	ഉ	ഉ		20	4	8	
16	ഗവ: കോളേജ് എളേരിത്തട്ട്	13	2	3		—	5	8		ഇ		1	ഇ			3	ഉ	ഉ	ഉ	ഉ	40	40	5	5	

N.B:- ഉ = ഉണ്ട് ഇ = ഇല്ല

എളേരിത്തട്ട് ഗവ: കോളേജിൽ അദ്ധ്യാപകർക്കുള്ള ഇരുപതോളം തസ്തികകളിൽ പല പ്പോഴും വളരെ കുറച്ചും അദ്ധ്യാപകർ മാത്രമേ ഉണ്ടാകാറുള്ളു. നിരന്തരമായ മുറവിളികളുണ്ടാ യിട്ടും ഇന്നും ഏഴോളം അദ്ധ്യാപക തസ്തികകളിൽ പൂർണ്ണമായും ഒഴിഞ്ഞുകിടക്കുകയാണ്.

അദ്ധ്യാപകർക്ക് താമസ സൗകര്യമില്ലാത്തതാണ് തസ്തിക ഒഴിഞ്ഞ്കിടക്കാൻ കാരണം. അതിനാൽ എളേരിത്തട്ടിൽ അടിയന്തിരമായും സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയാൻ ആവശ്യമായ ന ടപടികൾ സ്വീകരണം.

മിക്കവാറും എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യമായ കളിസ്ഥലം ഇല്ലാത്തതിനാൽ കായിക രംഗത്തെ കുട്ടികളുടെ നിലവാരം തീരെ തൃപ്തികരമല്ല. പ്രൈമറി വിദ്യാലയങ്ങളിൽ നിർബന്ധ മായും ഓരോ കായികാദ്ധ്യാപക തസ്തികകൾ അനുവദിക്കപ്പെടണമെന്ന് ഗ്രാമ സഭകളിൽ നിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇന്ന് വരക്കാട് ഹൈസ്ക്കൂളിലൊഴികെ ഈ പഞ്ചായത്തിലെ മറ്റ് സ്കൂളുകളിൽ കായികാദ്ധ്യാപകരില്ല.

പഞ്ചായത്തിലെ തന്നെ ഏക ഗവ: യു. പി. സ്കൂളായ പെരുമ്പട്ട യു. പി. സ്കൂൾ 1975-ൽ ആരംഭിച്ചതാണെങ്കിലും 1975ൽ തന്നെ 2 ഏക്കർ സ്ഥലവും 15000 ക. യും സർക്കാരിൽ കെട്ടി വെച്ചെങ്കിലും 20 വർഷമായിട്ടും സർക്കാരുകളും മാറി വന്നിട്ടും സ്കൂൾ കെട്ടിടം അനുവദിക്കാതെ അവഗണിക്കുകയാണ്. ആയതിനാൽ പ്രസ്തുത സ്കൂളിന് അടിയന്തിരമായും കെട്ടിടം പണിയാ നാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഗ്രാമസഭയിൽ ആവശ്യമുയർന്നിട്ടുണ്ട്.

പുതിയതായി ഇത്തരം നിയമനം നടത്താനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ മറ്റുള്ള അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഈ മേഖലയിൽ പ്രത്യേക പരിശീ ലനം കൊടുക്കുന്നതിനുള്ള സംവിധാനമെങ്കിലും ഉണ്ടാവണമെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട് മിക്ക വിദ്യാലയത്തിലും കായിക ഉപകരണങ്ങളും ഇല്ലെന്നത് പ്രസ്താവ്യമാണ്. ഓരോ സ്കൂളി ന്റെയും ഭൗതീക സാഹചര്യങ്ങൾ സംബന്ധിച്ച പഠനം കാണിക്കുന്നത്. പുതിയ വിദ്യാലയങ്ങ ളിൽ സ്ഥാപിക്കപ്പെടുന്നതിനു പകരം ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തലാണ് രിക്കണം.

സ്കൂളുകളിലെ ഭൗതീക സൗകര്യങ്ങൾ സംബന്ധിക്കുന്ന വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

കക്കൂസ്, മൂത്രപ്പുര, ഓഫീസ് മുറി, സ്റ്റാഫ് റൂം തുടങ്ങിയവ മിക്കവാറും എല്ലാ വിദ്യാലയ ത്തിനും അത്യാവശ്യമായി ഉണ്ടാകേണ്ടതാണ്. പല വിദ്യാലയങ്ങൾക്കും കിണറുകൾ പോലും ഇല്ലാ ത്തതിനാൽ കുടിവെള്ളത്തിന്റെ പ്രശ്നം ഉണ്ടാകുന്നു. യു. പി. സ്കൂളുകളെങ്കിലും വൈദ്യുതീ കരിക്കപ്പെടണം. എല്ലാ വിദ്യാലയത്തിനും ഉച്ചക്കഞ്ഞിയുടെ ആവശ്യത്തിനു താൽക്കാലിക പാചക ഷെഡ്ഡുകൾ പണിതിട്ടുണ്ടെങ്കിലും കെട്ടുറപ്പോടു കൂടിയതും സ്ഥിരമായതുമായ പാചകപ്പുരകൾ ഇല്ല. ഫർണ്ണിച്ചറുകൾ തീർത്തും അപര്യാപ്തമാണ്. ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കുന്നതിനുള്ള ഷെൽഫുകളും റാക്കുകളും ഉണ്ടാക്കണം. അതുപോലെ തന്നെ ലാബറട്ടറി ഉപകരണങ്ങൾ തീരെ കുറ വാണ് മേപ്പുകളും ചാർട്ടുകളും വിദ്യാലയങ്ങളിൽ ലഭ്യമല്ല. കുട്ടികളുടെ വായനാശീലം വർദ്ധി പ്പിക്കാൻ 'വായനാ കോർണറു'കൾ ഉണ്ടാവുകയും, വേണ്ടത്ര ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുകയും വേണം. സ്കൂളുകളിൽ സർക്കാർ തലത്തിൽ വിതരണം ചെയ്ത ഏതാനും പുസ്ത കങ്ങളാണ് ലൈബ്രറിയിനത്തിലുള്ളത്. ഏഴോളം ലൊവർ പ്രൈമറി വിദ്യാലയങ്ങളിൽ അത്തരം ലൈബ്രറികൾ ഉണ്ട്. അതുപോലും ഇല്ലാത്ത രണ്ട് എൽ. പി. സ്കൂളും ഒരു യു. പി. സ്കൂളും ഈ പഞ്ചായത്തിൽ ഉണ്ടെന്നു കണക്കുകൾ വെളിപ്പെടുത്തുന്നു.

ഹൈസ്ക്കൂളിലും യു. പി. സ്ക്കൂളിലും സ്പെഷ്യൽ ഫീസു ഫണ്ടിനെ ആശ്രയിച്ചു വാങ്ങുന്ന ലൈബ്രറി പുസ്തകങ്ങളാണെങ്കിൽ എണ്ണത്തിൽ വളരെ കുറവാണ്. ലാബറട്ടറി സൗകര്യങ്ങളുടെ കാര്യത്തിലും മേൽപ്പറഞ്ഞ പരാധീനതകൾ ഉണ്ട്. മൂന്നു എൽ. പി. സ്ക്കൂളിനും ഒരു യു. പി. സ്ക്കൂളിനും ചെറിയ തോതിൽ പോലും ഉള്ള ലബോറട്ടറി ഇല്ല. മൂക്കോട് ജി. എൽ. പി. സ്ക്കൂൾ, ചെന്നടുക്കം ജി. എൽ. പി. സ്ക്കൂൾ, പറമ്പ ജി. എൽ. പി. സ്ക്കൂൾ, പെരുമ്പട്ട ജി. യു. പി. സ്ക്കൂൾ എന്നിവയാണ് അവ. ഉള്ള ലബോറട്ടറി സൗകര്യങ്ങൾ തന്നെ പൂർണ്ണമായും ഉപയോഗപ്പെടുത്തി വരുന്നില്ല. മാപ്പ്, ചാർട്ട്, ഗ്ലോബ് എന്നിങ്ങനെയുള്ള പഠനോപകരണങ്ങൾ ഇല്ലാത്ത 9 സ്ക്കൂളുകൾ വെസ്റ്റ് എളേരി പഞ്ചായത്തിലുണ്ട്. ആകെ 6 എൽ. പി. സ്ക്കൂളുകൾക്ക് റേഡിയോയും 8 സ്ക്കൂളുകൾക്ക് ടേപ്പ് റിക്കാർഡറും ഉണ്ട്. ടി. വി, വി. സി. ആർ, സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർ ഹെഡ്ഡ് പ്രൊജക്ടർ, കമ്പ്യൂട്ടർ എന്നിങ്ങനെയുള്ള ഉപകരണങ്ങൾ ഒറ സ്ക്കൂളിനും ഇല്ല. എല്ലാ സ്ക്കൂളുകൾക്കും കൂടി 76 ബ്ലാക്ക ബോർഡുകൾ ഇനിയും ആവശ്യമാണ്. ഇപ്പോൾ 98 എണ്ണം ഉണ്ട്.

രക്ഷിതാക്കളുടെ കൂടി സഹകരണത്തോടെ എല്ലാ വിദ്യാലയത്തിനും പൂന്തോട്ടങ്ങൾ ഉണ്ടാകണം. സ്കൂളിനുള്ള സ്ഥലം പലയിടത്തും തരിശായി കിടക്കുന്നു. സ്ക്കൂൾ വിദ്യാർത്ഥികളുടെ പച്ചക്കറി കൃഷി പദ്ധതി - രക്ഷിതാക്കളുടെ കൂടി സഹകരണത്തോടെ എല്ലാ വിദ്യാലയത്തിനും നടത്തണം. ചുറ്റു മതിലുകളും വേലികളും ഒരു വിദ്യാലയത്തിലും ഇല്ലാത്ത അവസ്ഥയാണുള്ളത്. മൊത്തം 15 സ്ക്കൂളുകൾക്കുമായി 25 ഏക്കർ ഭൂവിസ്തൃതി മാത്രമാണ് ഇന്നുള്ളത്. കുന്നുംകൈ ജി. എൽ. പി സ്ക്കൂളിന് 65 സെന്റ് ഭൂമിയും കൊടോടി ജി. എൽ. പി. സ്ക്കൂളിന 50 സെന്റ് ഭൂമിയും മാത്രമാണുള്ളത്. ആകെയുള്ള 25 ഏക്കർ ഭൂമിയിൽ 9 ഏക്കറോളം യാതൊന്നും ചെയ്യാതെ വെറും തരിശായി കിടക്കുന്നുമുണ്ട്.

1995-96 അദ്ധ്യയന വർഷത്തിൽ ശരാശരി 193 അദ്ധ്യയന ദിവസങ്ങളാണ് ലഭിച്ചത്. പൊതുവെ സ്ക്കൂളുകളിൽ വിദ്യാർത്ഥി സമരം കുറവാണ്. എന്നാൽ വരക്കാട് ഹൈസ്ക്കൂൾ കഴിഞ്ഞ അദ്ധ്യയന വർഷം ഏഴു പ്രവൃത്തി ദിവസം നഷ്ടപ്പെട്ടിട്ടുണ്ട്. പ്ലാച്ചിക്കരയു. പി. സ്ക്കൂളിൽ ഒരു ദിവസവും കൊട്ടമല M. G. M. യു പി. സ്ക്കൂളിൽ 3 ദിവസവും വിദ്യാർത്ഥി സമരം മൂലം പ്രവൃത്തി ദിവസങ്ങളിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. മാതൃസംഗമം വിദ്യാലയങ്ങളിൽ സജീവമല്ല. ക്ലാസ് റും P. T. A. തലത്തിൽ P.T.A. എന്നിവ മിക്ക വിദ്യാലയങ്ങളിലും രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ തീരെ നിർജ്ജീവമാണ്.

ചീർക്കയത്തും, മൂവ്വേനിയും സാമൂഹ്യക്ഷേമ വകുപ്പിന്റെ വകയായും പെരുമ്പട്ട, പുത്തരിയടുക്കല്ല്, കുന്നുംകൈ, ഭീമനടി എന്നിവിടങ്ങളിൽ സഹകാര്യ മേഖലയിലും ഓരോ നഴ്സറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. കോളിയാട് ഒരു 'കൈഷെ'യും ഉണ്ട്. കുന്നുംകൈയിലെ നഴ്സറി സ്ക്കൂൾ ഇംഗ്ലീഷ് മീഡിയം ആണ്. ഇവ കൂടാതെ മണ്ഡപം, നരമ്പച്ചേരി, വരക്കാട്, പറമ്പ എന്നിവിടങ്ങളിലെ ബാലവാടികളും പ്ലാച്ചിക്കരയിലെ പഞ്ചായത്തു വക നഴ്സറി സ്ക്കൂൾ കൂടി ചേർന്നാൽ വെസ്റ്റ് എളേരിയിലെ ശിശു വിദ്യാലയ കേന്ദ്രങ്ങളായി. എന്നാൽ ഇവ മിക്കതും തന്നെ സ്വന്തം കെട്ടിടങ്ങളോ മറ്റു ഭൗതിക സൗകര്യങ്ങളോ ഇല്ലാത്തവയാണ്. ശിശുക്കൾക്കാവശ്യമായ കളിോപ്പുകൾ ഒന്നും തന്നെ ഈ കേന്ദ്രങ്ങളിൽ ഇല്ല. കുഞ്ഞുങ്ങൾ കളിച്ചു രസിച്ചു പഠിക്കാനും വളരാനും ഉള്ള കേന്ദ്രം എന്നതിനു പകരം നിർബന്ധിത ഭാഷാ പഠനത്തിനും ഗണിത പഠനത്തിനും ഉള്ള കേന്ദ്രമായി പലരും ഇതിനെ പരിഗണിക്കുന്ന അവസ്ഥയും ഉണ്ട്. ഈ പ്രവണത മാറ്റിയെടുത്ത് കുഞ്ഞുങ്ങളുടെ സ്വതന്ത്രമായ വിനോദവും കളിയും മൂലമുള്ള നൈസർഗ്ഗികവും സർവ്വോതോന്മുഖമായ വളർച്ചയ്ക്ക് ഉതകുന്ന കേന്ദ്രമാക്കി അവയെ മാറ്റിയെടുക്കാൻ സാധിക്കണം. എല്ലാ എൽ. പി. സ്ക്കൂളുകളുടെയും അനുബന്ധമായി ഓരോ പ്രീ-പ്രൈമറി കേന്ദ്രം കൂടി ഉണ്ടാവേണ്ടതാണെന്ന് അഭിപ്രായം ഉണ്ട്.

വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, ജനവിദ്യാകേന്ദ്രങ്ങൾ, തുടങ്ങിയ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ കുറവാണ്. പഞ്ചായത്ത് ലൈബ്രറി കൂടാതെ വരക്കാട് കാനാ കുഞ്ഞികൃഷ്ണൻ സ്മാരക ഗ്രന്ഥാലയം, മൗഭവനി വായനശാല കോടങ്കല്ല് ജവഹർ ക്ലബ്, കൂരാംകുണ്ട് മഹാത്മ വായനശാല. പുത്തരിയങ്കല്ല് YMCA, കുറുഞ്ചേരി AKG സ്മാരക വായനശാല, നർക്കിലക്കാട് റിക്രിയേഷൻ ക്ലബ് എന്നിവിടങ്ങളിൽ ചെറു ലൈബ്രറികൾ ഉണ്ട്.

അത്തരം സ്ഥാപനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നല്കപ്പെടണം. വാർഡുകൾതോറും ജനവിദ്യാകേന്ദ്രങ്ങളുണ്ടാവണമെന്നും തുടർ സാക്ഷരതാപരിപാടി നടത്തണമെന്നും അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിൽ ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി കുന്നുംകൈ ജി. എൽ. പി. ചെന്നടുക്കം ജി. എൽ. പി. എന്നിവിടങ്ങളിൽ ഓരോ ക്ലസ്റ്റർ ബിൽഡിംഗ് വീതം പണിതിട്ടുണ്ട്. ഈ പഞ്ചായത്തിൽ നാല് പ്രൈമറി സ്ക്കൂളിലാണ് ഡി. പി. ഇ. പി. ബാധകമായിട്ടുള്ളത്. പ്രസ്തുത സ്കൂളുകളിലെ പാഠപുസ്തകങ്ങളും പരീക്ഷാ രീതികളും വ്യത്യസ്തമാണ്. ഇതിന്റെ ഭാഗമായി ചീർക്കയത്ത് ഒരു ഭിന്നതല ബോധനശാല അനുവദിച്ചിട്ടുണ്ട്.

പൊതുവായ പ്രശ്നങ്ങൾ:-

1 ഹൈസ്ക്കൂളിലെ SSLC വിജയശതമാനം കുറവാണ്.

2 കുട്ടികളുടെ പഠനനിലവാരം തൃപ്തികരമല്ല.

3 സ്ക്കൂളിലെ ഭൗതീക സാഹചര്യങ്ങൾ തീർത്തും തൃപ്തികരമല്ല.

4 വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നുണ്ട്. ഭാവിയിൽ ഡിവിഷൻ കുറവുകൾ അനുഭവപ്പെടാൻ സാധ്യതയുണ്ട്.

5 മറ്റു പഞ്ചായത്തുകളിലേക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കുട്ടികൾ പോകുന്നുണ്ട്. ഇത്തരം കുട്ടികളുടെ എണ്ണം കൂടി വരുന്നു.

6 സ്ക്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ തന്നെയുള്ള നിരക്ഷരത നിലനിൽക്കുന്നു.

7 കലാകായിക പഠനത്തിനു യാതൊരു വിധ സാഹചര്യങ്ങളും വിദ്യാലയങ്ങളിൽ ഇല്ല.

8 പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ അതൃത്തി പ്രദേശങ്ങളിലെ പലവർ പ്രൈമറി വിദ്യാർത്ഥികൾക്കു പഠിക്കാൻ കിലോമീറ്ററുകൾതന്നെ നടന്നുപോകേണ്ടി വരുന്നതിനാൽ അരീങ്കല്ല് ഒരു എൽ. പി. സ്ക്കൂൾ ആവശ്യമാണ്.

9 40 ച. മൈൽ വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ മാത്രമാണുള്ളത്. ഇത് അപര്യാപ്തമാണ്. ഈ പഞ്ചായത്തിലെ കുട്ടികളുടെ എണ്ണമനുസരിച്ച് രണ്ട് ഹൈസ്ക്കൂളിന് കൂടി സാധ്യതയുണ്ട്. സർക്കാർ മേഖലയിൽ നിലവിൽ ഒരു ഹൈസ്ക്കൂളും ഇല്ല. കുന്നുംകൈ ഒരു ഹൈസ്ക്കൂൾ ആവശ്യമാണ്.

10 പഞ്ചായത്തിൽ ഒറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പോലും ഇല്ല.

11 അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികൾ ഒന്നുംതന്നെയില്ല.

12 എളേരിത്തട്ട് ഗവ: കോളേജിൽ ശാസ്ത്ര ബിരുദം നേടാനുള്ള സാഹചര്യം ഉണ്ടാവണം.

13 ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

14 ബാലവാടികൾക്കും അങ്കൺവാടികൾക്കും നേഴ്സറികൾക്കും ആവശ്യമായ കെട്ടിട സൗകര്യവും കളിക്കോപ്പുകളും മറ്റു പഠനോപകരണങ്ങളും ഇല്ല.

15 സ്ക്കൂളുകളിലെ പാഠ്യേതര പ്രവർത്തനം തീർത്തും അപര്യാപ്തമാണ്.

16 പി. ടി. എ. കളുടെ പ്രവർത്തനം സജീവമല്ല, (പ്രത്യേകിച്ചും എയ്ഡഡ് സ്ക്കൂളുകളിൽ)

17 എളേരിത്തട്ടുമ്മൽ എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യേണ്ടത് ആവശ്യമാണ്.

18 ഒമ്പതാം വാർഡിൽ ചീർക്കയത്തും 6ാം വാർഡിൽ കണ്ണൻകുന്നിലും ഓരോ എൽ. പി. സ്കൂളുകൾ ആവശ്യമാണ്.

സാധ്യതകൾ:

1 P. T. A., M.P.T.A. എന്നിവയുടെ സഹായത്തോടെ സ്ക്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്താനാകും

2 സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും, രക്ഷിതാക്കളുടെ സഹകരണത്തോടെയും ആവശ്യമായ നഴ്സറി വിദ്യാലയങ്ങൾ തുടങ്ങാം.

3 P. T. A. കളുടെ സഹായത്തോടെ L.P. സ്ക്കൂളിനോടനുബന്ധിച്ചു നഴ്സറി ക്ലാസുകൾ നടത്താം.

4 പഞ്ചായത്തു തലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുകയും, സ്ക്കൂളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പ്രത്യേകസമിതികൾ രൂപീകരിക്കുകയും ആകാം.

5 പഞ്ചായത്തു ഭരണസമിതിയുടെ സഹായത്തോടെ സന്നദ്ധസംഘടനകൾക്ക്, സാക്ഷരതാ തുടർ സാക്ഷരതാപരിപാടികൾ നടത്താം.

6 കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും അദ്ധ്യാപകരുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും പ്രാദേശികതലത്തിൽ P. T. A കൾക്ക് ഇടപെടാൻ സാധിക്കണം.

7 P. T. A കൾ സജീവമാകാൻ അയൽക്കൂട്ടങ്ങൾക്കു രൂപം കൊടുക്കാം.

8 എയിഡഡ് സ്ക്കൂളുകളിൽ P. T. A കൾ സജീവമാക്കാൻ ബോധവൽക്കരണം നടത്തണം.

9 D. P. E. P. യുടെ പണം ചിലവഴിക്കുന്നതിനുള്ള അധികാരം P.T.A യുടെ യുക്തത്തിന് വിടണം.





5.5

പൊതുജനാരോഗ്യവും കുടിവെള്ളവും.

വെസ്റ്റ് എളേരി പഞ്ചായത്തിലെ ആദ്യത്തെ ആധുനിക ചികിൽസാ കേന്ദ്രം 1958-ൽ മുക്കടയിൽ സ്ഥാപിക്കപ്പെട്ട ഗവ: ആയുർവ്വേദ ആശുപത്രിയാണ് വിദഗ്ദ്ധ ചികിത്സയ്ക്ക് വേണ്ടി ഇന്നും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത് നീലേശ്വരം, കാഞ്ഞങ്ങാട്, പയ്യന്നൂർ എന്നീ നഗരങ്ങളിലെ ആശുപത്രികളെ ആണ്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 2 പ്രാഥമികാരോഗ്യകേന്ദ്രങ്ങളും 2 ആയുർവേദ ആശുപത്രികളും ഒരു ഗവ: ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. 2 സ്വകാര്യ ഹോമിയോ ക്ലിനിക്കും ഒരു സ്വകാര്യ അലോപ്പതി ക്ലിനിക്കും പഞ്ചായത്തിലുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ 9 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടികജാതി കോളനികളിലെആരോഗ്യസ്ഥിതി തൃപ്തികരമല്ലെങ്കിലും പകർച്ചവ്യാധികൾ മൂലമുള്ള മണങ്ങൾ പൊതുവെ കുറവാണ്.

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ ആരോഗ്യാ സ്ഥാപനങ്ങൾ.

നമ്പർ.	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	മുക്കട ആയുർവേദ ആശുപത്രി - പരപ്പച്ചാൽ	V	1958	4
2.	ഗവ. ആയുർവേദ ആശുപത്രി - ഭീമനടി	V	1968	4
3.	P H C നർക്കിലക്കാട്	VII	1971	11
4.	P H C മൗക്കോട്	III	1992	10
5.	ഹോമിയോ ഡിസ്പൻസറി കമ്മാടം	III	1990	4
6.	F W C ഭീമനടി	VI	1990	1
7.	F W C പാമ്പ	XI	1990	1
8.	FWC എളേരിത്തട്ട്	VIII	1990	1
9.	F W C ചീർക്കയം	IX	1990	1
10.	F W C നർക്കിലക്കാട് PHC യോട് ചേർന്ന്	VII	1963	1
11.	F W C ചെന്നടുക്കം	IV	1993	1
12.	F W C കുന്നുംകൈ	II	1993	1
13.	F W C പെരുമ്പട്ട	I	1992	1
14.	F W C മൗക്കോട്	II	1971	1

ആരോഗ്യ സ്ഥാപനങ്ങളും പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	സ്ഥാപനങ്ങൾ പൊതു സ്വകാര്യ	സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
2	FWC പെരുമ്പട്ട	ഇലക്ട്രിസിറ്റിയില്ല കുടിവെള്ളമില്ല	
	FWC കുന്നുംകൈ	കുടിവെള്ള ക്ഷാമം നേരിടുന്നു	
	FWC മൗക്കോട്	കെട്ടിടം ജീർണ്ണാവസ്ഥയിൽ വൈദ്യുതിയില്ല	അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തുക
3	PHC മൗക്കോട്	സ്വന്തം കെട്ടിടമില്ല ജീവനക്കാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സില്ല. ഇലക്ട്രിസിറ്റി യില്ല. ശുദ്ധജലമില്ല. ഫർണ്ണിച്ച റില്ല	സ്വന്തമായി കെട്ടിടം നിർമ്മിക്കണം ഒരേക്കർ സ്ഥലമുണ്ട്
	ഗവ: ഹോമിയോ ഡിസ്പെൻസറി കമ്മാടം	കെട്ടിടം ചോർന്നൊലിക്കുന്നു സ്ഥല പരിമിതിയുണ്ട് കുടിവെള്ളപ്രശ്നം ഉണ്ട്	കെട്ടിടത്തിന് അറ്റകുറ്റ പണി നടത്തണം കുടിവെള്ളത്തിന് സൗകര്യമുണ്ടാക്കണം
4	FWC ചെന്നട്ടുക്കം (ജീരകപ്പാറ)	ആവശ്യത്തിന് ഫർണ്ണിച്ചറില്ല	
5	മുക്കട ആയുർവേദ ആശുപത്രി പരപ്പച്ചാൽ	സ്വന്തമായി കെട്ടിടമില്ല. പ്രാഥ മിക സൗകര്യമില്ല. ഫർണ്ണിച്ചർ ഇല്ല മരുന്ന് ആവശ്യത്തിനില്ല	സ്ഥലമുണ്ട് കെട്ടിടം നിർമ്മിക്കുക മറ്റു പ്രശ്നങ്ങളെല്ലാം അടിയന്തിരമായി പരിഹരിക്കണം
	ആയുർവേദ ആശുപത്രി ഭീമനടി	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി സ്ഥലമില്ല	
6	FWC ഭീമനടി	ഫർണ്ണിച്ചർ കുറവ്	
7	PHC നർക്കിലക്കാട് FWC	നർക്കിലക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ജലവിതരണം ഇല്ല ഫർണ്ണിച്ചർ ഇല്ല	I P തുടങ്ങുവാനുള്ള സൗകര്യം ഉണ്ടാക്കുക ക്വാർട്ടേഴ്സ് നിർമ്മി ക്കുക. G H I തസ്തിക സൃഷ്ടിക്കുക ജല ക്ഷാമം പരിഹരിക്കുക

വാർഡ്	സ്ഥാപനങ്ങൾ പൊതു സഹകാര്യ	സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
8	FWC എളേരിത്തട്ട്	ഫർണ്ണിച്ചർ ഇല്ല	
9	FWC ചീർക്കയം	ഇലക്ട്രിസിറ്റിയില്ല. കിണറില്ല. ഫർണ്ണിച്ചറില്ല	
10			
11	FWC പറമ്പ	ഇലക്ട്രിസിറ്റിയില്ല ഫർണ്ണിച്ചറില്ല	

കുടിവെള്ളം

വെസ്റ്റ് എളേരിയിലെ മുഖ്യ കുടിനീർ സ്രോതസ് കിണറുകളാണ്. ധാരാളം ജല സ്രോതസുള്ള പഞ്ചായത്താണെങ്കിലും വിവിധ ഭാഗങ്ങളിൽ കുടിനീർ ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ ജല സ്രോതസ് ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിലെ കുടിനീർ പ്രശ്നം പൂർണ്ണമായും പരിഹരിക്കാം.

കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്ന പ്രദേശങ്ങൾ	പരിഹാര നിർദ്ദേശങ്ങൾ
1	ബഡൂർ	തുരുത്തിത്തട്ടിൽ ടാങ്ക് കെട്ടി മിനി വാട്ടർ സർവ്വെ സ്കീം സ്ഥാപിക്കുക
2	കപ്പാത്തി, മുള്ളളിക്കാട്, പെരുമ്പട്ട, കുണ്ടംതട്ട്, പാലക്കുന്ന് ഭജനമഠം	പുത്തരിയങ്കല്ല് ടാങ്ക് കെട്ടി ജല ദൗർലഭ്യം പരിഹരിക്കണം
3	കമ്മാടം സ്കൂൾ, കമ്മാടം ഹോമിയോ ആശുപത്രി, മണാട്ടിക്കവല, പാലക്കുന്ന്, കരിമുണ്ടംകയം, പെരിഞ്ഞ, മക്കാട്, കൂളിക്കുണ്ട്	പെരളത്തു പൊതു കുളം നിർമ്മിച്ച് ജലസേചനം നടത്തുക മണാട്ടിക്കവലയിൽ മിനിവാട്ടർ സപ്ലൈ പദ്ധതി നടപ്പിലാക്കുക
4	വരക്കാട് തട്ട്, ജീരകപ്പാറ	ചെന്നടുക്കത്തുള്ള സ്വകാര്യ വ്യക്തിയുടെ കുളം വിപുലീകരിക്കുക
5	കൂവപ്പാറ	കൂവപ്പാറയിലെ വറ്റാത്ത നീരുറവ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുക
6	നരമ്പച്ചേരി, ഇരട്ടക്കുന്ന്, കൂരാംകുണ്ട് കണ്ണൻകുന്ന്, കായക്കുന്ന്, അട്ടക്കാട്	നിലവിലുള്ള ജലവിതരണത്തിന് പ്ലാച്ചിക്കര നേഴ്സറി, മൃഗാശുപത്രി എന്നിവിടങ്ങളിൽ ടാപ്പ് അനുവദിക്കുക
7	നീർക്കിലക്കാട്	വരക്കാട് സ്വകാര്യ കുളം വിപുലീകരിച്ച് ഏച്ചിപ്പൊയിൽ തട്ടിൽ ടാങ്ക് നിർമ്മിച്ച് മിനി വാട്ടർ സ്കീം നടപ്പിലാക്കുക
8	എളേരിത്തട്ട്	ചൈത്രവാഹിനി പുഴയിൽ എരുമക്കയത്തു നിന്നും വെള്ളം എളേരിത്തട്ടിലെത്തിച്ച് വാട്ടർ പദ്ധതി സ്ഥാപിച്ചാൽ പഞ്ചായത്തിലെ മുഴുവൻ വാർഡിലെ ജലക്ഷാമവും പരിഹരിക്കാം
9	കോട്ടമല, കാവുന്തല, വിളഞ്ഞങ്ങാനം കിണറടി, മുടന്തേൻപാറ, ചീർക്കയം തട്ട്, ചട്ടമല	വളഞ്ഞങ്ങാനത്ത് ഒരു ജല സംഭരണ പദ്ധതി സ്ഥാപിക്കുക. ചട്ടമല, കിണറടി, എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക
10	പുന്നക്കുന്ന്, കൊടിയൻകുണ്ട് ഹരിജൻ കോളനി, അടുക്കളക്കണ്ടം നാട്ടക്കല്ല് കരുവങ്കയം, പുങ്ങംചാൽ, ഗാന്ധിനഗർ കോളനി, പുങ്ങംചാൽ ടൗൺ	അടുക്കളക്കണ്ടത്തിൽ ഒരു കുളം സ്ഥാപിച്ച് മുകൾ പ്രദേശത്ത് വാട്ടർ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക
11	കിണറടി, ചട്ടമല, അതിരുമാവ്, വണ്ണലപറമ്പ്, വണ്ണാലക്കുന്ന്, ചെറിയപാറ, അകവശേരിത്തട്ട്	പാലച്ചാൽ തട്ടിൽ ആലത്തടി കോളനിക്കു മുകളിൽ കുളം കുത്തി അതിരുമാവിൽ ടാങ്ക് നിർമ്മിച്ച് വാട്ടർ സ്കീം പദ്ധതി നടപ്പിലാക്കുക

നിർദ്ദേശം:-

1 നിലവിലുള്ള ഭീമനടി വാട്ടർ സപ്ലൈ പദ്ധതിയുടെ കീഴിലുള്ള ഉപയോഗശൂന്യമായ ടാപ്പുകൾ പ്രവർത്തന ക്ഷമമാക്കുക. കൂടാതെ പാങ്കയം മുതൽ പരപ്പച്ചാൽ വരെ പൈപ്പ് ലൈൻ നീട്ടുക. (ഭീമനടി, കുന്നുംകൈ സ്കൂളുകളുടെ കുടിനീർക്ഷാമം പരിഹരിക്കാം.)

ചൈത്രവാഹിനി പുഴക്ക് കുന്നുംകൈപാലം മുതൽ ചെരുമ്പക്കോട് വരെ രണ്ട് കി. മി. ഇടവിട്ട് ക്രോസ്ബാർ കെട്ടിയാൽ പഞ്ചായത്തിലെ കുടിനീർ ക്ഷാമം തീരും. ജൂൺ മാസത്തിൽ തുറന്ന് വിടാനും ഡിസംബർമാസത്തിൽ അടക്കാനും സാധിക്കണം.

കക്കൂസ്

പഞ്ചായത്തിൽ 20 ശതമാനം വീടുകൾക്കു മാത്രമേ സ്വന്തമായി കക്കൂസുള്ളൂ. ഇതിനു കാരണം ഒരു പരിധിവരെ സാമ്പത്തിക പരാധീനതയാണെങ്കിലും കക്കൂസുകളുടെ ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതും ഒരു കാരണമാണ്.

പരിസര ശുചിത്വം

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ പരിസര മലിനീകരണം രൂക്ഷമാണ്.

മാങ്ങോട് ലാറക്സ് ഫാക്ടറിയിൽ നിന്നും പുറംതള്ളപ്പെടുന്ന മലിനജലവും, മാങ്ങോട് ചകിരി ഫാക്ടറിയിൽ നിന്നും പുറംതള്ളപ്പെടുന്ന ചകിരിച്ചോറും പരിസര മലിനീകരണത്തിനു കാരണമാകുന്നു.

വെള്ളരിക്കുണ്ട് ടൗണിലെ ഹോട്ടലിൽ നിന്നും മറ്റും തോട്ടിലേക്ക് തള്ളുന്ന അവശിഷ്ടങ്ങൾ പ്ലാച്ചിക്കര തോടിനെ മലിനമാക്കുന്നു.

റബർ റോളറുകൾ ഉള്ള സ്ഥലങ്ങളിൽ മലുനജലം കെട്ടികിടക്കുന്നത് കൊതുക് വളരാനും തോട്ടിലേക്കൊഴുകുന്നത് ജല മലിനീകരണത്തിന് കാരണമാകുന്നു. മഴക്കാലങ്ങളിൽ റബർ തോട്ടങ്ങളിൽ ചിരട്ടകളിൽ വെള്ളം കെട്ടിനിൽക്കുന്നത് കൊതുക് വളരാൻ കാരണമാകുന്നു.

പ്രശ്നങ്ങൾ –

1 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
2 സ്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമായി നടക്കുന്നില്ല.
3 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ശേഖരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ പലതും അവിടെ ലഭ്യമല്ല.
4 പൈപ്പ് വെള്ളം ഏറ്റവും ആവശ്യമായിട്ടുള്ള വേനൽക്കാല മാസങ്ങളിൽ അതു കൃത്യമായി കിട്ടുന്നില്ല.

പഞ്ചായത്തിലെ ചെറു തോടുകളുടെയും പുഴയുടെയും മറ്റു ജല സ്രോതസുകളുടെയും ഇരുകരകളിലുമുള്ള സ്വാഭാവിക മരങ്ങളും കുറ്റിച്ചെടികളും ഓടക്കാടുകളും നശിപ്പിക്കുക മൂലം വേനലാരംഭത്തോടെ നീരുറവകൾ വറ്റിവരളുന്ന സ്ഥിതി ഉണ്ട്.

നിർദ്ദേശങ്ങൾ:

1 കക്കൂസ് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുക. എല്ലാ വീടുകൾക്കും കക്കൂസ് എന്ന ലക്ഷ്യം നേടുന്നതിന് സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കുക.

2 മാങ്ങോട് ലാറക്സ് ഫാക്ടറിയിലെ മലിനജലം ടാങ്കു കെട്ടി ശുദ്ധീകരിച്ച് പുറത്തു വിടുക.

3 ചകിരി ഫാക്ടറിയിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ചുകൊണ്ട് ജൈവവള നിർമ്മാണം ആരംഭിക്കുക.

4 തോട്ടിൽ ഓലചീയിക്കുന്നതും വാഹനങ്ങൾ കഴുകുന്നതും, നഞ്ചിടുന്നതും, തോട്ടയിടുന്നതും കർശനമായി തടയുക.

5 അറവു ശാലകൾക്ക് പഞ്ചായത്തിൽ നിന്നും നിർബന്ധമായും ലൈസൻസ് കൊടുക്കുക.

6 പൊതുശ്മശാനം: 3-ാം വാർഡിൽ കടുമേനി കോളനിക്കു സമീപത്തും 11-ാം വാർഡിലും പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക- ഉദയപുരത്തും പാങ്കയത്തും ഉള്ള പൊതു ശ്മാശാനങ്ങൾ ഉപയോഗിക്കുന്നതിലെ വിമുഖത മാറ്റിയെടുക്കുക.

7 പഞ്ചായത്തിൽ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കുക.

8 രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കാനും ഹെൽത്ത് കാർഡ് സംവിധാനം നടപ്പിലാക്കുക.


9 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിഷ ചികിത്സകരെയും മന്ത്രപ്പിത്തത്തിനു വിദഗ്ദ്ധ ചികിത്സ നടത്തുന്നവരെയും ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

10 പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം തുടങ്ങിയവ ബോധവല്ക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കുക,

11 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ കീഴിൽ മാസത്തിലൊരിക്കലെങ്കിലും അയൽക്കൂട്ടങ്ങൾ (കുടുംബങ്ങൾ ഒന്നിച്ചു ചേരൽ) സംഘടിപ്പിച്ച് ആരോഗ്യ ബോധവല്ക്കരണം നടത്തുക.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യ പ്രവർത്തകരുടെയും ജനങ്ങളുടെയും പൂർണ്ണമായ പിന്തുണയോടു കൂടി എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം.







5.6

ഗതാഗതം - ഊർജ്ജം

വെസ്റ്റ് എളേരി പഞ്ചായത്തിൽ ഗതാഗതം പ്രധാനമായും റോഡുകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. പെരുമ്പട്ട, കുന്നുംകൈ മേഖലയിൽ മാത്രമാണ് ജലഗതാഗതസൗകര്യമുള്ളത്. ഇന്ന് നിലവിലുള്ള റോഡുകൾ P. W. D റോഡുകൾ, ഗ്രാമപഞ്ചായത്തു റോഡുകൾ എന്ന് രണ്ടായി തിരിക്കാം. P. W. D റോഡുകൾ ടാർചെയ്തത് 31.900ഉം ഗ്രാമപഞ്ചായത്ത് റോഡുകൾ ടാർചെയ്തത് 13.210 കി. മീ. ആണ്. ഗ്രാമപഞ്ചായത്തു റോഡുകൾ 125 കി. മീ. ഉണ്ടെങ്കിലും ഗതാഗതത്തിന് പര്യാപ്തമല്ല. കുന്നും, മലകളും നിറഞ്ഞ ഈ പ്രദേശത്ത് വികസനത്തിന്റെ മേഖലയിൽ റോഡുകളുടെ സ്ഥാനം അവഗണിക്കാൻ കഴിയില്ല.

1953-54 കാലഘട്ടത്തിൽ പഞ്ചായത്ത് രൂപീകരണം നടക്കുമ്പോൾ ഉണ്ടായിരുന്ന യാത്രാ സൗകര്യങ്ങളെ വെച്ചുപരിശോധിക്കുമ്പോൾ റോഡ് ഗതാഗതം എത്രയോ മുമ്പോട്ട് പോയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ആദ്യറോഡ് കുന്നുംകൈയിൽ നിന്ന് ഭീമനടി വഴി ബളാലിലേക്ക് 1931ൽ ഉടുമ്പുന്തല മുസ്ലീം ജനമികുടുംബം നിർമ്മിച്ചതാണ്. കാളവണ്ടി, മഞ്ചൽ എന്നിവയ്ക്ക് പോകാനുള്ള സൗകര്യമേ അന്ന് ആ റോഡിനുണ്ടായിരുന്നുള്ളൂ.

വെസ്റ്റ് എളേരി പഞ്ചായത്തിലേക്ക് കാര്യങ്കോട് പുഴയിലൂടെ ചീന(വള്ളം)യിലാണ് ജനങ്ങൾ എത്തിച്ചേർന്നത്. കാർഷികോല്പന്നങ്ങൾ കടത്തിയിരുന്നതും ചീനവഴിയായിരുന്നു. 1942 മുതൽ മുക്കട പെരുമ്പട്ടവരെ കാര്യങ്കോട് പുഴയിലൂടെ ബോട്ട് സർവ്വീസ് തുടങ്ങി 1965-66 കാലഘട്ടം വരെ ബോട്ട് സർവ്വീസ് നിലനിന്നു. 1950 കളിൽ ഭീമനടി മുതൽ ചിറ്റാരിക്കാൽ വരെയുള്ള റോഡും ഭീമനടി, മാങ്ങോട്, ചപ്പാത്തും ആദ്യ കുടിയേറ്റ കർഷകനായ ബി. എഫ്. വർഗീസ് (കോട്ടമല എസ്റ്റേറ്റർ ഉടമ)നിർമ്മിച്ചു. 1954-ൽ ഡിസ്ട്രിക് ബോർഡ് നിലവിൽ വന്നതിനു ശേഷം പരപ്പച്ചാൽ, കുന്നുംകൈ റോഡ് നിർമ്മിച്ചു. 1953-54 കാലത്ത് ആദ്യത്തെ പഞ്ചായത്ത് സമിതിയാണ് പെരുമ്പട്ട മൗക്കോട് പൊരളം റോഡ്, പ്ലാച്ചിക്കര അട്ടക്കട് റോഡ്, കുറുഞ്ചേരി പരപ്പച്ചാൽ റോഡ്, നർക്കിലക്കാട് മൗവ്വേനിറോഡ്, വരക്കാട് എളേരിത്തട്ട് സ്കൂൾ റോഡ്(ഇന്ന് നിലവിലില്ല) എന്നിവ നിർമ്മിച്ചത് 1957-ൽ ഒടയഞ്ചാൽ ചെറുപുഴ റോഡിൽ ഭീമനടി മുതൽ ചെറുപുഴവരെ ആദ്യറീച്ച് പി. ഡബ്ലൂ. ഡി. ഏറ്റെടുത്തു. പരപ്പച്ചാലിൽ നീലേശ്വരം ബ്ലോക്കിന്റെ സഹായത്തോടെ പൈപ്പ് കൾവർട്ട് സ്ഥാപിച്ചു. 1964-ൽ മുക്കട വഴിയും ഒടയഞ്ചാൽ വഴിയും വെസ്റ്റ് എളേരി പഞ്ചായത്തിലേക്ക് ബസ് ഗതാഗതം ആരംഭിച്ചു. ബോട്ട് സർവ്വീസ് നിലയ്ക്കുകയും ചെയ്തു.

പട്ടിക 1

നിലവിലുള്ള PWD റോഡ്

	റോഡ്	ആകെ ദൂരം	ടാർ ചെയ്ത ദൂരം	ടാർ ചെയ്യാത്തത്
1	ചീമേനി-പാലാവയൽ റോഡിൽ കാക്കടവ് - കടുമേനി	10.675	2.000	8.675
2	കുന്നുംകൈ-ചിറ്റാരിക്കാൽ റോഡിൽ കുന്നുംകൈ-മണ്ഡപം	5.400	5.400	
3	പരപ്പച്ചാൽ-ഭീമനടി	6.000	6.000	
4	ഭീമനടി-കൂരാംകുണ്ട്	2.5000	2.500	
5	ഭീമനടി-അറക്കത്തട്ട്	8.000	8.000	
6	വരക്കാട്-പറമ്പ്	10.680	4.000	6.680
7	ചിറ്റാരിക്കാൽ–വള്ളിക്കടവ് റോഡിൽ കാറ്റാംകവല-വള്ളിക്കടവ്-പറമ്പ സ്കൂൾ വഴി	4.100	പണി നടക്കുന്നു	പണി നടക്കുന്നു ,,
8	പുന്നക്കുന്ന്-നാട്ടക്കല്ല്	4.000	[illegible]	

കാക്കടവ്-കടുമേനി റോഡിൽ മൗക്കോട് വരെയും വരക്കാട് പറമ്പറോഡിൽ ചീർക്കയം വരെയും കാറ്റാംകവല-വള്ളിക്കടവ് റോഡ് ഒഴികെ മറ്റ് റോഡുകളിലൂടെ ഇന്ന് ബസ് സർവീസ് ഉണ്ട്.

നിലവിലുള്ള പാലങ്ങൾ

1 കാക്കടവ്
2 ഏച്ചിലാകയം
3 കുന്നുംകൈ
4 മാങ്ങോട്
5 ഭീമനടി
6 പറമ്പ
7 വരക്കാട്
8 പരപ്പച്ചാൽ

പട്ടിക 2

ഗ്രാമപഞ്ചായത്ത് റോഡുകൾ

	റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാത്തത്	ആകെ ദൂരം
	വാർഡ് I			
1	കാക്കടവ്-അരിയങ്കല്ല്		1.150	1.150
2	അരിയങ്കല്ല് ആക്കച്ചേരി (എം. പി. ഫണ്ട്)	1.200	2.100	3.300
3	ചുഴിക്കയം തുരുന്തി		3.750	3.750
4	അമ്പേച്ചാൽ തുരുന്തി		0.480	0.480
5	ചെമ്മരങ്കയം തുരുന്തി		0.500	0.500
6	ബഡൂർ ചുഴിക്കയം		2.000	2.000
7	അരിയങ്കല്ല് ചൂയിക്കയം		1.700	1.700
8	മേലടുക്കം ഓട്ടപ്പടവ്		0.775	0.775
9	എരുത്തുകടവ് തായക്കാനം		2.000	2.000
	വാർഡ് II			
10	മൗക്കോട് കുണ്ടംതട്ട്		1.575	1.575
11	മുള്ളിക്കാട് പെരുമ്പട്ട		2.400	2.400
12	കുണ്ടംതട്ട് മുക്കട		3.000	3.000
13	മുക്കട പെരുമ്പട്ട		1.190	1.190
14	ഏച്ചിലാങ്കയം വരമ്പ്പാറ		1 000	1.000
15	വരമ്പ്പാറ പാലക്കുന്ന്		0.873	0.873
16	പുത്തരിയങ്കല്ല് ഏരോളം		1.500	1.500
17	എടത്തിലെ വളപ്പ് മാങ്ങോട്		5.670	5.670
18	പാലക്കുന്ന് പൂവത്താൻകല്ല് മൗക്കോട്		1.500	1.500
	വാർഡ് III			
19	പെരളം കമ്പല്ലൂർ		0.450	0.450
20	പെരുഞ്ചമക്കാട് പെരളം		2.000	2.000
21	കമ്മാടം മൈത്താനി		1.920	1.920
22	കമ്മാടം സ്കൂൾ കമ്മാടം കാവ്തട്ട്		1.035	1.035
23	കമ്മാടം കൊച്ചുകാവ് മേലാഞ്ചേരി		1.700	1.700
24	കമ്മാടം മൗക്കോട്		1.750	1.750
25	മണാട്ടിക്കവല തേരൂർ		1.500	1.500
	വാർഡ് IV			
26	ഭീമനടി ചെന്നടുക്കം		0.900	0.900
27	വരക്കാട് താലോലപ്പൊയിൽ		1.750	1.750
28	ഏച്ചിപ്പൊയിൽ വലിയവളപ്പ്		0.825	0.825
29	മുള്ളൻകല്ല് മീശത്തോട്		2.500	2.500
30	തീയ്യടുക്കം താലോലപ്പൊയിൽ		1.000	1.000
31	മാങ്ങോട് പാത്തിക്കടവ്		1.200	1.200
	വാർഡ് V			
32	കുറുഞ്ചേരി പരപ്പച്ചാൽ		3.456	3.456
33	കാലിക്കടവ് കുറുഞ്ചേരി	0.900		0.900
34	ഭീമനടി കുറുക്കൂട്ടിപ്പൊയിൽ		0.930	0.930
35	ചെമ്പൻകുന്ന് കുറുഞ്ചേരി		3.000	3.000
36	കുറുഞ്ചേരി കുറുക്കൂട്ടിപ്പൊയിൽ		0.950	0.950
37	കോളിയാട് നരിക്കാട്		1.000	1.000

ഗ്രാമപഞ്ചായത്ത് റോഡുകൾ

	റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാത്തത്	ആകെ ദൂരം
വാർഡ് VI				
38	പ്ലാച്ചിക്കര പുന്നക്കുന്ന്	1.100	4.570	5.670
39	കരിമ്പിരി പുന്നക്കുന്ന് കണ്ണൻകുന്ന്	0.800	5.070	5.870
40	അട്ടക്കാട് വെള്ളരിക്കുണ്ട്		0.850	0.850
41	അട്ടക്കാട് മാവുള്ളാൽ		0.950	0.950
42	പ്ലാച്ചിക്കര അവുള്ളക്കോട്		0.400	0.400
43	അട്ടക്കാട് കൂരാംകുണ്ട്		1.000	1.000
44	പ്ലാച്ചിക്കര നരമ്പച്ചേരി		0.625	0.625
45	അട്ടക്കാട് കൂളിപ്പാറ		1.820	1.820
46	അട്ടക്കാട് കുളങ്ങര		1.000	1.000
47	കൂരാംകുണ്ട് മാവുള്ളാൽ		0.742	0.742
വാർഡ് VII				
48	നർക്കിലക്കാട് മൗവ്വേനി വരിക്കമാവ് തട്ട്	1.660	1.300	2.960
49	വരക്കാട് മണ്ഡപം		2.500	2.500
50	മൗവ്വേനി പാലങ്ങാട്		1.200	1.200
51	മൗവ്വേനി ഏച്ചിപ്പൊയിൽ		1.500	1.500
52	ഏച്ചിപ്പൊയിൽ വെള്ളാപ്പള്ളിത്തട്ട്		1.500	1.500
വാർഡ് VIII				
53	നർക്കിലക്കാട് മർണാടം ആനവളവ്	0.500	1.600	2.100
54	മാർണാടം എളേരിത്തട്ട്		1.400	1.400
55	മാങ്ങോട് മാവുള്ളാൽ	0.500	3.500	4.000
56	മാങ്ങോട് എളേരിത്തട്ട് സ്കൂൾ		1.600	1.600
57	എളേരിത്തട്ട് എളേരിത്തട്ട് സ്കൂൾ	0.750		0.750
58	എളേരിത്തട്ട് പുലിമട		2.000	2.000
വാർഡ് IX				
59	ചിറ്റാരിക്കാൽ ചട്ടമല		0930.	0.930
60	ആനച്ചാപ്പ ചട്ടമല	0.500	2.275	2.775
61	ചട്ടമല ആനക്കുഴി		0.180	0.180
62	ചീർക്കയം കുളത്തുകാട് കാവുന്തല		2.300	2.300
63	ചീർക്കയം മുടന്തേൻപാറ		1.300	1.300
64	കോട്ടമല വളഞ്ഞങ്ങാനം		2.700	2.700
വാർഡ് X				
65	നാട്ടക്കൽ മുറക്കോട്		0.130	0.130
66	കൊടിയംകുണ്ട് പുങ്ങംചാൽ		1.200	1.200
67	പുങ്ങംചാൽ ചീർക്കയം		1.130	1.130
68	നാട്ടക്കൽ ആനമഞ്ഞൾ		0.575	0.575
69	മുടന്തേൻപാറ അകവശേരി		1.000	1.000
70	നാട്ടക്കൽ നാട്ടക്കൽക്കുന്ന്		1.000	1.000

ഗ്രാമപഞ്ചായത്ത് റോഡുകൾ

	റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാത്തത്	ആകെ ദൂരം
വാർഡ് XI				
71	കാറാംകവല മുട്ടോംകടവ്	1.350	1.000	2.350
72	പാലച്ചാൽ തട്ട് പറമ്പ്	3.950		3.950
73	അതിരുമാവ് ജാതിയുള്ള മൂപ്പ്		1.575	1.575
74	പറമ്പ് റേഷൻകട വള്ളിക്കടവ്		0.720	0.720
75	ചട്ടമല കാറാംകവല		1.365	1.365
76	ചട്ടമല കിണറാടി		2.000	2.000
77	മാവുതട്ട് ചെരുമ്പക്കോട്		2.000	2.000
78	മുട്ടച്ചിറത്തട്ട് കിണറാടി		1.250	1.250
79	അകവശേരി തട്ട് ചട്ടമല		1.000	1.000
80	കോട്ടക്കൻ കടവ് ചെണ്ടിക്കുന്ന്		0.200	0.200
81	ചട്ടമല പാങ്കയം		3.325	3.325
82	പറമ്പ്പാറ പറമ്പ്		1.000	1.000
83	പറമ്പ ആനക്കയം		0.660	0.660

മുകളിൽ പറഞ്ഞ പഞ്ചായത്ത് റോഡുകൾ എല്ലാം തന്നെ ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം എന്ന് ഗ്രാമസഭകളിൽ നിന്നും അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട് കൂടാതെ ബോട്ട് സർവ്വീസ് തുടങ്ങിയ ജലഗതാഗതം ആരംഭിക്കണമെന്നും നിർദ്ദേശങ്ങളുണ്ട്. ടാർ ചെയ്യുന്നതിന് മുൻഗണന കൊടുക്കേണ്ട റോഡുകൾ വാർഡടിസ്ഥാനത്തിൽ.

വാർഡ്	റോഡ്
1	അരിയങ്കല്ല്-ചൂഴിക്കയം
2	കുണ്ടംതട്ട്-മൗക്കോട്
3	കമ്മാടം-മൈത്താനി
4	മാങ്ങോട്-എടത്തിലവളപ്പ്
5	പരപ്പച്ചാൽ-കുറുഞ്ചേരി
6	പ്ലാച്ചിക്കര-പുന്നക്കുന്ന്
7	വരക്കാട്-മണ്ഡപം
8	മാങ്ങോട്-മാവുള്ളാൽ
9	കോട്ടമല-വളഞ്ഞങ്ങാനം
10	പുങ്ങൻചാൽ-കൊടിയൻകുണ്ട്
11	പാങ്കയം-ചട്ടമല (ചട്ടമല-പാങ്കയം)

ഗ്രാമസഭകളിൽ നിന്നും പുതിയ റോഡുകൾക്ക് വന്ന നിർദ്ദേശങ്ങൾ.

1 ചൂഴിക്കയം-ബെഡൂർതട്ട് വഴി-തുരുത്തി
2 പുത്തരിയൻകല്ല്-വാഴപ്പള്ളി
3 പെരുമ്പട്ട-കപ്പാത്തി-കുണ്ടംതട്ട്
4 പെരളം-പൂങ്ങോട് കോളനി വഴി മൗക്കോട്

5 മാങ്ങോട് താലോലപ്പൊയിൽ ചെരുപ്പുടൽ
6 ചെന്നടുക്കം ജീരകപ്പാറ-മീശത്തോട്
7 ചെന്നടുക്കം ചേമ്പ പാറക്കടവ് വാഴപ്പള്ളി
8 വരക്കാട് മേലാഞ്ചേരി
9 കൂവപ്പാറ-പാലാന്തടം
10 കുറുഞ്ചേരി-കൂവ, പാലാന്തടം ചെമ്പൻകുന്ന് (പരപ്പച്ചാലിന് സമാന്തരമായി)
11 ചെമ്പൻകുന്ന് മുണ്ടിയാനം
12 കോളിയാട് നരിക്കാട്റോഡ് പാങ്കയം കൂവപ്പാറ റോഡുമായി ബന്ധിപ്പിക്കുക
13 കണ്ണൻകുന്ന്-കുളങ്ങര
14 കൂളിപ്പാറ-പുതുക്കുന്ന്
15 പുങ്ങൻചാൽ-നരമ്പച്ചേരി (ചൈത്രവാഹിനി തീരത്തുകൂടി)
16 ഭീമനടി ചെറംകടവ് നരമ്പച്ചേരി
17 അടുക്കളമ്പാടി എരങ്കുന്ന്
18 എളേരിത്തട്ട്-അമ്പാടി ബസാർ
19 വരക്കാട് വായനശാല-എളേരിത്തട്ട്
20 എളേരിത്തട്ട് കോളേജ്-കോളനി
21 അമ്പത്താറ്തട്ട്-കമ്മാടം
22 അടുക്കളക്കണ്ടം-കൊടിയൻകുണ്ട്
23 കീൽട്ടക്കയം-കിളിയൻചാൽ
24 നർക്കിലക്കാട് എജി ബസാർ-എളേരിത്തട്ട് റോഡ്
25 കിണറടി-മുടന്തൻപാറ
26 വളഞ്ഞങ്ങാനം-കിണറടി
27 മൗക്കോട്-ബെഡ്ഡൂർ
28 അതിരുമാവ്-മുട്ടോംകടവ് S C (കോളനി)
29 മുട്ടോംകകടവ്-ചെരുമ്പക്കോട് S C (കോളനി)
30 പാറക്കടവ്-ഏച്ചിപ്പൊയിൽ
31 വരക്കാട് കുരിശ് വെള്ളാപ്പള്ളിത്തട്ട്
32 കോടങ്കല്ല്-പെരുളം
33 നർക്കിലക്കാട് കലിങ്ക്-ഗവ: ആശുപത്രി
34 മണ്ഡപം-മുറുവാട്ടം-കരിമുണ്ടകയം
35 പാങ്കയം കൂവപ്പാറ
36 ഏച്ചിലാങ്കയം-ആമ്പിലേരി

റോഡുകൾക്ക് കൽവർട്ടുകൾ വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പുതിയ റോഡുകൾക്ക് പരമാവധി ശ്രമദാനം വാഗ്ദാനം ചെയ്തിട്ടുണ്ട്.

കമ്പിപ്പാലങ്ങൾക്കുള്ള നിർദ്ദേശങ്ങൾ:

1 വെസ്റ്റ് എളേരി പഞ്ചായത്തിനെ ചെമ്മരംകയം പുഴയുമായി ബന്ധിപ്പിക്കാൻ കമ്പിപ്പാലം
2 പെരുമ്പട്ട തോടിന് ഒന്ന്, രണ്ട്, വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കാൻ കമ്പിപ്പാലം.
3 കിണാവൂർ കരിന്തളം പഞ്ചായത്തുമായി വെസ്റ്റ് എളേരി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നതിന് മുക്കടയിൽ കമ്പിപ്പാലം.
4 ആറിലക്കണ്ടം-മുക്കൂട് കമ്പിപ്പാലം.
5 നരമ്പച്ചേരി-എളേരിത്തട്ടുമായി ബന്ധിപ്പിക്കുന്നതിന് കമ്പിപ്പാലം. (ചൈത്രവാഹിനിയിൽ)
6 എട്ട്-ആറ് വാർഡുകളെ ബന്ധിപ്പിക്കുന്നതിന് എരങ്കുന്നിൽ കമ്പിപ്പാലം.
7 നർക്കിലക്കാട് മൗവ്വേനി റോഡിന് കൽവർട്ട് മാറി മിനി പാലം പണിയണം.

8 ചരിമ്പക്കോട് മിനിപാലം കൊന്നക്കാടുമായി ബന്ധിപ്പിക്കാൻ.
9 പുങ്ങൻചാൽ–ചീർക്കയം കമ്പിപ്പാലം.
10 പാങ്കയത്തിന് മിനിപ്പാലം.
11 മണ്ണാട്ടിക്കവല പാലം
12 ചട്ടമല മിനിപ്പാലം.

പ്രശ്നങ്ങൾ:

1 നിലവിലുള്ള റോഡുകളുടെ അപര്യാപ്തത
2 റോഡുകളുടെ വീതിക്കുറവ്.
3 ഓട ഇല്ലാത്തത്.
4 കൾവർട്ടുകളുടെ അഭാവം.
5 ബസ്റോപ്പുകളിൽ ഷെൽറ്ററുകളില്ല.

സാധ്യതകൾ:

1 എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കാനുള്ള സന്നദ്ധ പ്രവർത്തനം.
2 ബഹുജന പങ്കാളിത്തത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണി.
3 പ്രധാന റോഡുകൾ ടാർ ചെയ്യാൻ പദ്ധതി.
4 മുൻഗണനാ ക്രമത്തിൽ പുതിയ റോഡുകൾ ബഹുജന പങ്കാളിത്തത്തോടെ നിർമ്മിക്കൽ.
5 റോഡ് സംരക്ഷണത്തിന് പ്രാദേശിയ ജനകീയ സമിതികൾ.

ഊർജ്ജം:

പഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. തെങ്ങിന്റെ മടൽ, ഓല, ചിരട്ട എന്നിവയും വിറകിന് പകരം ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ അഞ്ച് ശതമാനത്തിൽ താഴെയാണ്. ബയോഗ്യാസ്, ഗോബർഗ്യാസ്, സൗരോർജ്ജവിളക്കുകൾ എന്നിവ പഞ്ചായത്തിൽ പരിമിതമായ തോതിലാണ്.

വെസ്റ്റ് എളേരി പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1977 ലാണ്. ഭീമടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് തുടങ്ങിയത് 1988 ലാണ്. പഞ്ചായത്തിലെ 30% വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചത്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഏറെയുണ്ട്. വൈദ്യുതിയുണ്ടെങ്കിലും വോൾട്ടേജില്ല എന്നതാണ് പ്രധാന പ്രശ്നം.

നിലവിലുള്ള വൈദ്യുതി കണക്ഷൻ ഇനം തിരിച്ചുള്ള (പട്ടിക 1) താഴെ കൊടുക്കുന്നു.

1	ഗാർഹികം	1740
2	വ്യാപാരം	216
3	വ്യാവസായികം	15
4	കാർഷികം	

പട്ടിക 2

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

1.	മൗവ്വേനി	10.	ഭീമനടി
2.	നർക്കിലക്കാട്	11.	കാലിക്കടവ്
3.	വരക്കാട്	12.	കുന്നുംകൈ
4.	വരക്കാട് II	13.	കുണ്ടംതട്ട് (കുന്നുംകൈ)
5.	മാങ്ങോട് I	14.	പെരുമ്പട്ട
6.	മാങ്ങോട് II	15.	പെരളം
7.	മാങ്ങോട് III	16.	പുന്നക്കുന്ന്
8.	കുണ്ടുതടം	17.	നാട്ടക്കല്ല്
9.	കൂരാംകുണ്ട്		

പട്ടിക 3

സൗജന്യമായി വൈദ്യുതീകരിച്ച ഐ എച്ച് ഡി പി കോളനികൾ

	കോളനിയുടെ പേര്	കണക്ഷൻ ലഭിച്ച വീടുകൾ
1	അട്ടക്കാട് പുതുക്കുന്ന്	32
2	മൗവേനി	22
3	എളേരിത്തട്ട് മയിലുവളളിതൊട്ടി	30

മൂന്നാം വാർഡിൽ മണ്ണാട്ടിക്കവലയിൽ ജോസ് എളളിട്ടമുറിയിൽ എന്ന വ്യക്തി സ്വന്തമായി വൈദ്യുതി ഉല്പാദിപ്പിച്ച് ഗാർഹിക ആവശ്യം നിറവേറ്റുന്നുണ്ട്. പഞ്ചായത്തിൽ 76സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രതിവർഷം 3411 രൂപ നമ്മുടെ പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി ചിലവഴിക്കുന്നുണ്ട്. മിക്ക പ്രദേശങ്ങളിലും തെരുവ് വിളക്കുകൾ ഇനിയും ആവശ്യമാണ്.

പഞ്ചായത്തിലെ 59 കോളനികളിൽ 56 കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. പുതിയ ട്രാൻസ്ഫോർമാർ അനുവദിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
2 രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3 ഭൂരിഭാഗം കോളനികളും വൈദ്യുതീകരിച്ചിട്ടില്ല.
4 കടുമേനി–മൗക്കോട് ലൈൻ പൂർത്തീകരിച്ചിട്ടില്ല.
5 കമ്മാടം-പാലക്കുന്ന് ലൈൻ മിനിമം ഗ്യാരൻറി വെച്ച് ടെൻറർ വിളിച്ചു. പണി തുടങ്ങിയിട്ടില്ല.
6 പറമ്പ, വരക്കാട് താലോലപ്പൊയിൽ, ജീരകപ്പാറ, ലൈനുകളുടെ പണി പൂർത്തിയായിട്ടില്ല.
7 പരപ്പച്ചാൽ, പാലാന്തടം, കൊടിയൻകുണ്ട്, പുങ്ങംചാൽ, അരിയങ്കല്ല്– ചെമ്മരങ്കയം, അരിയങ്കല്ല്–ബെഡൂർ എന്നീ ലൈനുകൾ ടെൻററായി പണി തുടങ്ങിയിട്ടില്ല.
8 കോട്ടമല, കാറ്റാംകവല, കണ്ണൻകുന്ന്, ചീർക്കയം എന്നിവ ടെൻററായിട്ടില്ല.
9 മുടന്തേൻപാറ, എളേരിത്തട്ട് തൊട്ടി, കോട്ടമല–കാവുന്തല കോളനി, ഈ ലൈനുകളുടെ എസ്റ്റിമേറ്റ് ആയി. മറ്റ് നടപടി ക്രമങ്ങളൊന്നും ആയിട്ടില്ല.

സാദ്ധ്യതകൾ

1 പ്രേഷണ വിതരണ രംഗത്തെ നഷ്ടം കുറക്കുന്നതിന് മരക്കൊമ്പുകൾ മുറിച്ചു മാറുന്നതിനും മറ്റും പ്രാദേശിക തല സംവിധാനം ഉണ്ടാക്കണം.

2 ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക

3 ലൈനുകളിലെ തകരാറ് പരിഹരിക്കാൻ ബോർഡ് ജീവനക്കാരുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ വാർഡ് തല സംവിധാനം

4 ദക്ഷത കൂടിയ അടുപ്പുകൾ, പ്രചരിപ്പിക്കുക

5 മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവയുടെ ലഭ്യത സാർവ്വത്രികമാക്കുക

6 ഗോബർ ഗ്യാസ്, ബയോഗ്യാസ് സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക

7 പാരമ്പര്യേതര ഊർജ്ജ ലഭ്യത-അനർട്ട്-പരമാവധി പ്രയോജനപ്പെടുത്തുക

8 ബഡ്ഡൂർ - അരിയങ്കല്ല് ബണ്ട് കെട്ടി മിനി വൈദ്യുത പ്രൊജക്ട് സ്ഥാപിക്കുക

9 ബഡ്ഡൂർ - സോളാർ പവർ സ്റ്റേഷൻ സ്ഥാപിക്കുക

10 പ്ലാച്ചിക്കരയിൽ അനർട്ടിന്റെ മേഖലാ ഓഫീസ് സ്ഥാപിക്കണം

11 കിളിയൻ ചാലിൽ ചൈത്രവാഹിനി പുഴയിൽ ഒരു മിനി വൈദ്യുത പ്രൊജക്ട്

12 ചരുമ്പക്കോട് മിനി വൈദ്യുത പദ്ധതി

13 ഭീമനടി ചിറങ്കടവിൽ മിനി വൈദ്യുതപദ്ധതി

14 ഭീമനടി സബ്സ്റ്റേഷൻ അനുവദിക്കുക



5.7

പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസ പരമായും സാംസ്കാരികവുമായി മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമാണ് വെസ്റ്റ് എളേരി, ഭീമനടി വില്ലേജുകൾ, മാലോം വില്ലേജിന്റെ ഒരു ഭാഗം ഉൾപ്പെടുന്ന ഈ പഞ്ചായത്ത്. കൂലിപ്പണിക്കാരും, ഇടത്തരം കുടുംബാങ്ങളുമാണ് കൂടുതലായും ഈ പഞ്ചായത്തിലുള്ളത്.

5407 വീടുകളിൽ 3625 താമസയോഗ്യമായ വീടുകളും ബാക്കി എല്ലാം കുടിലുകളുമാണ്

പഞ്ചായത്തിലെ 11 വാർഡ് തിരിച്ചുള്ള വീടുകളുടെ പട്ടിക

വാർഡ് നമ്പർ	ഓട് വെച്ചത്	കോൺക്രീറ്റ്	ഓലപ്പുര/ പുല്ലുമേഞ്ഞത്	ആകെ
I	308	34	95	437
II	323	33	106	422
III	368	54	247	669
IV	238	6	216	460
V	208	35	149	392
VI	356	33	18	407
VII	183	37	114	334
VIII	353	49	139	541
IX	285	8	243	536
X	306	12	114	432
XI	371	25	341	737
	3299	326	1782	5407

ഇതിൽ വീടുകൾ പട്ടിക ജാതി വിഭാഗക്കാർക്ക് JRY, IAY, MWS മറ്റ് പദ്ധതികൾ മുഖേന നൽകിയതാണ്.

നീലേശ്വരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭവന നിർമ്മാണ സഹകരണ സംഘം ഈ പഞ്ചായത്തിൽ വായ്പ നൽകിവരുന്നുണ്ട്. എന്നാൽ ആവശ്യക്കാർക്ക് മുഴുവൻ വായ്പ നൽകാൻ ഈ സംഘത്തിന് സാധിക്കുന്നില്ല. വെള്ളരിക്കുണ്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡിന്റെ പദ്ധതികളും നാമമാത്രമായി ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ നല്ലൊരു ശതമാനം സാധാരണക്കാർക്ക് ഈ വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നില്ല. ഹോസ്ദുർഗ് ഭൂപണയ ബാങ്കിന്റെ ഭീമനടി ശാഖയും ഹൗസിംഗ് വായ്പ നൽകുന്നുണ്ട്.

ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിന് താഴെ ചേർത്ത നിർദ്ദേശങ്ങൾ പരിഗണിക്കുവുന്നതാണ്.

1 നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിക്കുക
2 വായ്പാ പദ്ധതികൾ നടപടിക്രമങ്ങൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് ചെയ്യുക
3 പലിശ നിരക്ക് കുറക്കുക
4 പ്ലോട്ട് അടിസ്ഥാനത്തിൽ വീടുകൾ നിർമ്മിച്ച് വിതരണം നടത്തുക

സർക്കാർ മുഖേനയുള്ള വീട് നിർമ്മാണ പദ്ധതികൾ വളരെ ദുർലഭമായേ ലഭിക്കുന്നുള്ളു പുതുക്കിപ്പണിയുന്നതിനുള്ള വായ്പകളും ലഭ്യമാക്കണം. വിവിധ ഏജൻസികൾ മുഖേന വീട് നിർമ്മിക്കുന്നതിന് നൽകുന്ന വായ്പയും ഗ്രാൻറും വർദ്ധിപ്പിക്കണം. കൂലി നിരക്കിലേ ക്രമാതീതമായ വർദ്ധനവും സാമഗ്രികളുടെ വിലക്കയറ്റവും പാവപ്പെട്ടവൻെറ വീട് നിർമ്മാണം ഇല്ലാതാക്കുന്നു. മേല്പറഞ്ഞ പദ്ധതികൾ മുഖേന വായ്പയും സഹായധനവും ലഭിക്കുമ്പോഴുണ്ടാകുന്ന സാങ്കേതികവും സാമ്പത്തീകവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം

ലക്ഷം വീട് കോളനികളോ മറ്റ് ഹൗസിങ്ങ് കോളനികളോ ഇല്ല. പട്ടിക ജാതി വിഭാഗങ്ങൾ മാത്രം താമസിക്കുന്ന 59 കോളനികൾ ഈ പഞ്ചായത്തിലുണ്ട്. പുറംപോക്കിൽ താമസിക്കുന്ന 26 കുടുംബങ്ങൾ ഉണ്ട്. കടത്തിണ്ണകളിൽ താമസിക്കുന്ന 4 ആൾക്കാരും ഉണ്ട്.

പട്ടിക വിഭാഗക്കാർ ഉൾപ്പെടെ നിലവിലുള്ള 1782 ഓലമേഞ്ഞ വീടുകൾ താമസയോഗ്യമാക്കുന്നതിനും വീടുകളിൽത്തന്നെ കൂട്ടുകുടുംബമായി താമസിക്കുന്നതും ഭൂരഹിതർ ഉൾപ്പെടെ 986 ആളുകൾക്ക് താമസിക്കുന്നതിനും പുറംപോക്കിലും കടത്തിണ്ണകളിലും താമസിക്കുന്നവർക്കു കൂടി ആകെ 2798 വീടുകൾ പുതുതായി നിർമ്മിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ കെട്ടിടങ്ങളുടെ നിർമ്മാണം കോൺട്രീറ്റിലേക്ക് തന്നെയാണ് നീങ്ങുന്നത്. എന്നാൽ അനാവശ്യ ചെലവുകൾ കുറവാണ്. ഭൂരിഭാഗവും കോൺട്രാക്റ്റേഴ്സ് വ്യവസ്ഥയിലാണ് നിർമ്മാണം നടക്കുന്നത്. എന്നാൽ തൊഴിൽ മേഖലയിലെ വൈദഗ്ദ്ധ്യം കുറവാണ്. സാധാരണ നിർമ്മാണ തൊഴിലാളികളെ ആവശ്യത്തിന് കിട്ടാനുണ്ട്.

നിർമ്മാണ തൊഴിലാളിക്ക് സാധാരണ 150 രൂപ പുരുഷനും 75 രൂപ സ്ത്രീകൾക്കും ദിവസം കൂലി ഇനത്തിൽ കിട്ടുന്നുണ്ട്. കർഷകതൊഴിലാളിക്ക് 100 രൂ. കൂലിയുണ്ട്.

പ്രശ്നങ്ങൾ:

1 കെട്ടിട നിവാരണ സാമഗ്രികൾ പഞ്ചായത്തിൽ ലഭ്യമാണെങ്കിലും ക്രമാതീതമായ വിലവർദ്ധനവുണ്ട്.
2 വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം ഈ മേഖലയിലുണ്ട്.
3 പഞ്ചായത്തിലെ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.
4 ഭവന നിർമ്മാണ വായ്പാ സ്ഥാപനങ്ങൾ ഇല്ല.
5 ഊർജ്ജത്തിൻെറ അഭാവംകൊണ്ട് കൃത്യസമയത്ത് മരം ഉരുപ്പടികൾ മില്ലിൽ നിന്നും കിട്ടാത്തതിനാൽ പണികൾ പൂർത്തിയാക്കാൻ കഴിയുന്നില്ല.

സാദ്ധ്യതകൾ:

1 വീടു നിർമ്മാണത്തിനുള്ള അപേക്ഷകളും അതിനാവശ്യമായ ഫണ്ടും പഞ്ചായത്തു മുഖേന വിതരണം നടത്താവുന്നതാണ്.
2 പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് വായ്പകൾ സാധാരണക്കാർക്ക് ലഭ്യമാക്കാവുന്നതാണ്.

3 ഭവന നിർമ്മാണത്തിനുള്ള സാധനങ്ങൾ ചുരുങ്ങിയ ചിലവിൽ നിർമ്മിക്കേണ്ടതാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽത്തന്നെ പ്രവർത്തിക്കുന്ന രണ്ട് സിമൻറ് ഇഷ്ടിക നിർമ്മിണ യൂണിററുക ളുണ്ട്. കുന്നുംകൈ പ്രദേശത്ത് ഇതിനുള്ള സാദ്ധ്യതയുണ്ട്. കൂരാങ്കുണ്ടിൽ ഒരു യൂണിററ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നുതാണ്. പ്രദേശികമായി ഇതുപോലെ ഉല്പാദിപ്പിക്കുന്ന സാധനസാമഗ്രികൾക്ക് പ്രചാരവും പ്രചോദനവും നല്കുകയും ഇതിൻെറ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഉണ്ടാകുകയും ചെയ്യണം.

4 നിർമ്മാണത്തിലെ ഒരോ വിഭാഗത്തിലെയും തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം കൊ ടുക്കണം. ഇത്തരം പരിശീലനം ലഭിക്കുന്നതിന് വികസന വകുപ്പിലൂടെയുള്ള പദ്ധതികൾ ഉപയോഗപ്പെടുത്താൻ വേണ്ട ബോധവല്ക്കരണവും അതിനുള്ള അവസരവും ഒരുക്കിക്കൊടു ക്കേണ്ടതാണ്.

5 പ്രദേശികമായി മുൻപരിജയമുള്ള വിദഗ്ദ്ധ തൊഴിലാളികളുടെ (ഉദാ: ആശാരി) സേവനം പരമാവധി ഉപയോഗിക്കാവുന്നതാണ്.

6 നിലവിലുള്ള JRY, IAY പോലുള്ള ഭവന നിർമ്മാണ പദ്ധതികൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ആവശ്യമായ ഫണ്ടും, ജനപ്രതിനിധികളും ഉദ്യോഗസ്ഥരടങ്ങുന്ന ജനസ കളുടെ വിനിയോഗ അവലോകനവും ഉറപ്പ് വരുത്തണം.

7 ഗുണഭോക്താവിൻെറ അദ്ധ്വാന വിഹിതവും സന്നദ്ധസംഘടനകളുടെ സേവനവും ലഭ്യ മാക്കണം.

8 നിർമ്മാണ സാമഗ്രികൾ മൊത്തമായി പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തണം.

9 നടപടിക്രമങ്ങളുടെ കാലതാമസം ഒഴിവാക്കുക.

10 ആസൂത്രിത കോളനികൾക്ക് സാദ്ധ്യതയുണ്ട്. പഞ്ചായത്ത് അതതിടത്തിയിലുള്ള പുറം പോ ക്ക് മിച്ചഭൂമി, റവന്യൂഭൂമി, ഇവ കണ്ടെത്തി പഞ്ചായത്തിനകത്ത് അവശേഷിക്കുന്ന ഭൂരഹി തർക്ക് പതിച്ച് കൊടുക്കുകയും, വീട് നിർമ്മിക്കുന്നതിന് സ്വയംഭരണ, സന്നദ്ധ, സാമൂഹ്യ സംഘടനകളുടെ സാമ്പത്തിക, സേവന പങ്കാളിത്തവും, ഗവൺമെൻറ് വിവിധ പദ്ധതികളി ലുള്ള സാമ്പത്തിക സഹായവും ഉപയോഗപ്പെടുത്തി ഭവന നിർമ്മാണം പൂട്ടം ഘട്ടമായി പൂർത്തി യാക്കാവുന്നതാണ്.

11 വായ്പാ സംഖ്യ വർദ്ധിപ്പിക്കുക.

12 ചിലവ് കുറഞ്ഞ വീടിന് പ്രചാരം നൽകുക.

13 ജൈവ വേലിക്ക് പ്രചാരണം നൽകുക

14 ഊർജ്ജ പ്രതിസന്ധി കൊണ്ട് മറ്റ് ഉരുപ്പടികൾ കൃത്യസമയത്തു കിട്ടാതെ വരുന്നതിന് നാ ടൻ രീതിയിലുള്ള മരം അറപ്പിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും കൊടുക്കണം.

വിവിധ ഗവൺമെൻറ് ഏജൻസികളുടെ സഹായം ഉണ്ടായാലും ഇത്രയും വലിയൊരുലക്ഷ്യം സാധിക്കാൻ കാര്യമായി കഴിയില്ലന്നതാണ് അനുഭവമുള്ളത്. ഇനിയും ആവശ്യമായിട്ടുള്ള 2798 വീടുകൾ ഘട്ടം ഘട്ടമായി പൂർത്തീകരിക്കാനുള്ള ജനപങ്കാളിത്തം ഉറപ്പു വരുത്താനും സാമ്പത്തിക സഹായത്തിനുള്ള ഏജൻസികളുടെ സഹായവും തേടിക്കൊണ്ട് കൂട്ടായ്മക്കായി ഒരുമിക്കാം.

നിരവധി ദാരിദ്രനിർമാർജ്ജന പദ്ധതികളോടൊപ്പം സംഘടിതവും അല്ലാത്തതുമായ മേഖലകളിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. ഇതു പോലെ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ക്ഷേമവികസനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

ക്ഷേമനിധിപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. പഞ്ചായത്തിൽ കർഷകതൊഴിലാളി, തെങ്ങുകയറ്റ തൊഴിലാളി നിർമ്മാണ തൊഴിലാളി തുടങ്ങിയ മുഴുവൻ ആളുകളും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, ആവശ്യസമയത്ത് കിട്ടായ്മ, മറ്റ് നൂലാമാലകൾ ഇവ.

പട്ടികജാതി ക്ഷേമ ഓഫീസ് പഞ്ചായത്തിൽ നിന്നും ദൂരെയുള്ള താലൂക്കാസ്ഥാനത്തായതിനാൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

വനിതാ വികസന കോർപ്പറേഷന്റെ ഒരു പദ്ധതിയും ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല,

ഈ പഞ്ചായത്തിലെ രണ്ട് വി. ഇ. ഒ. ഓഫീസുകളിൽ നിന്ന് ലഭ്യമാക്കിയ സഹായത്തിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

I R D P സാമ്പത്തിക സഹായം ലഭിച്ച ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ.

നർക്കിലക്കാട് —1991-92 to 1994-95 വരെ:106 കുടുംബങ്ങൾ ഇതിൽ 69 SC കുടുംബങ്ങൾ.

ഭീമനടി —1991-92 to 1994-95 :117 കുടുംബങ്ങൾ ഇതിൽ 48 SC കുടുംബങ്ങൾ.

ദാരിദ്ര രേഖ പരിധി 25000/- ക. യാക്കി ഉയർത്തണം. ദേശാസൽകൃത ബാങ്കുമുഖേന വായ്പലഭിക്കാൻ നടപടി ക്രമങ്ങൾ കൂടുതലാണ്. പൊതുവേ സർക്കാർ പദ്ധതിയിൽ എടുത്ത വായ്പകളിൽ തിരിച്ചടവ് പ്രവണത കുറവാണ്. പട്ടികജാതി വിഭാഗം നല്ലൊരു ശതമാനം തിരിച്ചടക്കാൻ കൂട്ടാക്കുന്നില്ല. അതിനാൽ ബാങ്കിന്റെ ഭാഗത്തു നിന്നും ഉദാസീനത ഉണ്ടാവാറുണ്ട്. സഹകരണ മേഖല ഇക്കാര്യത്തിൽ നല്ല സമീപനം കൈക്കൊള്ളുന്നുണ്ട്.

വർഷം തോറും ലിസ്റ്റ് പുതുക്കി ദാരിദ്ര രേഖ കണക്കാക്കാൻ സംവിധാനം ഉണ്ടാവണം. രാഷ്ട്രീയമായ ചില മാറ്റങ്ങൾ ഇതിനു വേണ്ടി കണ്ടെത്തേണ്ടിയിരിക്കുന്നു. പൊതുജനങ്ങൾക്ക് ഏത് സമയത്തും I R D P മുഖേന സഹായധനം ലഭിക്കാൻ സമയ ക്ലിപ്തത കഴിവാക്കണം.

D. W. C. R. A.

ഗ്രാമ പ്രദേശത്തെ സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതിക്കു വേണ്ടിയുള്ള ഈ പദ്ധതിയുടെ പ്രയോജനം ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കേണ്ടതാണ്.

ഇതുവരെയായി 2 വി. ഇ. ഒ ഓഫീസുകൾ മുഖേന നടപ്പിലാക്കിയ D. W. C. R. A. യൂണിറ്റുകളെ സംബന്ധിച്ച വിവരം

D. W. C R. A യൂണിറ്റ് I.C E പദ്ധതയിൽ ഉൾപ്പെടുത്തി രണ്ട് യൂണിറ്റുകൾക്ക് റേഡിയോ സെറ്റ് നൽകി ഒരു യൂണിറ്റിന് ഫർണ്ണിച്ചർ സാധനങ്ങളും നൽകിയിട്ടുണ്ട്.

താല്പര്യമുള്ള മുഴുവൻ പ്രദേശങ്ങളിലും പദ്ധതി ആവിഷ്ക്കരിക്കണം.

ഈ പരിപാടിക്ക് സന്നദ്ധ സംഘടനാ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തണം.

ഇതിനു കീഴിൽ അനുബന്ധ വ്യവസായം തുടങ്ങാൻ ശ്രമിക്കണം.

ഓരോവിലുള്ള പ്രവർത്തനം പഞ്ചായത്ത് തലത്തിൽ പ്രത്യേകമായി വിലയിരുത്താൻ സമിതി ഉണ്ടാക്കണം.

ശ്രദ്ധേയം:

തൊഴിൽ പരിശീലനം നേടാനാഗ്രഹിക്കുന്ന പ്രായപൂർത്തിയായ യുവതീയുവാക്കൾക്ക് വേണ്ടിയുള്ളതുള്ള ഈ പദ്ധതിയുടെ ഗുണം കുറച്ച് പേർക്ക് മാത്രമേ ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളൂ. ഈ പരിശീലന പരിപാടി വ്യാപകമായി നടപ്പിലാക്കുന്നതിനും പ്രദേശിക തൊഴിൽ മേഖലകളിൽ പരിശീലനം കൊടുക്കുന്നതിനും ശ്രദ്ധിക്കണം. പരിശീലന കാലത്തിന്റെ വിനിയോഗം പഞ്ചായത്ത് തല സമിതി വിലയിരുത്തണം. ആവശ്യമായ പഠനോപകരണങ്ങൾ പഞ്ചായത്ത് മുഖേന കൊടുക്ക

ണം. പദ്ധതികൾ നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തണം. സ്റ്റെറ ഫൻറ് കൂട്ടണം.

C R S P [കക്കൂസുകൾ]

പരിസര ശുചീകരണം ആരോഗ്യ പരിപാലനത്തിന് അത്യന്താപേക്ഷിതമാണല്ലോ? കേന്ദ്രസർക്കാറിൻെറ സാമ്പത്തിക സഹായവും ഗുണഭോക്താവിൻെറ പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ടുള്ള ഒരു സംരക്ഷിത കക്കൂസ് പദ്ധതിയാണ് ഇത്. 2500/- രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 2000/- രൂപ വികസന വകുപ്പിൽ കൂടി ധനസഹായം കൊടുത്തുവരുന്നു, വളരെ തുച്ഛമായ ആളുകൾക്ക് മാത്രമേ ഓരോ വർഷത്തിലും ഇത് ലഭിക്കുന്നുള്ളു.

* കുറഞ്ഞ ചിലവിൽ ഇത് നിർമ്മിക്കുന്നതിനുള്ള വൈദഗ്ദ്യം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും മനസിലാക്കിക്കൊടുക്കാനുള്ള നടപടി ഉണ്ടാക്കണം.
* കൂടുതൽ കുടുംബങ്ങൾക്ക് ഇതിൻെറ ആനുകൂല്യം ലഭ്യമാക്കണം.
* നിർമ്മാണച്ചിലവിൻെറ സാമ്പത്തീക സഹായം കൂട്ടണം
* വ്യാപകമായ പ്രചരണവും സന്നദ്ധ സംഘടനകളുടെ സേവനവും ലഭ്യമാക്കണം
* 100 ശതമാനം ലക്ഷ്യം മുന്നിൽ കണ്ട് പദ്ധതി രൂപീകരിക്കണം.
* ഇതിന് വേണ്ട ദീർഘകാലാസൂത്രിത പദ്ധതിക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം
* നിർമ്മാണ സാധനങ്ങൾ സിവിൽ സപ്ലൈസ് മുഖേന കുറഞ്ഞ വിലക്ക് ലഭ്യമാക്കാൻ നടപടി എടുക്കണം

IRDP കണക്കു പ്രകാരം ഈ പഞ്ചായത്തിൽ കക്കൂസില്ലാത്ത വീടുകളുടെ എണ്ണം 2 57 ഉം കക്കൂസ് ലഭിച്ചവരുടെ എണ്ണം 97 ഉം ആണ്.

വില്ലേജാഫീസ് മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

നിലവിൽ റവന്യൂ ഡിപ്പാർട്ട് മുഖേന നൽകിവരുന്ന എല്ലാ പെൻഷൻ പദ്ധതികളും ഇപ്പോൾ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കയാണല്ലോ?

ജനപ്രതിനിധികളുടെ സഹകരണത്തോടെ കൂടുതൽ കാര്യക്ഷമമായി പെൻഷൻ പദ്ധതികൾ നടപ്പിലാക്കാവുന്നതുണ്. ഗ്രാമസഭകൾക്ക് പെൻഷൻ പാസാക്കുന്നതിനുള്ള അധികാരം നൽകിയാൽ അനർഹരായ അപേക്ഷകൾ മുഴുവൻ ഒഴിവാക്കാൻ കഴിയും.

വിധവാ പെൻഷൻ

വരുമാനം കണക്കാക്കി ഈ പെൻഷൻ കൊടുക്കാനുള്ള നടപടികൾ ഉണ്ടാവണം, ഇതിന് ജനപ്രതിനിധികളുടെ സേവനം ഉപയോഗപ്പെടുത്തണം

വികലാംഗ പെൻഷൻ

പെൻഷനാവശ്യമായ സർട്ടിഫിക്കറ്റുകൾ ഈ പഞ്ചായത്തിൽ നിന്നും വളരെ ദൂരം സ്ഥിതി ചെയ്യുന്ന താലൂക്ക് ആസ്ഥാനത്തായതിനാൽ മുഴുവൻ ആളുകൾക്കും ഇതിൻെറ നടപടി ക്രമങ്ങൾക്ക് പോകാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലുള്ള PHCയിൽ ഇതിനുള്ള സർട്ടിഫിക്കറ് കൊടുക്കാനുള്ള അധികാരം ഉണ്ടായിരുന്നതാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മുഴുവൻ ആളുകൾക്കും പെൻഷൻ കൊടുക്കാൻ പ്രത്യേക സെല്ല് രൂപീകരിക്കുകയും അവരുടെ മേൽ നോട്ടത്തിൽ വികലാംഗർക്ക് തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൻെറ വിഭവത്തെ ആസ്പദമാക്കി കണ്ടെത്തുകയും വേണം.

കർഷക തൊഴിലാളി പെൻഷൻ

അർഹതപ്പെട്ട മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ കിട്ടുന്നില്ല. പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി മുഴുവൻ പേർക്കും പെൻഷൻ കൊടുക്കാൻ പദ്ധതി രൂപീകരിക്കണം

തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷകൾ നേരിട്ട് പഞ്ചായത്ത് വാങ്ങി പരിശോധനക്ക് ശേഷം ബന്ധപ്പെട്ട ലിസ്റ്റ് അയക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അനർഹരായവരെ ഒഴിവാക്കാൻ സാധിക്കും. വേതനം പഞ്ചായത്തോഫീസിൽ വെച്ച് വിതരണം ചെയ്യണം. കൃത്യ സമയത്ത് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ സാധിക്കും. കാല താമസം ഒഴിവാക്കി മാസംതോറും കൊടുക്കണം.

ബാലവാടി:

വികസന വകുപ്പിന്റെ കീഴിലുള്ള 4 ബാലകാടികളും, സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിലുള്ള ഒരു ബാലവാടിയും നിലവിൽ പഞ്ചായത്തിൽ ഉണ്ട്. ആവശ്യത്തിനുള്ള പോഷകാഹാരം ലഭിക്കുന്നില്ല. ലഭിക്കുന്നത് കുട്ടികൾക്ക് തികയാറില്ല. പോഷക ഗുണം കുറഞ്ഞ സാധനങ്ങളാണ് ലഭിക്കുന്നത്. സ്വന്തം കെട്ടിടം ഉണ്ടെങ്കിലും സ്വന്തമായി നല്ല ഫർണ്ണിച്ചറുകൾ ഇല്ല. കളിപ്പാട്ടങ്ങൾ ഒന്നും തന്നെ ഇല്ല. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം നാമമാത്രമാണ്. ബാലവാടികളിലെ ടീച്ചർക്കും, ആയയ്ക്കും ശരിയായ ട്രയിനിംഗ് ലഭിക്കാത്തതിന്റെ കുറവ് കുട്ടികളുടെ സ്വഭാവത്തിൽ കൂടി വ്യക്തമാവുന്നു.

മുഴുവൻ ബാലവാടികളും അംഗൻവാടികളാക്കി ക്ഷേമ ബോർഡിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

ക്ഷേമനിധി

കെട്ടിട നിർമ്മാണതൊഴിലാളി:- അംഗമാകുന്നതിന് പ്രായ പരിധി കുറക്കുക. മുഴുവൻ ആളുകളെയും അംഗങ്ങളാക്കണം.

കർഷകതൊഴിലാളി:

ക്ഷേമനിധി പഞ്ചായത്ത് മുഖേന ഏറ്റെടുത്ത് കാര്യക്ഷമമാക്കണം.

പൊതുവിതരണം:

പഞ്ചായത്തിൽ 12 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. ഒരു മാവേലി സ്റ്റോർ 2 കൺസ്യൂമർ സ്റ്റോർ എന്നിവയും ഉണ്ട്. സ്ഥിരമായി പരാതി ഉള്ളതിനാൽ പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം പഞ്ചായത്ത് വിലയിരുത്തണം. കാർഡ് ലഭിക്കാനാവശ്യമായ സർട്ടിഫിക്കറ്റുകൾ പഞ്ചായത്തിൽ നിന്നും കാലതാമസം കൂടാതെ കൊടുക്കണം. പഞ്ചായത്ത് മുഖേന പുതിയ കാർഡ് വിതരണത്തിന് നടപടി ഉണ്ടാക്കണം.

4, 8, 9 വാർഡുകളിൽ പൊതുവിതരണ കേന്ദ്രം വേണം. ആയതിനു വേണ്ട നടപടി പഞ്ചായത്ത് കൈക്കൊള്ളണം. മാവേലിസ്റ്റോർ ഇല്ലാത്ത പ്രധാനപ്പെട്ട സ്ഥലങ്ങളായ കുന്നുംകൈ മൂക്കോട്, മണ്ഡപം, ഭീമനടി, പുങ്ങൻചാൽ ഇവിടങ്ങളിൽ പുതിയ മാവേലിസ്റ്റോർ അനുവദിപ്പിക്കാൻ പഞ്ചായത്ത് ശ്രമിക്കണം.

ജാഗ്രതാസമിതികൾ രൂപീകരിച്ച് റേഷൻ വെട്ടിപ്പ് തടയാൻ പഞ്ചായത്ത് നടപടികൾ എടുക്കണം. ഉപഭോക്തൃ സമിതികൾ ശക്തിപ്പെടുത്താൻ ബോധവത്ക്കരണം നടത്തണം.

എല്ലാ ക്ഷേമനിധികളുടെയും വിഹിതം പഞ്ചായത്തിൽ അടക്കാൻ സംവിധാനം ഉണ്ടാകണം.

രണ്ടായിരമാണ്ടിനുള്ളിൽ പഞ്ചായത്തിലെ കുടിലുകൾ ഒഴിവാക്കി സ്ഥിര വീടുകൾ നിർമ്മിക്കാനുള്ള പദ്ധതി നടപ്പാക്കണം.

രണ്ടായിരമാണ്ടോടെ മുഴുവൻ വീടുകൾക്കു കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതി നടപ്പിലാക്കണം.



5.8

സംസ്കാരം

അറക്കത്തട്ടു മുതൽ പരപ്പച്ചാൽ വരെയും കാക്കട വു മുതൽ ചെരുമ്പക്കോട് വരെയും കൂരാംകുണ്ട് മുതൽ ചെമ്മരങ്കയം വരെയും വ്യാപിച്ചു കിട ക്കുന്ന വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന് ഉത്കൃഷ്ടമായ സാംസ്കാരിക ചരിത്രമുണ്ട്. ക മ്മാടത്തമ്മയുടെയും പെരുമ്പട്ട ഉറൂസിന്റെയും ചരിത്രം. ജന്മിമാരുടെ അധികാരക്കുടക്കീഴിൽ നാടൻകലകളും ഒപ്പം സംസ്കാരവും കിളിർത്ത് വന്നു എന്ന് ഐതിഹ്യം. തെക്കെകോവിലകം, കോട്ടയിൽ വീട്, ഏച്ചിക്കാനം, കോണത്ത് വീട്, ഉദിനൂർ ദേവസ്വം, കിണാവൂർ കോവിലകം തു ടങ്ങിയ ജന്മിമാരുടെ കീഴിൽ എളേരി, മൗവ്വേനി, പറമ്പ, കമ്മാടം, പ്ലാച്ചിക്കര, അടുക്കളക്കണ്ട° എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളും ഉത്സവങ്ങളും നാടിന്റെ ചരിത്ര സംസ്കൃതിക്ക് നൽകിയ സംഭാ വന വലുതാണ്. ഇവ കൂടാതെ ചെറുതും വലുതുമായി അനേകം ആരാധനാലയങ്ങൾ വേറെയുണ്ട്. കുന്നുംകൈ കിഴക്കേക്കര മഖാമിൽ ഉറൂസ് നടക്കുമ്പോഴും കോളിയാട് ക്ഷേത്രത്തിൽ ഉത്സവം നട ക്കുമ്പോഴും പരസ്പരം സഹകരണം നിലനിന്നിരുന്നു. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന മുസ്ലീം പള്ളി പെരുമ്പട്ട പള്ളിയാണ്. മൗവ്വേനി പള്ളിയാണ് പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യ ആരാധനാലയം, ഹൈന്ദവ, ക്രൈസ്തവ മുസ്ലീം മത വിഭാഗങ്ങൾ പരസ്പര സ്നേഹത്തി ലും സാഹോദരത്തിലും ഐക്യത്തിലും കഴിയുന്ന പഞ്ചായത്താണ് നമ്മുടേതെന്നതിൽ അഭിമാനമു ണ്ട്.

പറമ്പ, ചാമുണ്ടിക്കാവ്, നാട്ടക്കൽ മാരിയമ്മൻകാവ്, വരക്കാട് കാവ്, മൗക്കോട് കാവ് കാവുന്തല കാവ്, കമ്മാടം കാവ് എന്നീ കാവുകളിൽ കമ്മാടം കാവ് അത്യപൂർവ്വമായ ഔഷധങ്ങളും ചിത്രശലഭങ്ങൾക്കും പേരുകേട്ടതാണ്. നമ്മുടെ പുരാത സാംസ്കാരികതയുടെ ഈ തുടിപ്പുകൾ പരിസ്ഥിതി സംന്തുലനം കാത്തു സൂക്ഷിക്കുന്നു.

കുന്നുംകൈ കിഴക്കേകര പള്ളി, അരിയങ്ക്, വാഴപ്പള്ളി, ഓട്ടപ്പടവ്. തായക്കാനം, തുടങ്ങി യ സ്ഥലങ്ങളിലെ മുസ്ലീം പള്ളികളും ബഡൂർ, മണ്ഡപം, ഭീമനടി, വരക്കാട്, നർക്കിലക്കാ ട് തുടങ്ങിയ സ്ഥലങ്ങളിലെ ക്രിസ്ത്യൻ പള്ളികളും പ്രസിദ്ധമാണ്,

തുലാം 10 കഴിഞ്ഞാൽ സജീവമാകുന്ന ക്ഷേത്രങ്ങളും മാനവസ്നേഹത്തിന്റെ ഉത്കൃഷ്ട കേന്ദ്രങ്ങളായ മുസ്ലീം - ക്രിസ്ത്യൻ പള്ളികളും നമ്മുടെ പ്രദേശത്തിന്റെ ജീവിത നിലവാരത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. നാടൻ കലാ രൂപങ്ങളായ തെയ്യങ്ങളും നാടൻ പാട്ടുകളും തോ റ്റങ്ങളും കോൽക്കളിയും തുടികൊട്ടിക്കളിയും ആചാരക്കളിയും എല്ലാം ഈ പഞ്ചായത്തിന്റെ ഹൃ ദയത്തുടിപ്പുകൾ തന്നെ. നാടുവാഴിത്തത്തിന്റെയും, സാമ്രാജ്യത്വത്തിന്റെയും കൈപ്പു രസം അ നുഭവിച്ചറിഞ്ഞ നമ്മുടെ കാരണവന്മാർ ഉത്സവാരാധനകളുടെ മറവിൽ വളർത്തിയെടുത്ത കലാ രൂപങ്ങളെല്ലാം തന്നെ ചരിത്രത്തിന്റെ ഭാഗമാണ്. എന്നാൽ ഇവയെല്ലാം തന്നെ അന്യാവത്കര ണത്തിലേക്ക് നയിക്കപ്പെടുകയാണ്.

വായനശാലകൾ, കലാസമിതികൾ, ഗ്രന്ഥാലയങ്ങൾ, ക്ലബുകൾ എന്നിങ്ങനെ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പലതിനും കെട്ടിടമില്ല, സ്ഥലമില്ല സാമ്പത്തിക പ്രയാസം ശരിയായ ആസൂത്രണക്കുറവ് തുടങ്ങിയ ബാലാരിഷ്ടതകളുണ്ട്. മൗവ്വേനിയിലെ വിജ്ഞാന കലാ സമിതി പറമ്പയിലെ ജ്യോതി തീയേറേഴ്സ് ഭീമനടിയിലെ റെയിൻബോ ഓർക്കസ്ട്രാ എന്നിവ ഇന്ന് നിർജ്ജീവമാണ്. പഞ്ചായത്തിലെ ഏക ഫൈൻ ആർട്സ് സൊസൈറ്റി വരക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്നുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കാൻ ഫെഡ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം പഞ്ചായത്തിലെ വിവിധ വാർഡുകളിലുണ്ട്.

മാതൃഭൂമി, മലയാള മനോരമ, ദീപിക, കേരളാകൗമുദി, ചന്ദ്രിക, മംഗളം തുടങ്ങിയ മലയാള പത്രങ്ങളും ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും നമ്മുടെ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നു. പ്രാദേശിക പ്രസിദ്ധീകരണങ്ങൾ ഒന്നുമില്ല. വർഷങ്ങൾക്ക് മുമ്പ് കുന്നുംകൈ കോളിയാട് നിന്നും "കളിയരങ്ങ്" എന്ന പേരിൽ ഒരു കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഇന്ന് അതില്ല.

ഗ്രന്ഥാലയങ്ങൾ വിശദ വിവരം

ഗ്രന്ഥാലയത്തിന്റെ പേര്	പുസ്തകങ്ങളുടെ എണ്ണം	സ്ഥാപിതം
ജവഹർ ഗ്രന്ഥാലയം കോടങ്കല്ല്	2000	1987
എ. കെ. ജി. സ്മാരക ഗ്രന്ഥാലയം കുറുഞ്ചേരി		
വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് ഭീമനടി		
മഹാത്മാ സ്മാരക വായനശാല & ഗ്രന്ഥാലയം, കൂരാംകുണ്ട്.	3760	1957
കാനാ കുഞ്ഞികൃഷ്ണൻ സ്മാരക ഗ്രന്ഥാലയം, വരക്കാട്		
കോഴിക്കോട് എൽ. എൽ.എ. യു. ടെ ബാങ്ക്, നർക്കിലക്കാട്.		

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി മുപ്പതിൽപ്പരം ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട് പഞ്ചായത്തിലെ അഞ്ച്, ഏഴ്, വാർഡുകളൊഴികെ മറ്റ് വാർഡുകളിലൊന്നും പൊതു ശ്മശാനങ്ങൾ ഇല്ല.

പറമ്പ ജനവിദ്യാ കേന്ദ്രം, കൂരാംകുണ്ടിലെ സാഗാ ക്ലബ്, മൗവ്വേനി കമ്മ്യൂണിറ്റി ഹാൾ, അട്ടക്കാട് കമ്മ്യൂണിറ്റി ഹാൾ, ബെഡൂർ കാനാ സ്മാരക കലാവേദിയിൽ ജെവികെക്ക് അനുവദിച്ച സ്ഥലങ്ങളിലാണ് പൊതു ടി. വി. ഉള്ളത്.


വിശാലമായ കളിസ്ഥലങ്ങളും ആരോഗ്യമുള്ള യുവതലമുറയും കായിക രംഗത്ത് ചരിത്രം സൃഷ്ടിക്കാറുണ്ട്. ആസൂത്രിതമായ പ്രവർത്തനങ്ങളുടെ അഭാവം കാരണം ശുഷ്കമായ കായിക ചരിത്രമാണ് നമുക്കുള്ളത്. വോളിബോൾ, ഫുട്ബോൾ കളികളിൽ പ്രാവീണ്യം തെളിയിച്ച മിടുമിടുക്കന്മാർ നമുക്കുണ്ടെങ്കിലും പരിശീലനത്തിന്റെയും കളി സ്ഥലങ്ങളുടെയും അഭാവം വളരെയാണ്.

പ്രശ്നങ്ങൾ;

1 വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ലാത്ത വാർഡുകളുണ്ട്.
2 ജനവിദ്യാ കേന്ദ്രം, കമ്മ്യൂണിറ്റി ഹാൾ എന്നിവ ഇല്ലാത്ത വാർഡുകളുണ്ട്
3 ക്ലബ്ബുകൾക്ക് കളിസ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ ഇല്ലാത്തത്
4 ക്ലബുകളുടെ പരിപാടികൾക്ക് പഞ്ചായത്തുതലത്തിൽ ഏകോപനമില്ലായ്മ
5 പ്രാചീന കലാരൂപങ്ങളുടെ അന്യവല്ക്കരണം
6 കാവുകൾ സംരക്ഷിക്കപ്പെടാത്തത്

സാധ്യതകൾ

1 നാടൻ കലകൾക്ക് പ്രത്യേക പ്രോത്സാഹനം
2 അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം
3 ഗ്രന്ഥശാലകളുടെ പ്രവർത്തനവും വൈവിദ്യവൽക്കരണവും നവീകരണവും
4 ഫിലിം സൊസൈറ്റി.
5 ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി പഞ്ചായത്തിനകത്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് അവാർഡ്.
6 പഞ്ചായത്തിലെ മുഴുവൻ സാംസ്കാരിക സ്ഥാപനങ്ങളും ഉൾപ്പെടുന്ന ഒരു പൊതുവേദി.
7 വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ലാത്ത വാർഡുകളിൽ ജനപങ്കാളിത്തോടെ അവ സ്ഥാപിക്കൽ
8 ജനവിദ്യാ കേന്ദ്രങ്ങൾ വഴി തുടർ സാക്ഷരതാപരിപാടി
9 വാർഡ് തലത്തിലും സ്കൂൾ തലത്തിലും കായികാഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
10 പി ടി. എയുടെ സഹകരണത്തോടെ വിദ്യാലയങ്ങളിൽ കളിസ്ഥലം നിർമ്മിക്കൽ



5.9

വനിത

വനിത വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നോറുന്ന ഈ സമയത്ത് സ്ത്രീകൾഈപഞ്ചായത്തിൽ ഇതൊന്നുമറിയാതെവീടുകളുടെനാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങികുടുന്ന സ്ഥിതി ഇപ്പോഴുമുണ്ട്. സ്ത്രീകൾ കൂടുതലായ് മതപരമായ ചടങ്ങുകളിൽ സജീവമായി പങ്കെടുക്കുമ്പോൾ ചില വിഭാഗങ്ങളിൽ ആചാരമായ വിലക്കുകൾ കാരണം പൊതു രംഗങ്ങളാലേക്ക് കടന്നു വരാൻ വൈമുഖ്യം കാണിക്കുന്നു, ഈ പ്രവപത മാറ്റിയെടുക്കുന്നതിന്, ഇട പഞ്ചായത്തിലെ ഓരോ ഗൃഹനാഥൻ മാരും അത്മാർത്ഥമായ് ശ്രമിക്കേണ്ടതാണ്. പൊതുരംഗങ്ങളിലേക്ക് കടന്നു വരുന്ന സ്ത്രീകൾക്ക് മാന്യമായ സ്ഥാനം നൽകാൽ സമൂഹം തയ്യാറായാൽ ഇന്നത്തെ സ്ഥിതി വിശേഷങ്ങൾക്ക് മാറ്റം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

വെസ്റ്റ് എളേരി പഞ്ചായത്തിൽ 5407 വീടുകളുണ്ട്. പഞ്ചായത്തിലെ ആകെ ജന സംഖ്യ 26882 ത്തോളം വരും ഇതിൽ 13272 സ്ത്രീകളാണ്. ഇതിൽ 1959 സ്ത്രീകൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. സ്ത്രീകൾ കുടുംബ ഭാരം എറ്റെടുക്കേണ്ടി വരുന്ന കുടുംബങ്ങൾപഞ്ചായത്തിൽ ഏകദേശം 10% വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻ മാരേ ആപേക്ഷിച്ച് കുറവാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും വ്യക്തമാക്കാം.

	തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീകൾ
1	കർഷകർ	1250	250
2	കർഷകതൊഴിലാളി	1600	1700
3	മൃഗസംരക്ഷണം	100	200
4	കുടിൽ വ്യവസായം	25	5
5	മറ്റ് ചെറുകിട വ്യവസായം	400	500
6	കെട്ടിട നിർമ്മാണം	500	300
7	വ്യാപാരം	400	10
8	ഗതാഗതം	150	
9	(സ്വയം തൊഴിൽ) വാർത്താവിനിമയവുമായി ബന്ധമുള്ളവ	ഇല്ല	2
	ആകെ	4425	2967

കർഷകതൊഴിലാളികൾ, ഖാദി നെയ്ത്ത്, തൊഴിലാളികൾ, അദ്ധ്യാപകർ എന്നീ മേഖലകളിൽ സ്ത്രീകൾക്കാണ് മുൻഗണന ഉള്ളത്. കൈത്തറി മേഖലയിൽ നൂൽ നൂൽപ്പ് സ്ത്രീകൾ മാത്രം ചെയ്യുന്ന തൊഴിലാണെത്ര.

പൊതു പ്രവർത്തനത്തിൽെറ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. പൊതു രംഗത്ത് സ്ത്രീകൾ വരാതിരിക്കുന്നതിന് പ്രധാന കാരണം. സമൂഹം അവരെ മോശമായ രീതിയിൽ ചിത്രീകരിക്കുന്നു എന്നുള്ളതാണ്. പഞ്ചായത്തിൽ വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളായി 25 വനിതകൾ മാത്രമേയുള്ളു. വനിതകൾ മാത്രം നടത്തുന്ന 2 ഖാദി നെയ്ത്ത് ശാലകൾ പഞ്ചായത്തിലുണ്ട്. D. W. C. R. A യൂണിറ്റുകളും ഉണ്ട്. തൊഴിൽ രഹിതരായ യുവജനങ്ങളിൽ കൂടുതലും വനിതകളാണ്.

സ്ത്രീകൾക്ക് വെസ്റ്റ് എളേരി പഞ്ചായത്തിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുണ്ട്.

പ്രശ്നങ്ങൾ:

1 പൊതു രംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2 മീക്കതൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര പ്രാതിനിത്യം ലഭിക്കുന്നില്ല.
3 സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങൾ കുറവാണ്.
4 D. W. C. R. A. തൂണിറുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിൻെറ അഭാവം പ്രകടമാണ്.
5 ഏത് രംഗത്തുംവനിതകൾക്ക്, ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് കാണുന്നില്ല.
6 വിധവ പെൻഷൻ, അഗതിപെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹമുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കണം.
7 പെൺകുട്ടികളുടെ വിവാഹകാര്യങ്ങളിൽ സ്ത്രീധനം ഒരു പ്രശ്നമാണ്.
8 സ്ത്രീധന പീഡന കേസുകൾ ഉണ്ടാകാറുണ്ട്.
9 മദ്യപാനം കൊണ്ട് സ്ത്രീകൾ ഇനിയും ദുരിതം ആനുഭവിക്കുന്നുണ്ട്.
10 സ്ത്രീകളിൽ വിദ്യാഭ്യാസനിലവാരം വളരെ കുറവാണ്.
11 സ്ത്രീകൾക്ക് നമ്മുടെ പഞ്ചായത്തിൽ തൊഴൽ മേഖല കുറവാണ് സർക്കാർ സ്ഥാപനങ്ങളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും 10% സംവരണം സ്ത്രീകൾക്ക് ഏർപ്പെടുത്തുക.


സ്ത്രീകളുടെ പദവി

വിദ്യാഭ്യാസ മേഖല:– വിദ്യാഭ്യാസം സ്ത്രീകൾക്ക് വളരെ കുറവാണ്. പ്രത്യേകിച്ച് മുസ്ലീം സ്ത്രീകൾ വിദ്യാഭ്യാസം ചെയ്യാൻ മടിക്കുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടണമെങ്കിൽ നമ്മുടെ പഞ്ചായത്തിൽ അതിനുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. ഒരു നിശ്ചിത പ്രായമയാത പിന്നെ എങ്ങനെയെങ്കിലും വിവാഹം നടത്തി കൊടുക്കുവാൻ മാതാപിതാക്കൾ താൽപര്യമെടുക്കുന്നു. നല്ല മാർക്കു വാങ്ങി S. S. L. C. കഴിഞ്ഞ പെൺകുട്ടികളെപ്പോലും ഈ രീതിയിൽ വിവാഹം കഴിപ്പിച്ച് അയക്കുന്നു. അങ്ങനെ അവർക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കാത്ത ഒരു ഏർപ്പാടുണ്ടാകുന്നു. ഒരു പെൺകുട്ടി പ്രായമെത്തി കഴിഞ്ഞാൽ നിശ്ചയമായും അമ്മമാരുടെ ശ്രദ്ധ നല്ല വണ്ണം കിട്ടണം. ഇപ്പോൾ നമ്മുടെ അടുത്ത സ്ഥലങ്ങളിൽ നടന്നിട്ടുള്ള പെൺകുട്ടികളുടെ കൂട്ട ആത്മഹത്യ നല്ല വിദ്യാ സമ്പന്നരായ കുട്ടികൾ അവർ വഴി തെറ്റി പോകുന്ന സാമൂഹ്യ അവസ്ഥ ഇന്ന് നിലവിലുണ്ട്.


വിദ്യാഭ്യാസ മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഇന്ന് ചെറിയ കുട്ടികളെ പഠിപ്പിക്കുന്നതിന് വേണ്ടി ബാലവാടികൾ, അംഗൻവാടികൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു എന്നാൽ ചില സ്ഥലങ്ങളിൽ അതിന്റെ പ്രവർത്തനം ഫലവത്താകുന്നില്ല. ശിശുക്കൾക്കും, അമ്മമാർക്കും പാവപ്പെട്ട മറ്റുള്ള ആളുകൾക്കും ഗുണം ലഭിക്കുന്ന രീതിയിൽ ഇത് മാറ്റിയെടുക്കേണ്ട ചുമതല ഉണ്ടായിരിക്കണം. സ്ത്രീകൾക്ക് വായിക്കുവാനും കണക്ക് കൂട്ടുവാനുമുള്ള കഴിവ് ഉണ്ടെങ്കിൽ മാത്രമേ സമൂഹത്തിൽ അവർക്ക് നില മെച്ചപ്പെടുത്തുവാനാകുകയുള്ളൂ. ഇതിയുള്ള കാലങ്ങളിൽ സ്ത്രീ വിദ്യാഭ്യാസം പോഷിപ്പിക്കണം. അതിനുവേണ്ടി പഞ്ചായത്തിന്റെ പിന്നോക്കം കിടക്കുന്ന ഭാഗങ്ങളിൽ മഹിളാ സമാജങ്ങൾ, ബാലവാടികൾ, അംഗൻ വാടികൾ, ക്രെഷ്, ശിശു സംരക്ഷണ കേന്ദ്രം എന്നിവ തുടങ്ങുവാനുള്ള ഏർപ്പാടുണ്ടാക്കണം,

തൊഴിൽമേഘല:- തൊഴിൽ സാദ്ധ്യത വളർത്തുവാൻ വേണ്ടി ഖാദി, നെയ്ത്ത് യൂണിറ്റുകൾ. തയ്യൽ പരിശീലന കേന്ദ്രങ്ങൾ മൃഗസംരക്ഷണം തുടങ്ങി D. W. C. R. I വ്യവസായ യൂണിറ്റുകൾ ആരിഭിക്കണം.

പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ എസ്റ്റേറ്റ് തുടങ്ങണം.



ഗവ: കോളേജ് എളേരിത്തട്ട്







5.10

സഹകരണം

കടക്കെണിയിൽ നിന്ന് കർഷക സമൂഹത്തെ രക്ഷിക്കാനും കാർഷിക വ്യവസായിക രംഗങ്ങളിൽ ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കാനും വേണ്ടി 1904-ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ വായ്പാ സംഘങ്ങളുടെ ആവിർ ഭാവത്തോടെയാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത്. 1932-ലെ മദിരാശി സഹകരണ നിയമ പ്രകാരമാണ് മലബാർ പ്രദേശങ്ങളിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവത്തനം തുടങ്ങിയത്.

വെസ്റ്റ് എളേരി പഞ്ചായത്തിൽ ആദ്യത്തെ ഐക്യ നാണയ സംഘം രൂപീകരിക്കുന്നതിൽ മുൻനിന്ന പ്രവർത്തിച്ചത് അന്നത്തെ ജില്ലാ ബോർഡ് അംഗമായിരുന്ന പരേതനായ ശ്രീ. എൻ. ജി. കമ്മത്താണ്. സാമ്പത്തിക ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ വിമുഖത കാണിക്കുന്ന കർഷകരെ യോജിപ്പിച്ചു നിർത്തി ഒരു പ്രസ്ഥാനമാക്കി വളർത്തുന്നതിൽ വിജയിച്ച ശ്രീ. എൻ. ജി. കമ്മത്തിന്റെ ശ്രമകരമായ പ്രവർത്തനം സ്മരണീയമാണ്.

പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം വെസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്കാണ് (നമ്പർ സി. 62 F. F.) 1953 ഏപ്രിൽ 23ന് വിവിധോദ്ദേശ ഐക്യ നാണയ സംഘമായി രൂപീകൃതമായി. അതേവർഷം മെയ് 30ന് പ്രവർത്തനമാരംഭിച്ചു. തുടക്കത്തിൽ ഇരുപത്തിരണ്ട് അംഗങ്ങളാണുണ്ടായിരുന്നത്. പരിയാരത്ത് കൃഷ്ണൻനായർ ആദ്യത്തെ പ്രസിഡൻറും പൊടോര കുഞ്ഞിരാമൻ നായർ ഓണറി സെക്രട്ടറിയുമായിരുന്നു. എളേരിത്തട്ടിൽ ഓഫീസ് പ്രവത്തനമാരംഭിച്ച സംഘത്തിന് 1969ലാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകുന്നത്. സംഘത്തിന് സ്ഥലം ദാനം ചെയ്തത് ശ്രീ. വള്ളിയോടൻ കേളുനായരാണ്. ബിൽഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. എൽ. കെ. അസിനാരായിരുന്നു. ശ്രീ. കാനാ കുഞ്ഞികൃഷ്ണൻ പ്രസിഡൻറായിരുന്ന കാലത്താണ് സംഘം സർവ്വീസ് ബാങ്കായത്. ബാങ്കിൽ ഇപ്പോൾ 6099 'എ' ക്ലാസ് മെമ്പർമാർ ഉണ്ട്. 21-5 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം. 2 കോടി 5 ലക്ഷം രൂപ അംഗങ്ങൾക്ക് കൊടുത്ത വായ്പ 2 കോടി 27 ലക്ഷം രൂപ. ജില്ലാ ബാങ്കിൽ നിന്നും വാങ്ങിയ വായ്പ ഒരുകോടി 26 ലക്ഷം രൂപ.

ബാങ്കിംഗ് വ്യാപാരത്തിനു പുറമെ രാസവള വിതരണവും നാമമാത്രമായ തോതിൽ കമിഴം നാശിനി വിതരണവും നടത്തുന്നുണ്ട്. കാലിക്കടവിലും വരക്കാട്ടും രണ്ട് കൺസ്യൂമർ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ബാങ്കിനു അതിന്റെ പ്രവർത്തനം കാര്യക്ഷമമായി ജനങ്ങളിലെത്തിക്കുന്നതിന് ശാഖകളും തുറക്കുന്നതിനും ആവശ്യക്കാരായ കർഷകർക്ക് അംഗത്വം നല്കുന്നതിനും സാധിക്കണം.

ഹോസ്ദുർഗ് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

ഈ ബാങ്കിന്റെ ഭീമനടി ശാഖയാണ് പഞ്ചായത്തിലെ കാർഷിക വായ്പാരംഗത്തെ മറെറാരു പ്രമുഖ സ്ഥാപനം. ആകെ ഈ പഞ്ചായത്തിൽ ഈ ബാങ്ക് ശാഖയിലൂടെ വിതരണം ചെയ്ത 3 കോടി 17 ലക്ഷം രൂപയിൽ 2 കോടി 14 ലക്ഷം രൂപ കാർഷിക മേഖലയിൽ നൽകിയ വായ്പയാണ്. വായ്പ എടുക്കുന്നതിലുള്ള നടപടി ക്രമങ്ങൾ ഉദാരമാക്കിയതിന്റെ ഫലമായി കാർഷിക വ്യവസായ രംഗത്ത് ബാങ്കിനു ജനങ്ങളെ സഹായിക്കാൻ സാധിക്കുന്നുണ്ട്.

കാസർഗോഡ് ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് റബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ശാഖ ഭീമനടിയിൽ പ്രവർത്തിക്കുന്നുണ്ട്. റബർ സംഭരണത്തിലും റബർ കർഷകർക്കാവശ്യമായ ഉപകരണങ്ങളും, രാസവളം എന്നിവ വിതരണം ചെയ്യുന്നതിലും ഗണ്യമായ ഒരു സ്ഥാനം ഈ സ്ഥാപനത്തിനുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാറക്സ് ഫാക്ടറി പഞ്ചായത്തിലെ മാങ്ങോടാണ് സ്ഥിതിചെയ്യുന്നത്. വളർച്ചയുടെ പടവുകൾ പിന്നിട്ടുകൊണ്ടിരിക്കുന്ന സംഘത്തിന് ഗ്രാമീണമേഖലയിൽ ഇനിയും ധാരാളം ചെയ്യാൻ കഴിയും.

വെസ്റ്റ് എളേരി വില്ലേജ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി

1992 ൽ രജിസ്റ്റർ ചെയ്ത് നർക്കിലക്കാട് പ്രവർത്തിക്കുന്നു. ഈ സംഘം കർഷകരുടെ ഉല്പന്നങ്ങൾ ന്യായമായ വില നല്കി സംഭരിക്കുകയും വളം, കീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം നടത്തുകയും ചെയ്യുന്നു. 259 അംഗങ്ങളുണ്ട്. 18575 രൂപ ഓഹരി മൂലധനം. 83000 രൂപ സർക്കാർ മൂലധന വായ്പയും 73000 രൂപ നിക്ഷേപവും നിലവിലുണ്ട്.

എളേരി പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം

ഇത് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യമായ ഉന്നമനം ലക്ഷ്യമാക്കി 1979-ൽ സ്ഥാപിച്ച സംഘമാണ്. സ്വന്തം ബിൽഡിംഗിൽ മൗവ്വേനിയിൽ പ്രവത്തിക്കുന്നു. ആകെ അംഗങ്ങൾ 307. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 3106 രൂപ. സർക്കാർ ഓഹരി 20000 രൂപ. സംഘത്തിന്റെ കീഴിൽ മൗവ്വേനിയിൽ ഒരു തുന്നൽ പരിശീലനകേന്ദ്രം, ഒരു കരിങ്കൽ ക്വാറി, ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ പ്രവത്തിക്കുന്നുണ്ട്. ഈ സംഘത്തിന്റെ പ്രവത്തന മേഖല ഈസ്റ്റ് എളേരി വെസ്റ്റ് എളേരി പഞ്ചായത്തുകളാണ്. അംഗത്വം വർദ്ധിപ്പിച്ചും പ്രവർത്തനം വിപുലീകരിച്ചും പിന്നോക്കം നില്ക്കുന്ന ഒരു വലിയ ജനവിഭാഗത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഈ സ്ഥാപനത്തിന് ധാരാളം പ്രവർത്തിക്കാനുണ്ട്.

ചാരിറബിൾ സംഘങ്ങൾ

കൃഷിഭവൻ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന കേര വികസന സമിതിയാണ് ഈ രംഗത്ത് മുൻപന്തിയിൽ. സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം കേര കർഷകർക്ക് ലഭിക്കുന്നത് പൂർണ്ണമായും ഈ സംഘത്തിലൂടെയാണ് പഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ തെങ്ങുകർഷകരും ഈ സ്ഥാപനത്തിൽ അംഗത്വമെടുത്താൽ മാത്രമേ സർക്കാർ പദ്ധതികളുടെ പൂർണ്ണ പ്രയോജനം എല്ലാവർക്കും ലഭിക്കുകയുള്ളൂ. ഉല്പന്നത്തിന്റെ കമ്പോളത്തിലും സംസ്കരണത്തിലും ഇടപെടാൻ ശേഷിയുള്ള ഒരു വലിയ പ്രസ്ഥാനമായി ഈ സ്ഥാപനത്തെ വളർത്തണം.

മണ്ഡപം, കുന്നുംകൈ, നർക്കിലക്കാട്, മാങ്ങോട്, കാലിക്കടവ്, പ്ലാച്ചിക്കര എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന റബർ ഉല്പാദക സംഘങ്ങളും ഈ പഞ്ചായത്തിലുണ്ട്. റബർ കർഷകർക്ക് സബ്സിഡി നിരക്കിൽ പ്ലാസ്റ്റിക് ചിരട്ട, ആസിഡ്, ചില്ല്, ഡിഷ്, വളം മുതലായവ ഈ സംഘങ്ങൾ വഴി റബർ കർഷകക്ക് നൽകുന്നു.

പഞ്ചായത്തിൽ 1972 ലാണ് ആദ്യമായി ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തനം തുടങ്ങിയത്. തുടക്കത്തിൽ പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള വെസ്റ്റ് എളേരി ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ. എൽ.കെ. അസിനാറായിരുന്നു. ദീർഘകാലം പ്രവർത്തന രഹിതമായ ഈ സംഘം ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. അംഗസംഖ്യ 392, ഓഹരിമൂലധനം 10090 രൂപ. ഇപ്പോൾ സംഘം വിഭജിച്ച് നർക്കിലക്കാട്, പെരളം, പുങ്ങംചാൽ, പറമ്പ് എന്നിവിടങ്ങളിൽ പുതിയ സംഘങ്ങൾ പ്രവത്തിക്കുന്നുണ്ട്. ഇവയെല്ലാംതന്നെ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന APCOS സംഘങ്ങളാണ്. വെസ്റ്റ് എളേരി ക്ഷീരോല്പാദക സംഘം വർഷത്തിൽ 24000 ലിറ്റർ പാൽ സംഭരിക്കുന്നതിൽ 14000 ലിറ്റർ മിൽമക്ക് അയച്ചുകൊടുക്കുന്നു. 10000 ലിറ്റർ ഇവിടെത്തന്നെ വിറ്റഴിക്കുന്നു. കാലിത്തീറ്റ, പുൽവിത്ത് എന്നിവ സംഘം വിതരണം ചെയ്യുന്നു.

1995-ൽ സ്ഥാപിതമായ പറമ്പ ക്ഷീരോല്പാദക സഹകരണ സംഘത്തിൽ 26 അംഗങ്ങളും 2210 രൂപ ഓഹരി മൂലധനവും ഉണ്ട്. 24000 ലിറ്റർ പാൽ വർഷം പ്രതി സംഭരിക്കുന്നതിൽ 19500 ലിറ്റർ മിൽമക്കയക്കുന്നു

1995-ൽ പ്രവത്തനമാരംഭിച്ച നർക്കിലക്കാട് ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പരിധിയിൽ ഏഴ്, എട്ട് വാർഡുകളാണ്. 43 അംഗങ്ങളും 3840 രൂപ ഓഹരി മൂലധനവും ഉണ്ട്. പ്രതിവർഷം 36000 ലിറ്റർ പാൽ ശേഖരിച്ച് 33000 ലിറ്റർ മിൽമക്കയക്കുന്നു.

1995-ൽ പ്രവർത്തനമാരംഭിച്ച പുങ്ങംചാൽ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പരിധിയിൽ പത്താം വാർഡും ഒമ്പതാം വാർഡിലെ കൊളത്തുകാട് പ്രദേശവും ഉൾപ്പെടുന്നു. 44 അംഗങ്ങളും 2000 രൂപ ഓഹരി മൂലധനവും ഉണ്ട്. വർഷം 21000 ലിറ്റർ പാൽ ശേഖരിക്കുന്നതിൽ 15000 ലിറ്റർ മിൽമക്കയക്കുന്നു.

ക്ഷീര സഹകരണ സംഘങ്ങളുടെ കീഴിൽ നർക്കിലക്കാട്, പറമ്പ, പുങ്ങംചാൽ, പെരളം എന്നിവിടങ്ങളിലും മഹിളാ സമാജങ്ങളുടെ കീഴിൽ കുന്നുംകൈ, നരമ്പച്ചേരി എന്നിവിടങ്ങളിലും പാലുല്പന്ന യൂനിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

1992 ൽ സ്ഥാപിച്ച ഭീമനടി അഗ്രിക്കൾച്ചറൽ ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി, 1993 ൽ സ്ഥാപിച്ച എളേരി പ്രിൻറിംഗ് പ്രസ്സ്, 1993 ൽ സ്ഥാപിച്ച ഭീമനടി കോ-ഓപ്പറേറ്റീവ് ആശുപത്രി, 1995 ൽ ആരംഭിച്ച സൂപ്പർ കൺസ്യൂമർസ്റ്റോർ എന്നിവയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

കൂടാതെ കോട്ടമല യു. പി. സ്കൂൾ, വരക്കാട് ഹൈസ്കൂൾ, ജി. എൽ. പി. സ്കൂൾ കുന്നുംകൈ എന്നീ സ്ഥാപനങ്ങളിൽ സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നിലവിലുണ്ട്.

പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതിയിൽ ഏറ്റവും നിർണ്ണായകമായ ഒരു പങ്ക് സഹകരണ സംഘങ്ങൾക്ക് നിർവ്വഹിക്കാനാവും. പഞ്ചായത്ത് നേരിട്ട് ഉല്പാദന-വ്യാപാര-വ്യവസായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു പകരം ഈ രംഗത്ത് ഫലപ്രദമായ ഇടപെടലിന് ഏറ്റവും ശക്തമായ ഉപകരണമായി സഹകരണ മേഖലയെ ഉപയോഗപ്പെടുത്താനാവും.

പ്രശ്നങ്ങൾ

1 മാനേജ്മെൻറിന്റെ കാര്യക്ഷമതയില്ലായ്മ
2 സങ്കുചിതമായ കക്ഷി രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ
3 പുതിയ പ്രവത്തന മേഖലകളിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യമില്ലായ്മ
4 സാങ്കേതിക നവീകരണത്തിന്റെ അഭാവം
5 കർഷകന് ആവശ്യത്തിന് കടം ബാങ്ക് വഴി ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം

സാധ്യതകൾ

1 പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുക
2 അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കുക
3 പ്രൊഫഷണൽ മാനേജ്മെൻറ് പരിശീലനം
4 സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തനം വൈവിധ്യവല്ക്കരിക്കുക
5 ലേബർ കോൺട്രാക്ടറ് സൊസൈറ്റികളും പോലുള്ള നൂതന സംരംഭങ്ങൾ
6 സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക
7 ജനറൽബോഡികൾ മുടങ്ങാതെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കുക
8 സഹകരണ മേഖലയിൽ മെഡിക്കൽസ്റ്റോർ തുടങ്ങാനുള്ള സാധ്യത
9 പഞ്ചായത്തിന്റെ വികസനത്തിന് ആവശ്യമായ ഫണ്ട് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുക്കാനുള്ള സംവിധാനം ഉണ്ടാകണം.

CO-OPERATION IS BETTER THAN CONFLICT





5.11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 14% പട്ടികജാതി വിഭാഗമാണ്. 1991-ലെ സെൻസസ് പ്രകാരം 3962 പട്ടികജാതി വിഭാഗക്കാരും 24 പട്ടിക വർഗ്ഗ വിഭാഗക്കാരും പഞ്ചായത്തിലുണ്ട്. 59 കോളനികളിലായാണ് ഇവർ താമസിച്ചുവരുന്നത്.

വളരെ പിന്നോക്കാവസ്ഥയിൽ ജീവിച്ചുവരുന്ന ഇവർക്ക് വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജന്മിമാർ പന്ത്രണ്ട് പറ നെല്ലിന് ഹരിജൻ ദമ്പതിമാരെ അടിമപ്പെടുത്തിയതിനെതിരെ ധീരോദാത്തമായ പോരാട്ടം സംഘടിപ്പിച്ച പാരമ്പര്യം വെസ്റ്റ് എളേരിക്കുണ്ട്.

സാമൂഹ്യ സാമ്പത്തിക രംഗത്ത് നൂറ്റാണ്ടുകളായി ചൂഷണത്തിന് വിധേയരായിരുന്ന ഈ ജനവിഭാഗത്തിന് കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി ഉണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്.

തൊട്ടടുത്ത ഹോസ്ദുർഗ് നിയോജക മണ്ഡലത്തിൽ നിന്നും കേരളാ നിയമ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എം. നാരായണൻ എളേരിത്തട്ട് മാവ് വളപ്പ് കോളനിയിലെ ചന്തൻ-വെള്ളച്ചി ദമ്പതികളുടെ മകനാണ്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പല പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല. എന്നാൽ സർക്കാരിന്റെ ചില പദ്ധതികൾകൊണ്ട് ഭാഗീകമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനില്ക്കുന്നുണ്ട്.

കോളനികളിൽ പാരമ്പര്യ വൈദ്യരുണ്ടെങ്കിലും ഇന്ന് ഇവരുടെ ചികിത്സ മന്ദീഭവിച്ചിരിക്കുകയാണ്. അതുപോലെതന്നെ തെയ്യം കലാകാരന്മാരുടെയും സ്ഥിതി ദയനീയമാണ്. പൊതുവെ കോളനികളിൽ ഇന്നും അന്ധവിശ്വാസങ്ങൾ നിലവിലുണ്ട്. പല കോളനികളിലും ഇന്നും ഉച്ചനീചത്വം നിലവിലുണ്ട്.

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല, വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വർദ്ധിച്ചിട്ടുണ്ട്. S S L C ക്ക് ശേഷം തുടർന്ന് കൂടുതൽ പഠിക്കാൻ താല്പര്യം കാണിക്കുന്നില്ല. സാക്ഷരത 100% കൈവരിച്ചെങ്കിലും ഇന്ന് നിരക്ഷരതരുടെ എണ്ണം കൂടിക്കൂടി വരുന്നുണ്ട്.

തൊഴിൽ

കാഷ്ടിക മേഖലയിലാണ് കൂടുതൽ അംഗങ്ങളും തൊഴിൽ എടുക്കുന്നത്. എന്നാൽ ഇന്ന് കാഷ്ടിക മേഖലയിൽ തൊഴിലവസരം കുറഞ്ഞ് വരുന്നതിനാൽ മറ്റ് മേഖലയിൽ തൊഴിലുകൾ കണ്ടെ

ത്തേണ്ടതുണ്ട്. ഇതര സർക്കാർ വകുപ്പിലും, മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ചുരുക്കം ആളുകൾക്ക് തൊഴിൽ കിട്ടിയിട്ടുണ്ട്. വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ പട്ടികജാതിക്കാരുടേതായി മൗവേനിയിൽ ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മൂലധനത്തിന്റെ അഭാവംകൊണ്ട് അതും പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു. പ്രസ്തുത സംഘത്തിൽ സർക്കാർ സാമ്പത്തിക സഹായം നല്കി പരമ്പരാഗതമായ ''പായ നെയ്ത്ത്'' കൊട്ട മുതലായ കൈ തൊഴിലുകളും പ്രോത്സാഹിപ്പിച്ചാൽ കൂടുതൽ അംഗങ്ങൾക്ക് തൊഴിലവസരം ലഭിക്കും.

പാർപ്പിടം

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 515 കുടുംബങ്ങൾക്ക് വീട് (പട്ടികജാതികൾ) ആവശ്യമുണ്ട്. അതുപോലെ തന്നെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും. സർക്കാർ അനുവദിക്കുന്ന ഗ്രാൻറ് കൊണ്ട് വീട് പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. കോളനി നിവാസികൾക്ക് കൈവശഭൂമിക്ക് രേഖയില്ലാത്തത് കൊണ്ടും സ്വന്തം പേരിൽ സ്ഥലമില്ലാത്തതുകൊണ്ടും വീടുകൾ ലഭിക്കുന്നതിന് പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്.

I. H. D. P. കോളനികൾ

പഞ്ചായത്തിൽ മൂന്ന് I. H. D. P. കോളനികൾ ഉണ്ട്. 1) മൗവേനി 2) എളേരിത്തട്ട്-മയിലു വളളിതൊട്ടി 3) അട്ടക്കാട് കൊളങ്ങര-പുന്നക്കുന്ന്.

മൂന്ന് കോളനികളിലും സൗജന്യമായി വൈദ്യുതികണക്ഷൻ നല്കിയിട്ടുണ്ട്. മറ്റ് കോളനികളിലും സ്വന്തം നിലയ്ക്കും അല്ലാതെയും വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

കോളനികളുടെ വിവരങ്ങൾ അടങ്ങിയ പട്ടികകൾ

പട്ടിക-1

വാർഡ് നമ്പർ		കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
I	1	മേലട്ടക്കം	12	30
II	1	പുത്തരിയംകല്ല്	12	50
III	1	മൗക്കോട്	8	44
	2	പെരളം	13	80
	3	പൂങ്കോട്	12	74
	4	കുട്ടമേനി	16	90
	5	കരുമുണ്ടക്കേയം	5	20
	6	മണാട്ടിക്കവല	10	56
	7	കമ്മാടം	6	31
IV	1	ജീരകപ്പാറ	9	64
	2	ചെന്നട്ടക്കം	10	108
	3	തലോലപൊയിൽ	10	88
	4	വരക്കാട്	9	68
	5	വരക്കാട് തട്ട് (56 തട്ട്)	7	48
	6	ഏച്ചിപൊയിൽ	8	54

വാർഡ് നമ്പർ		കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
V	1	കുവപ്പാറ	12	60
VI	1	നരമ്പച്ചേരി	11	66
	2	പ്ലാച്ചിക്കര	10	54
	3	ആവുള്ളക്കോട്	10	58
	4	അട്ടക്കാട്	24	126
	5	കൊളങ്ങര	10	53
	6	കുളിപ്പാറ	10	52
	7	പുതുകുന്ന്	22	132
VII	1	പാട്ടത്തിൽകുന്ന്	11	59
	2	മൗവേനി	18	90
	3	കള്ളാർമുണ്ട	9	54
	4	മറുവാട്ടം	5	25
VIII	1	കൊറത്തിമട	11	76
	2	മാവ്വളപ്പ്	18	93
	3	തൊട്ടി	18	89
	4	ചെറിയതൊട്ടി	22	110
	5	മയിൽവള്ളി	19	88
	6	അടുക്കളംപാടി	13	55
	7	കുണ്ട്തടം	15	76
	8	നർക്കിലക്കാട്	9	76
IX	1	കോട്ടമല	15	57
	2	കാവ്കാട്	12	63
	3	വളഞ്ഞങ്ങാനം	14	60
	4	കാവുന്തല	16	68
	5	കൊളത്തുകാട്	18	72
	6	മുടന്തൻപാറ	17	72
	7	കിണറെറാടി	18	88
X	1	പുന്നക്കുന്ന്	10	42
	2	കൊടിയൻകുണ്ട്	10	41
	3	പുങ്ങംചാൽ	11	41
	4	അടുക്കളക്കണ്ടം	8	38
	5	നാട്ടക്കൽ	12	45
	6	നാട്ടക്കൽകുന്ന്	11	41
	7	ചീർക്കയം	10	35

വാർഡ് നമ്പർ		കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
XI	1	പറമ്പ്	16	64
	2	ഒറ്റകവുങ്ങ്	15	52
	3	കുറിത്താനി	14	44
	4	ആലത്തടി	14	45
	5	അതിരുമാവ്	12	43
	6	മുട്ടോംകടവ്	12	37
	7	കാറ്റാംകവല	12	47
	8	ചാമക്കുളം	10	31
	9	ചെണ്ടിക്കുന്ന്	14	61
	10	ചട്ടമല	14	61
ആകെ	59	കോളനികൾ	739	3686

പുർപ്പിടം

പട്ടിക-2

വാർഡ് നമ്പർ	കോളനിയിലെ ആകെ വീടുകളുടെ എണ്ണം	ഓട് മേഞ്ഞ വീടുകളുടെ എണ്ണം	ഓല മേഞ്ഞ വീടുകളുടെ എണ്ണം
I	15	8	7
II	9	5	4
III	70	20	50
IV	53	25	28
V	12	4	8
VI	97	37	60
VII	43	8	35
VIII	125	52	73
IX	110	25	85
X	72	17	55
XI	133	23	110
ആകെ	739	224	515

കോളനികളിൽ പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങൾക്കും വീടുകൾ ആവശ്യമുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ

പട്ടിക-3

വാർഡ് നമ്പർ	വീടുകളുടെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം	ആവശ്യമുള്ള കിണർ	കുഴൽ കിണർ	ടാങ്ക്
I	15	2	13	1	1	—
II	9	3	6	1	1	
III	70	12	58	3	1	—
IV	53	10	40	1	—	—
V	12	2	10	—	—	—
VI	97	20	77	2	1	—
VII	43	3	40	3	1	—
VIII	125	22	103	2	1	—
IX	110	15	95	4	2	—
X	72	11	61	2	1	
XI	133	16	117	6	5	1
ആകെ	739	116	623	25	13	1

കോളനിയിലെ പ്രശ്നങ്ങൾ

1 വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടും കോളനിയിൽ നിരക്ഷരത നിലനിൽക്കുന്നു.

2 കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞ് വരുന്നു.

3 എല്ലാവർക്കും സ്വന്തമായി വീടില്ല? വീട് വെയ്ക്കാൻ സ്ഥലമില്ല. വീടിനുവേണ്ടി അനുവദിക്കുന്ന ഗ്രാൻറ് കൊണ്ട് പണി പൂർത്തിയാക്കാൻ സാധിക്കുന്നില്ല.

4 പ്രാഥമിക സൗകര്യങ്ങളും ഇല്ല.

5 കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

6 പൊതു ശ്മശാനം ആവശ്യമായതില്ല.

7 കൈവശ ഭൂമിക്ക് പട്ടയം ഇല്ല.

8 നിർദ്ധന കുടുംബത്തിലെ അംഗങ്ങൾക്ക് ചികിത്സക്കും, പെൺമക്കളുടെ വിവാഹത്തിനും ധന സഹായം, വിധവ വാർദ്ധക്യകാല പെൻഷൻ അർഹരായവർക്ക് യഥാസമയം കിട്ടുന്നില്ല.

9 IRDP പദ്ധതി മുഴുവൻ പേർക്കും ലഭിക്കുന്നില്ല. ലഭിച്ചവർ തന്നെ പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കുന്നില്ല.

10 പട്ടികജാതി വികസന കോപ്പറേഷൻ, ഹരിജന ക്ഷേമം എന്നീ വകുപ്പുകൾ മുഖേന അഭ്യസ്ഥ വിദ്യരായ യുവതി യുവാക്കൾക്ക് നൽകി വരുന്ന വായ്പയും ധനസഹായം കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നില്ല.

11 പോഷകാഹാരക്കുറവ്.

12 സാമ്പത്തികമായി വളർച്ചയില്ലായ്മ.

നിർദ്ദേശങ്ങൾ

1 കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക

2 പരമ്പരാഗത തൊഴിലുകളായ കൊട്ട, പായ നെയ്ത്ത്, തേനീച്ച, കോഴി വളർത്തൽ എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുക

3 കൃഷിഭൂമി പഞ്ചായത്ത് പാട്ടത്തിനു് എടുത്ത് കൃഷി വകുപ്പ് മുഖേന സൗജന്യമായി വിത്തുകളും വിതരണം ചെയ്ത് കാർഷിക മേഖലയിൽ തൊഴിൽ അവസരം സൃഷ്ടിക്കുക

4 കോളനിയിലെ പെൺകുട്ടികൾക്ക് കൈ തൊഴിൽ പരിശീലനം നൽകുക അവരുടെ സഹകരണ സംഘങ്ങളും രൂപീകരിക്കുക

5 തൊഴിൽ ആവശ്യങ്ങൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകളും തുടങ്ങി തൊഴിൽ ശാലകളും ആരംഭിക്കുക

6 യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ തൊഴിലുകളിൽ പരിശീലനം നൽകുക

7 അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വ്യവസായ പരിശീലനം നൽകുക

8 സ്ത്രീകളുടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനു് DWCRA ഗ്രൂപ്പ് ആക്കുവാനോ പോലെയുള്ള പദ്ധതികളും നടപ്പിലാക്കുക

9 പട്ടികജാതി സഹകരണ സംഘങ്ങളും ആവശ്യമായവ രൂപീകരിച്ച് സക്കാരിന്റെ ഓഹരി മൂലധനം വർദ്ധിപ്പിച്ച് വായ്പാ സമ്പ്രദായം ഏർപ്പെടുത്തി കാർഷിക മേഖലയിൽ വളർച്ച ഉണ്ടാക്കുകയും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുക

10 കോളനിയിൽ ഉണ്ടാകുന്ന ഉല്പന്നങ്ങളും സഹകരണസംഘം മുഖേന സംഭരിച്ച് ഉല്പാദകരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുക.

11 കുടിവെള്ളക്ഷാമം പരിഹരിക്കാൻ കോളനികളും കേന്ദ്രീകരിച്ചുകൊണ്ട് വാർഡുകളിൽ മിനിവാട്ടർ സ്കീം നടപ്പിലാക്കുക.

12 കോളനിയിലെ റോഡുകളും ഗതാഗതയോഗ്യമാക്കുക.

13 വീട് നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുക. വീടിനോടനുബന്ധിച്ച് കക്കൂസുകളുടെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുക.

14 വീടുകൾക്ക് അറ്റകുറ്റ പണികളും നടത്തുന്നതിനു് സാമ്പത്തിക സഹായം അനുവദിക്കുക. ഭവന നിർമ്മാണത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ സമിതി ഉണ്ടാക്കി നേരിട്ട് വീട് പണിയുക.

15 പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്തുകയും ആവശ്യമായ ജീവനക്കാരെ അനുവദിക്കുകയും ചെയ്യുക.

16 പൊതു ശ്മശാനം നിർമ്മിക്കുക. (1, 2, 5, 7 വാർഡുകളും ഒഴികെ)

17 കോളനിയിൽ മണ്ണ്, ജലം സംരക്ഷിക്കുക.

18 വായനശാലകളും സ്ഥാപിക്കുക.

19 വൈജ്ഞാനിക പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്യുക.

20 കൃഷിഭൂമി നന്നാക്കാൻ ആവശ്യമായ പദ്ധതികളും ആസൂത്രണം ചെയ്യുക.

21 പട്ടികജാതി വികസന വകുപ്പ് മുഖേനയും പട്ടികജാതി കോപ്പറേഷൻ മുഖേന നൽകുന്ന വായ്പകളും ധനസഹായവും ഏകോപിപ്പിച്ച് പദ്ധതികൾ ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കുക. പ്രസ്തുത വായ്പക്കുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുക.

22 വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് ബന്ധപ്പെട്ട സ്കൂളിലെ P T A ഏറെടുത്ത് ബോധവൽക്കരണത്തിലൂടെ തടയുക.

23 അഭ്യസ്ത വിദ്യരായവരുടെ സേവനം കോളനിയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

24 കോളനിയിൽ ജന ശിക്ഷണ നിലയങ്ങൾ സ്ഥാപിക്കുക.

25 കോളനികളിൽ വൈദ്യുതികരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

26 പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് ഹോസ്റ്റൽ സ്ഥാപിക്കുക.

27 S S L C യും അതിന് മുകളിൽ പഠനം നടത്തുന്നതിന് പ്രോത്സാഹനം നല്കുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ്)

28 കോളനി നിവാസികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക.

29 നേഴ്സറി സ്കൂൾ, ബാലവാടികൾ സ്ഥാപിക്കുക.

30 ബാലവാടിയിൽ കൂടി പോഷകാഹാരം വിതരണം ചെയ്യുക.

31 കോളനികളിൽ ബോധവൽകരണ ക്യാമ്പുകൾ നടത്തുക.

32 ആവശ്യമായ കക്കൂസുകൾ എല്ലാ കുടുംബങ്ങൾക്കും നിർമ്മിച്ചുകൊടുക്കുക.

33 പാരമ്പര്യ വൈദ്യന്മാർക്ക് പച്ചമരുന്ന് വെച്ച് പിടിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക ആവശ്യമായ സാമ്പത്തിക സഹായം നല്കുക.

34 തെയ്യം മുതലായ തനത കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക. ആവശ്യമായ സാമ്പത്തിക സഹായം നല്കുക.

35 ക്ഷീര വികസന വകുപ്പ് മുഖേന എല്ലാ കോളനികളിലും സൗജന്യമായി പശുക്കളെ വിതരണം ചെയ്യുക.

36 ക്ഷീര വികസന വകുപ്പിന്റെ കീഴിൽ നല്കുന്ന പരിശീലനത്തിൽ മുൻഗണന നല്കി കോളനിയിൽ ഉല്പാദനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുക. (പാൽകൊണ്ടുള്ള ഉല്പന്നം)

37 ജനസംഖ്യയുടെ ആനുപാതത്തിൽ പട്ടിക ജാതിക്കാരുടെ ക്ഷേമത്തിന് തുക വകയിരുത്തുക.

38 മുൻഗണന ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കുക.

39 അന്ധവിശ്വാസങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക.

40 കോളനികളിൽ മഹിളാസമാജങ്ങൾ രൂപീകരിക്കുകയോ മറ് സംഘടനകളിൽ അംഗങ്ങളാകുകയോ ചെയ്യുക.

41 56 കോളനികൾ.

IV-ാം വാർഡിൽ ചെന്നടുക്കത്ത് കമ്മ്യൂണിറ്റിഹാളും T. V. സെറ്റും സ്ഥാപിക്കുക

V-ാം വാർഡിൽ കുവപ്പാറയിൽ DWCRA യൂണിറ്റ് രൂപീകരിച്ച് സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക

VI-ാം വാർഡിൽ കുളിപ്പാറ കോളനിയിൽ സാംസ്കാരിക നിലയവും T. V. സെറ്റും സ്ഥാപിക്കുക

VIII-ാം വാർഡിൽ ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുക നക്കിലക്കാട് ആസ്ഥാനമാക്കി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സ്ഥാപിക്കുക ചീർക്കയം പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുക. ചീർക്കയം എൽ. പി. സ്കൂൾ സ്ഥാപിക്കുക

XI-ാം വാർഡിൽ 6 കിണറുകളും 5 കുഴൽ കിണറുകളും നിർമ്മിക്കുക. അതിരുമാവ് കോളനിയിൽ ഏക അദ്ധ്യാപനസ്കൂൾ അനുവദിക്കുക. പറമ്പ കോളനിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക. ഒറക്കവുങ്ങ് കോളനിയിൽ ഒരു വറ്റാത്ത കുളമുണ്ട്. പ്രസ്തുത കുളം മൈനർ ഇറിഗേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ജലസേചനം നടത്തിയാൽ 100 കുടുംബങ്ങൾക്ക് പ്രയോജനം കിട്ടും

9-ാം പദ്ധതിയിൽ കോളനികളിൽ വിദ്യാഭ്യാസത്തിനും പാർപ്പിടം കുടിവെള്ളം എന്നിവയ്ക്ക് മുൻതൂക്കം നൽകുക.

9-ാം വാർഡിൽ ഒരു കമ്മ്യൂണിറ്റി ഹാളും എൽ. പി. സ്കൂളും അനുവദിക്കുക

3-ാം വാർഡിൽ കുടമേനി കമ്മ്യൂണിറ്റി ഹാളും T. V. യും അനുവദിക്കുക





5.12

വിഭവ സമാഹരണം

സമീപ പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വെസ്റ്റ് എളേരി പഞ്ചായത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു 'ബി' ഗ്രേഡ് പഞ്ചായത്താണ്.

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

നമ്പർ	ഇനം	ധനാഭ്യർത്ഥന	പരിച്ചത്
1	കെട്ടിട നികുതി	147461.43	147461.43
2	സർവ്വീസ് ചാർജ്ജ്	7222.57	7222.57
3	തൊഴിൽ നികുതി	77288.00	77288.00
4	വിനോദ നികുതി	125.00	125.00
5	പ്രദർശന നികുതി	220.00	220 00
6	ചന്ത വരവ്	131.00	131.00
7	ലൈസൻസ് ഫീസ്	15477.00	15477.00
8	വസ്തു കൈമാറ്റ നികുതി 75%	178129.00	178129.00
9	വസ്തു കൈമാറ്റ നികുതി 25%	134925.00	134925.00
10	സർക്കാർ ഗ്രാൻഡ് ഒഴികെയുള്ള മറ്റു വിവരങ്ങൾ	63249.25	63249.25
11	സംഭാവന	50000.00	50000.00
12	ഡെപ്പോസിറ്റ്	16225.00	16225.00
13	മറ്റുള്ളവ	1344784.00	1344784.00
	ആകെ	2035237.25	2035237.25

ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

നമ്പർ	ഇനം	തുക	ശതമാനം
1	ഭരണം	411842.00	19.38%
2	പൊതുമരാമത്ത്	1630753.00	76.77%
3	വിദ്യാഭ്യാസം	21733.00	1.02%
4	പൊതുജനാരോഗ്യം, ജലവിതരണം, ഓടകൾ	19231.00	0.91%
5	തെരുവുവിളക്കുകൾ	3411.00	0.16%
6	മറ്റുള്ളവ	37025.00	1.76%
	ആകെ	2123995.00	100%

കഴിഞ്ഞ ആറ് വർഷത്തെ വരുമാനത്തെയും ചെലവിനെയും സൂചിപ്പിക്കുന്ന ഒരു ഏകദേശ രൂപം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	വരവ്	ചെലവ്
1990-91	10-84 ലക്ഷം	8-86 ലക്ഷം
1991-92	12-62 ലക്ഷം	8-46 ലക്ഷം
1992-93	18-16 ,,	10-78 ,,
1993-94	22-74 ,,	15-21 ,,
1994-95	27 42 ,,	22-60 ,,
1995-96	25-30 ,,	21-23 ,,

സർക്കാർ ഗ്രാന്റുകളെ സംബന്ധിച്ച വിവരങ്ങൾ (1995-96)

വരവ്	തുക	ചിലവ്	തുക
V R M	21064	V R M	21064
M I	100	M I	—
S R V കമ്പിപ്പാലം	200000	S R V കമ്പിപ്പാലം	200000
സ്റ്റാമ്പ് ഡ്യൂട്ടി 75%	178129	സ്റ്റാമ്പ് ഡ്യൂട്ടി	178129
സംഭാവന	50000	സംഭാവന	50000
അടിസ്ഥാന നികുതി	134925	അടിസ്ഥാന നികുതി	134925
അൺടൈഡ് ഫണ്ട്	324460	അൺടൈഡ് ഫണ്ട്	324460
ലൈബ്രറി	1710	ലൈബ്രറി	1710
പ്രകൃതിക്ഷോഭം	10000	പ്രകൃതിക്ഷോഭം	10000
എസ്റ്റാബ്ലിഷ്മെൻറ്	14839	എസ്റ്റാബ്ലിഷ്മെൻറ്	14839
ഓപ്പൺ എയർ തിയറ്റർ	10000		
ഫ്ളഡ്	294030	ഫ്ളഡ്	294030
V T C	431940	V T C	431940
ആകെ	1671197	ആകെ	1661097

ഈ പഞ്ചായത്തിൽ അഞ്ച് ബാങ്കുകൾ പ്രവർത്തിക്കുന്നതിൽ മൂന്നെണ്ണം വാണിജ്യ ബാങ്കുകളാണ്. നിക്ഷേപ വായ്പാ അനുപാതം സംസ്ഥാനത്തിന്റെ അനുപാതത്തെക്കാൾ ഉയർന്നതാണ്. 96 ജൂൺ മുതൽ പഞ്ചായത്തിലെ വരക്കാട് 'ശ്രീ. വള്ളിയോടൻ ഫിനാൻഷിയേഴ്സ്' എന്ന പേരിൽ ഒരു സ്വകാര്യ ധനകാര്യ സ്ഥാപനം പ്രവർത്തിച്ചു വരുന്നു.

വെസ്റ്റ് എളേരി പഞ്ചായത്തിൽ നിന്നും ഗൾഫ് നാടുകളിൽ പോയി ജോലി ചെയ്യുന്നവരുടെ സാമ്പത്തിക ചുറ്റുപാടുകളെപ്പറ്റി പറയുകയാണെങ്കിൽ നാമമാത്രമായ വരുമാനമാണ് പലർക്കും. അതിനാൽ ആ മേഖലയിൽ നിന്നുള്ള വിഭവ സാധ്യത പരിമിതമാണ്.

നമ്മുടെ പഞ്ചായത്തിൽ സന്നദ്ധ പ്രവർത്തനത്തിനായി മാനുഷിക വിഭവങ്ങൾ വലിയ തോതിൽ പ്രയോജനപ്പെടുത്താൻ സാധിക്കും നവംബർ ഒന്നിന് നടന്ന പുനരർപ്പണ പ്രവർത്തനവും അതിനു മുമ്പുനടന്ന പല പ്രവർത്തനങ്ങളും പ്രത്യേകിച്ച് ബസ് സ്റ്റാൻറ് സ്ഥലമെടുപ്പും മറ്റും അതിനുദാഹരണമാണ്.

നമ്മുടെ പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും പി. ടി. എ. യുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഉദാഹരണമായി കോട്ടമല സ്കൂളിൽ കുടിവെള്ളത്തിനുവേണ്ടി കിണർ കുഴിച്ചത്, വരക്കാട് ഹൈസ്കൂളിലെ ഗ്രൗണ്ടിൻെറ പ്രവർത്തനം, സ്കൂളിലേക്കുള്ള റോഡിന് സ്ലാബ് നിർമ്മാണം തുടങ്ങിയവ. തുടർന്നും ഇങ്ങനെയുള്ള പ്രവർത്തനം പ്രതീക്ഷിക്കാവുന്നതാണ്.

വിഭവ സമാഹരണ രംഗത്ത് ഒരുപാട് പ്രശ്നങ്ങൾ ഇന്ന് പഞ്ചായത്തിലുണ്ട്.

— പഞ്ചായത്തിൻെറ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്ക.
— ഇടത്തട്ടുകാർ (കോൺടാക്ടർമാർ) രംഗത്തിയെടുക്കുന്ന അമിതലാഭം.
— ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
— സുതാര്യതക്കുറവ്.

ഈ രംഗത്ത് എന്തെല്ലാം സാധ്യതകൾ ഉണ്ടെന്നുള്ളതിനെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും.

1 നികുതി പിരിവ് നിയമാനുസൃതവും ശാസ്ത്രീയമായ രീതിയിലും പരിഷ്ക്കരിക്കണം. ആ രംഗത്തുള്ള തട്ടിപ്പുകൾ പരിശോധിക്കണം.
2 ഷോപ്പിംഗ് കോംപ്ലക്സ്, തിയറ്റർ തുടങ്ങിയ സേവന രംഗങ്ങൾ സൃഷ്ടിച്ച് അവയ്ക്ക് ചാർജ്ജ് ഈടാക്കണം.
3 പഞ്ചായത്ത് നിയമം നല്കുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തൽ.
4 സന്നദ്ധ പ്രവർത്തനങ്ങൾ വലിയ തോതിൽ സംഘടിപ്പിക്കണം.
5 ആരോഗ്യ-വിദ്യാഭ്യാസ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കൽ.
6 ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോണെടുക്കാനുള്ള പ്രത്യേക സംവിധാനം ഉണ്ടാക്കുക
7 പഞ്ചായത്തിൻെറ ചെലവുകൾ സുതാര്യമാക്കാനുള്ള നടപടികൾ ആവിഷ്ക്കരിക്കുക. ഗ്രാമ സഭകളിലും മറ്റും ശരിയായ കണക്കുകൾ അവതരിപ്പിക്കണം
8 പുഴകളിൽ നിന്നും വെള്ളം പമ്പു ചെയ്യുന്നവർക്ക് ചെറിയ തോതിൽ നികുതി ഏർപ്പെടുത്താവുന്നതാണ്
9 ഗ്രാമ പഞ്ചായത്തിലെ വളർത്തു പട്ടികൾക്കെല്ലാം നിർബന്ധ കുത്തിവയ്പും ലൈസൻസും ഏർപ്പെടുത്തി ഫീസ് ഏർപ്പെടുത്തേണ്ടതാണ്
10 അനധികൃത അറവുശാലകൾക്ക് ഫീസ് ഏർപ്പെടുത്താവുന്നതാണ്
11 അംഗീകാരമില്ലാത്ത ധാരാളം ചിട്ടികൾ നാട്ടിൽ നടക്കുന്നുണ്ട്. അവയ്ക്ക് ഫീസ് ഏർപ്പെടുത്താവുന്നതാണ്
12 പഞ്ചായത്തതിർത്തിയിലുള്ള വാഹനങ്ങളെല്ലാം ഗവ: അംഗീകാരത്തോടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും നിശ്ചിത ഫീസ് ചുമത്തുകയും ചെയ്യുക
13 നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നാട്ടുനടക്ക വസ്തു കൈമാറ്റങ്ങളിൽ പ: രാ: 206-ാം വ്യവസ്ഥകൾ പ്രകാരം അഞ്ചു ശതമാനം കരം ചുമത്താവുന്നതാണ്
14 ഉപഭുനികുതി പ: രാ: 201 പ്രകാരം ലാൻറ് സെസ്സ് ചുമത്താവുന്നതാണ്
15 പ: രാ: 202 പ്രകാരം ഭൂമിയുടെ അടിസ്ഥാന നികുതിയുടെ 75 ശതമാനം സർക്കാരിൽ നിന്ന് കിട്ടേണ്ടതാണ്
16 തൊഴിൽ നികുതി അർഹരായ മുഴുവൻ ആൾക്കാരിൽ നിന്നും പിരിക്കേണ്ടതാണ്
17 വീടുകൾക്ക് യഥാർത്ഥ നികുതി ചുമത്തി പിരിച്ചെടുക്കുക
18 പഞ്ചായത്തിലെ സാങ്കേതിക പ്രവർത്തി ഒഴികെ മറ്റ് പണികളുടെ മുപ്പത് ശതമാനം അതാത് പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കണം.

6

ഉപസംഹാരം

വികസനത്തിന്റെ പോരായ്മകളെപ്പറ്റി ഏറെ ചർച്ച ചെയ്യപ്പെട്ടിരിക്കുകയാണ്. സർവ്വീസ് മേഖലകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയും കൃഷി, വ്യവസായം എന്നീ മേഖലകളുടെ വളർച്ചയിലൂടെയും മാത്രമേ നമുക്ക് സ്ഥായിയും ദ്രുതഗതിയിലുള്ളതും നീതിപൂർവ്വകമായ വികസന സങ്കല്പം സാക്ഷാല്ക്കരിക്കാൻ കഴിയൂ.

ഉദ്യോഗസ്ഥ മേധാവിത്വത്തിലൂന്നിയ വികസനനയം പൊളിച്ചെഴുതി സാധാരണക്കാരന്റെ കണ്ടറിവിന്റെയും കേട്ടറിവിന്റെയും അടിസ്ഥാനത്തിൽ കൂട്ടായ്മയിലൂടെ ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്ക്കാരം കരുപ്പിടിപ്പിക്കാനുള്ള പേറുനോവാണ് ഗ്രാമസഭകളിൽ മുഴങ്ങി കേട്ടത്. വികസനരംഗത്തെ ഈ പുത്തൻ ഉണർവ് ഈ ആവേശം പരമാവധി പ്രയോജനപ്പെടുത്തുവാൻ നമുക്ക് സാധിക്കണം.

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് വരുമാനവും ചെലവുമായി പൊരുത്തപ്പെട്ടു പോകാൻ പ്രയാസപ്പെടുന്ന ഒരു പഞ്ചായത്താണ്. സർക്കാർ സഹായമാണ് പഞ്ചായത്തിന്റെ വികസന പ്രവർത്തന മൂലധനം. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ മുഴുവൻ നിറവേറ്റണമെങ്കിൽ കേവലം പഞ്ചായത്ത് ഫണ്ട് കൊണ്ട് സാധ്യമല്ല. വികസന രംഗത്ത് കക്ഷി രാഷ്ട്രീയ ഭേദമന്യേ പ്രവർത്തിക്കേണ്ട ആവശ്യകത ഇവിടെയാണ്.

സ്വന്തമായി വീടില്ലാത്ത, കക്കൂസില്ലാത്ത, കുടിവെള്ളം ലഭിക്കാത്ത നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സമൂഹത്തിലെ സമസ്ത ജനവിഭാഗത്തിന്റെയും ഐക്യം രൂപം കൊള്ളുന്ന പദ്ധതി, പ്രാദേശിക അസന്തുലിതാവസ്ഥയും മുൻഗണനാക്രമങ്ങൾ ഇല്ലായ്മയും മൂലം ഉണ്ടായ മുരടിപ്പ് വസ്തുനിഷ്ടമായ പരിശോധനയിലൂടെ തിരുത്തപ്പെടാനുള്ള പദ്ധതി, നമ്മുടെ പഞ്ചായത്തിന്റെ നാനാമുഖമായ സമഗ്ര വികസനത്തിനുള്ള പദ്ധതി ഈ സെമിനാറോടെ രൂപം കൊള്ളും. അതിന്റെ അടിസ്ഥാനത്തിൽ വികസന രംഗത്ത് ഒരു പുതിയ വേലിയേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിയും. വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസന റിപ്പോർട്ട് ചർച്ചയ്ക്കും ക്രിയാത്മക നിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു.....

കാസർഗോഡ് ജില്ല

